# Vol. 1

# സർക്കുലർ

***Circular Letter No. 02/2009***
***Prot. No. 7621/2009***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കേരള കത്തോലിയ്ക്കാ യുവജന സംഘടനയായ കെ.സി.വൈ.എം. വളരെ സജീവമായി നമ്മുടെ രൂപതയിലും പ്രവർത്തിക്കുന്ന വിവരം നിങ്ങൾക്കേവർക്കും അറിവുള്ള കാര്യമാണല്ലോ. സഭയുടേയും സമൂഹത്തിന്റേയും ഭാവി ഇന്നത്തെ യുവജനങ്ങളുടെ കൈകളിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന് പറഞ്ഞാൽ അത് അതിശയോക്തിയാകുകയില്ല. ഇത്തരുണത്തിൽ കെ.സി.വൈ.എം. രൂപതാഡയറക്ടർ കൊല്ലാർതോട്ടം ബഹുമാനപ്പെട്ട സണ്ണിയച്ചനെയും ആനിമേറ്റർ ബഹുമാനപ്പെട്ട സിസ്റ്റർ മോളിയേയും രൂപത ഭാരവാഹികളായി പുതുതായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പ്രസിഡന്റ് :- അനീഷ് ഒമക്കര, വൈസ് പ്രസിഡന്റ് :- ലിജി കളരിക്കൽ - വിളമ്പുകണ്ടം, ജനറൽസെക്രട്ടറി :- സജിൻ ജോസ് ചാലിൽ -പയ്യമ്പള്ളി, സെക്രട്ടറിമാർ:- റിൻസി കൊച്ചുകുടിയിൽ -പ്രശാന്തഗിരി, സന്തോഷ് ഞാറക്കുളം - ചെന്നലോട്, ട്രഷറർ: - ഷിന്റോ മുള്ളൻങ്കുഴിയിൽ-കരിമ്പിൽ, കോർഡിനേറ്റർ:- ജെസോയി മൂങ്ങനാനിയിൽ -വാഴവറ്റ. എന്നിവരേയും നന്ദിപൂർവ്വം ഓർക്കുകയും അവർക്ക് എല്ലാവിധ ദൈവാനുഗ്രഹവും വിജയവും നേരുകയും ചെയ്യുന്നു. അതോടൊപ്പം യുവജനങ്ങളുടെ ക്രൈസ്തവവും ധാർമ്മികവുമായ രൂപീകരണത്തിൽ അതീവ ശ്രദ്ധ പുലർത്തുന്ന ബഹുമാനപ്പെട്ട ഫൊറോനാ ഡയറക്ടർമാരേയും വികാരിയച്ചന്മാരേയും കെ. സി. വൈ. എം. പ്രവർത്തകരായ എല്ലാ യുവജനങ്ങളേയും ഏറെ സ്നേഹത്തോടെ ഓർക്കുന്നു.

എല്ലാവരും ഒരേ മനസ്സോടെയും ഒരേ ലക്ഷ്യത്തോടെയും കഠിനാദ്ധ്വാനം ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ അത്ഭുതങ്ങൾതന്നെ പ്രവർത്തിയ്ക്കാൻ കഴിയും എന്നത് നിസ്സംശ

യമാണ്. കേവലം 47 വയസ്സ് മാത്രം പ്രായമുള്ളയാളും ഒരു ആഫ്രിക്കൻ കുടിയേറ്റക്കാരന്റെ മകനുമായ ഇപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റ് ശ്രീ. ബരാക് ഒബാമയ്ക്ക് ആ പദത്തിൽ എത്താൻ കഴിഞ്ഞെങ്കിൽ തത്തുല്ല്യമായ രീതിയിൽ ഉയരാൻ നമുക്കും കഴിയും. കടുത്ത വർണ്ണവിവേചനം നിലവിലിരുന്ന രാജ്യമാണ് അമേരിയ്ക്ക. കറുത്ത വർഗ്ഗക്കാരുടെ അവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിച്ച ശ്രീ. മാർട്ടിൻ ലൂതർ കിംഗ് അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ പേരിൽ വെടിവച്ച് കൊല്ലപ്പെട്ടിട്ട് കഷ്ടിച്ച് അരനൂറ്റാണ്ട് മാത്രമേ ആയിട്ടുള്ളു എന്ന വസ്തുത നാം ഓർക്കണം. പക്ഷേ അദ്ദേഹത്തിനൊരു സ്വപ്നമുണ്ടായിരുന്നു. ആ സ്വപ്നത്തിന്റെ പൂർത്തീകരണമാണ് നാം പ്രസിഡന്റ് ഒബാമയിൽ കാണുന്നത്. ആ സ്വപ്നം എന്നും ഹൃദയത്തിൽ കൊണ്ടു നടന്ന ആളായിരുന്നു ശ്രീ. ഒബാമ. നമ്മുടെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം നിരന്തരം നമ്മുടെ രാജ്യത്തെ ജനങ്ങളെ പൊതുവിലും കുട്ടികളെ പ്രത്യേകമായും ഓർമ്മപ്പെടുത്തിയിരുന്ന ഒരു കാര്യമാണ്, നാമെല്ലാം സ്വപ്നം കാണുന്നവരാകണം എന്നത്. കേവലം ദിവാസ്വപ്നങ്ങളല്ല, പ്രത്യുത നമ്മുടെ വ്യക്തിജീവിതത്തെപ്പറ്റിയും സമൂഹജീവിതത്തെപ്പറ്റിയും സഭാജീവിതത്തെപ്പറ്റിയും മറ്റും ഉള്ള പുരോഗമന ചിന്തകളാണവ. സ്ഥിരോത്സാഹവും കഠിനാദ്ധ്വാനവും ഉണ്ടെങ്കിൽ നമ്മുടെ സ്വപ്നങ്ങളെ യാഥാർത്ഥ്യങ്ങളാക്കി മാറ്റാൻ നമുക്ക് ബുദ്ധിമുട്ടുണ്ടാകുകയില്ല. നമ്മുടെ യുവജനങ്ങൾ സ്വപ്നം കാണുന്നവരും അവ യാഥാർത്ഥ്യമാക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്നവരുമാകണം. അതിന് നാമവരെ പ്രാപ്തരാക്കണം. കെ.സി.വൈ.എം. അതാണ് ലക്ഷ്യം വയ്ക്കുന്നത്.

കെ.സി.വൈ.എം. മാനന്തവാടി രൂപതായൂണിറ്റ് ഈ വർഷം സംഘടനാ ശാക്തീകരണ വർഷമായി ആചരിയ്ക്കുകയാണ്. യുവജനം വിശ്വാസതീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന് എന്ന പഠനവിഷയവുമായി പ്രവർത്തനരംഗത്തിറങ്ങുന്ന ഈ യുവജന പ്രസ്ഥാനം മനുഷ്യമഹത്വം, മതേതരത്വം, സന്നദ്ധസേവനം എന്നീ മേഖലകളിൽ ഊന്നൽ കൊടുത്ത് ഈ വർഷം രൂപതയിൽ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുവാനും ക്രിയാത്മകമാക്കാനും ആയിട്ടാണ് ഇപ്രകാരമൊരു വർഷാ

ചരണം പ്രഖ്യാപിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ഏവരുടേയും പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശ്രദ്ധ കൂടുതൽ ഉണ്ടാകണം എന്ന് ഓർമ്മപ്പെടുത്തട്ടെ. അതുപോലെതന്നെ മാതാപിതാക്കളും തങ്ങളുടെ യുവാക്കളായ മക്കൾ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് സർവ്വാത്മനാ സഹകരിക്കുകയും സഹായിക്കുകയും ചെയ്യണം. മിക്ക ഇടവകകളിലും സംഘടന വളരെ നന്നായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇനിയും യൂണിറ്റുകൾ സ്ഥാപിക്കപ്പെടാത്ത ഇടവകകളുണ്ട് എന്നറിയുന്നു. അവിടെയെല്ലാം എത്രയും വേഗം യൂണിറ്റുകൾ സ്ഥാപിക്കാൻ ബന്ധപ്പെട്ടവർ ഉത്സാഹിക്കണം. ഈ വർഷാവസാനത്തോടെ കെ.സി.വൈ.എം. യൂണിറ്റുകൾ ഇല്ലാത്ത ഒറ്റ ഇടവകയും ഉണ്ടാകാതിരിക്കട്ടെ.

യുവജനങ്ങളേ, ഇന്നത്തെ സമൂഹത്തെ നവീകരിക്കാൻ യേശുവിന് നിങ്ങളെ ആവശ്യമുണ്ട് എന്ന് പരിശുദ്ധപിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പറഞ്ഞത് നമുക്കോർക്കാം. പ്രിയ യുവജനങ്ങളേ, ക്രിസ്തുവിന് നിങ്ങളുടെ യുവത്വവും ഊർജ്ജസ്വലതയും ആവശ്യമുണ്ട്. സഹോദരർക്ക് നന്മ ചെയ്യാനുള്ള ക്രിസ്തുവിന്റെ വിളിയ്ക്ക് നിങ്ങളുടെ ജീവിതം സമർപ്പിച്ചുകൊണ്ട് നിങ്ങൾ പ്രത്യുത്തരം നൽകണം. കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ മൂല്യാധിഷ്ഠിതവും ധാർമ്മികതയിൽ അടിയുറച്ചതുമായ ശക്തമായ ഒരു യുവതലമുറ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇതിലേയ്ക്കാണ് കെ.സി.വൈ.എം. നിങ്ങളെ ക്ഷണിക്കുന്നത്.

1995-ൽ ഫിലിപ്പൈൻസ് സന്ദർശന വേളയിൽ വൈദികരോടായി ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറഞ്ഞു: *യുവജനങ്ങളുടെ പ്രതീക്ഷയ്ക്ക് പ്രത്യുത്തരം നൽകുന്നത് എങ്ങനെ എന്നറിവുള്ള സഭയാണ് ഇന്ന് ആവശ്യം.* പ്രിയപ്പെട്ട വൈദികരേ, യുവജനങ്ങളെ തുറന്ന മനോഭാവത്തോടെ നമുക്ക് സമീപിക്കാം. അവരുടെ പ്രശ്നങ്ങൾ, മാറുന്ന സാമൂഹ്യാവസ്ഥകൾ അവ അവരിൽ ചെലുത്തുന്ന സ്വാധീനങ്ങൾ എന്നിവയെല്ലാം മുൻവിധിയില്ലാതെ നാം മനസ്സിലാക്കണം. മുതിർന്നവർ യുവജനങ്ങളെ സ്നേഹിക്കാനും, ഉൾക്കൊള്ളാനും, കേൾക്കാനും സന്നദ്ധരാകണം.

അപ്പോഴാണ് യുവത്വം ശാന്തവും ദീപ്തവുമായി സമൂഹത്തിലേയ്ക്കിറങ്ങിവരുന്നത്.

ഈ സാഹചര്യത്തിൽ നിങ്ങളുടെ പ്രത്യേക ശ്രദ്ധയും താത്പര്യവും പ്രവർത്തനവും ഈ വർഷം സവിശേഷമായി നിങ്ങളുടെ ഇടവകയിലെ യുവജനങ്ങൾക്ക് നൽകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. മാനന്തവാടി കെ.സി.വൈ.എം. 2009 സംഘടനാ ശാക്തീകരണ വർഷമായി പ്രഖ്യാപിച്ച് സംഘടനയെ ശക്തിപ്പെടുത്താൻ നടത്തുന്ന പരിശ്രമങ്ങളോട് നമുക്കും സഹകരിക്കാം. 84 ഇടവകകളിൽ മാത്രമാണ് ഇപ്പോൾ കെ.സി.വൈ.എം. ശാഖകൾ ഉള്ളത്. അതു പോരാ. എല്ലാ ഇടവകകളിലും അതുണ്ടാകണം. യുവത്വം സംഘടിതമാകുമ്പോൾ ഇടവകയുടെ ജീവനും കരുത്തും വർദ്ധമാനമാകുന്നു എന്ന വസ്തുത നാം മറക്കാതിരിക്കേണ്ടതാണ്. അതുപോലെതന്നെ ഇടവകകളിൽ പ്രവർത്തിക്കുന്ന സ്ത്രീ-പുരുഷ സന്യസ്ത സമൂഹങ്ങളും ഇക്കാര്യത്തിൽ പ്രത്യേക താത്പര്യം എടുക്കേണ്ടതാണ്. ഇതെല്ലാം വികാരിയച്ചന്മാരുടെ മാത്രം കടമയാണ് എന്ന ചിന്തയോടെ മാറി നിൽക്കുന്നത് ഒട്ടും ശരിയല്ല. രൂപത നേതൃത്വത്തോട് ആത്മാർത്ഥമായി സഹകരിച്ചുകൊണ്ട് നമുക്ക് നമ്മുടെ യുവജനങ്ങളെ രൂപപ്പെടുത്തി വളർത്താം. അങ്ങനെ കെ.സി.വൈ.എമ്മിനെ സംബന്ധിച്ചിടത്തോളം 2009 യഥാർത്ഥ ശാക്തീകരണ വർഷമായി ഭവിക്കട്ടെ എന്നാശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2009 ജനുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2009 ഫെബ്രുവരി മാസം 15-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

***Circular Letter No. 03/2009***
***Prot. No. 7640/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കത്തോലിയ്ക്കരുടെ ജീവിതം ജനനം മുതൽ മരണംവരേയും അതിനുശേഷവും പൗരോഹിത്യ ശുശ്രൂഷയുമായി അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണല്ലോ. നമ്മുടെ വിശ്വാസജീവിതത്തിന്റെ കേന്ദ്ര ബിന്ദുവായി നിലകൊള്ളുന്ന വിശുദ്ധ കുർബാനയർപ്പണവും മറ്റ് കൂദാശകളുടെ പരികർമ്മവും സാധ്യമാകുന്നത് പൗരോഹിത്യ ശുശ്രൂഷ സഭയിൽ ഉള്ളതുകൊണ്ടാണ്. രക്ഷാകരകർമ്മത്തിന്റെ ഫലം നമുക്ക് മുമ്പേ കടന്നുപോയവർക്കും ഇന്നുള്ള നമുക്കും ഇനി വരാനിരിക്കുന്നവർക്കും അനുഭവിക്കാൻ സാധിച്ചതും സാധിക്കുന്നതും ഇവയിലൂടെയാണ് എന്ന് നാം വിശ്വസിക്കുന്നു. അതിനാൽ പൗരോഹിത്യശുശ്രൂഷയില്ലാത്ത സഭാജീവിതത്തെപ്പറ്റിയോ ക്രൈസ്തവജീവിതത്തെപ്പറ്റിയോ നമുക്ക് ചിന്തിക്കാൻ സാധിക്കുകയില്ല. കർത്താവിന്റെ രക്ഷാകരകർമ്മത്തിന്റെ തുടർച്ച ഇന്നും സാധ്യമാക്കുന്ന ഈ ശുശ്രൂഷയുടെ ആവശ്യവും മഹത്വവും നാം യഥായോഗ്യം തിരിച്ചറിയുന്നുണ്ടോ എന്ന് കൂടുതൽ പരിശോധിച്ചറിയേണ്ട കാലമാണിത്. ഇതുവരെയും മുടക്കം കൂടാതെ അത് കിട്ടിപ്പോരുന്നതുകൊണ്ട് ഇക്കാര്യത്തിന് വേണ്ടി പ്രത്യേകമായി നാമൊന്നും ചെയ്തില്ലെങ്കിലും തുടർന്നും അങ്ങനെ തന്നെ കിട്ടിക്കൊള്ളും എന്ന ചിന്തയിൽ നമുക്ക് കഴിയാൻ സാധിക്കും എന്ന് തോന്നുന്നില്ല. അതിന് കാരണങ്ങൾ പലതാണ്.

ഏതാനും വർഷങ്ങൾ മുമ്പ് വരെ പൗരോഹിത്യ ശുശ്രൂഷയിലേയ്ക്ക് ധാരാളം ചെറുപ്പക്കാർ കടന്നു വന്നിരുന്നു. അവർക്കതിന് പ്രേരണയും പ്രചോദനവുമായിരുന്നത് അവരുടെ മാതാപിതാക്കളുടെ പ്രോത്സാഹനവും പ്രാർത്ഥനയുമായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി വളരെ വ്യത്യസ്തമായിരിക്കുന്നു. പൗരോഹിത്യ ശുശ്രൂഷ തെരഞ്ഞെടുക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. മക്കളുടെ എണ്ണത്തിൽ

വന്ന കുറവ്, മതനിരപേക്ഷമായ ആശയങ്ങളുടെ കടന്നു കയറ്റത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള ദൈവവിശ്വാസക്ഷതം, കുടുംബങ്ങളിൽ കുറ ഞ്ഞുവരുന്ന വിശ്വാസജീവിതം, ഏറി വരുന്ന ജോലിസാധ്യതകൾ, മാധ്യ മങ്ങളുടെ തെറ്റായ സ്വാധീനം തുടങ്ങിയവയെല്ലാം ഇതിന് കാരണങ്ങ ളാണ്. ഈ സ്ഥിതിയ്ക്ക് മാറ്റം വരണമെങ്കിൽ അടിസ്ഥാനമായി കുടും ബങ്ങളിൽ തന്നെ മാറ്റം ഉണ്ടാകണം. പൗരോഹിത്യ ശുശ്രൂഷയെ വില മതിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന കുടുംബങ്ങളിൽ നിന്നേ ഈ ശുശ്രൂഷയിലേയ്ക്ക് ചെറുപ്പക്കാർ കടന്നു വരികയുള്ളു. മാതാപി താക്കളാകട്ടെ തങ്ങളുടെ മക്കളിൽ ആരെങ്കിലുമൊക്കെ ഈ ജീവിതം തെരഞ്ഞെടുക്കണമേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യണം. ഇടവക സമൂഹവും ഈ യജ്ഞത്തിൽ സജീവ പങ്കാളികളാകണം.

പൗരോഹിത്യശുശ്രൂഷയിലേക്കുള്ള വിളി സ്വീകരിച്ച് പരിശീലനം നടത്തുന്നവരുടെ വിദ്യാഭ്യാസ ചെലവ് മുഴുവൻ തന്നെ വഹിക്കുന്നത് നല്ലവരായ വിശ്വാസികൾ തരുന്ന സംഭാവന കൊണ്ടാണ്. ഇവരിൽ നല്ലൊരു പങ്കും വിദേശത്തുള്ളവരാണ്. വിദേശത്തുള്ള പല ഇടവക കളും സംഘടനകളും വളരെ ഉദാരമായി സഹായിക്കുന്നത് കൊണ്ടാണ് ഇപ്രകാരം സാധിക്കുന്നത്. എന്നാൽ സമീപഭാവിയിൽ അവ നിലയ്ക്കും എന്ന സൂചനകളാണ് കിട്ടികൊണ്ടിരിക്കുന്നത്. ഇപ്പോൾ കിട്ടുന്നതാകട്ടെ ചെലവാകുന്നതിന്റെ ഒരംശം മാത്രമേ ആകുന്നുള്ളു താനും. ഏതാനും വർഷങ്ങൾക്കുള്ളിൽ വൈദികപരിശീലനത്തിനുള്ള മുഴുവൻ തുകയും പ്രാദേശികമായിത്തന്നെ കണ്ടെത്തേണ്ടി വരും. ഈ ആവശ്യത്തി ലേയ്ക്ക് ഇപ്പോൾ തന്നെ എല്ലാ വർഷവും നമ്മുടെ രൂപതയിൽ ഒരു പ്രത്യേക സംഭാവന എടുക്കാറുണ്ടല്ലോ. ഫെബ്രുവരി 28 ന് ഞായറാ ഴ്ചയാണ് ഈ വർഷം അപ്രകാരം ചെയ്യുന്നത്. നമ്മുടെ തന്നെ നല്ല ഭാവിയെ കരുതി അതിലേയ്ക്ക് നിങ്ങൾ ഉദാരമായി സംഭാവന ചെയ്യണം എന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളിയിൽ അറിയിക്കുകയും കിട്ടുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം. അതോടൊപ്പം ഇപ്പോൾ വൈദിക പരിശീലനം നടത്തികൊണ്ടിരിക്കുന്ന വിദ്യാർത്ഥി കൾ നല്ല വൈദികരായി പുറത്തുവരാൻ വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം. നിങ്ങളുടെ സംഭാവനകൾക്കും പ്രാർത്ഥനയ്ക്കും മുൻകൂട്ടി നന്ദി പറയുന്നു.

മാനന്തവാടി രൂപതയിൽ ഇപ്പോൾ ആകെ 209 വൈദികരാണുള്ളത്. ഈ വർഷം ഈസ്റ്ററിന് ശേഷം രണ്ട് പേർ കൂടി വൈദിക പട്ടം സ്വീകിക്കും. ഇവരിൽ 160 പേർ മാത്രമാണ് സജീവമായി രൂപതയിൽ സേവനം ചെയ്യുന്നത്. ശേഷിക്കുന്നവരിൽ 18 പേർ മറ്റ് രൂപതകളിലും മേജർ സെമിനാരി പോലെയുള്ള സ്ഥാപനങ്ങളിലുമായി സേവനം ചെയ്യുന്നു. 15 പേർ ഉപരിപഠനം നടത്തുന്നവരാണ്. ശേഷിക്കുന്നവർ വാർദ്ധക്യം മൂലമോ രോഗം മൂലമോ മറ്റ് കാരണങ്ങളാലോ സജീവ സേവന രംഗത്ത് നിന്ന് പിൻമാറിയവരാണ്.

രൂപതാ വൈദികർ സ്ഥിരതാമസമുള്ള 126 ഇടവകകളാണ് നമ്മുടെ രൂപതയിൽ ഉള്ളത്. അവയിൽ 17 ഇടവകകളിൽ വികാരിമാർക്ക് പുറമേ അസ്തേന്തിമാരും ഉണ്ട്. അങ്ങനെ ഇടവകകളിൽ മാത്രമായി 143 വൈദികർ സേവനം ചെയ്യുന്നു. ശേഷിക്കുന്ന 17 പേർ ബിഷപ്സ് ഹൗസ്, മൈനർ സെമിനാരി, പാസ്റ്ററൽ സെന്റർ, മതബോധനം, വിവിധ ഭക്ത സംഘടനകൾ സാമൂഹ്യപ്രവർത്തനവകുപ്പ്, സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ്, ആശുപത്രി, ബാലഭവനുകൾ, എസ്റ്റേറ്റുകൾ തുടങ്ങിയവയിൽ സേവനമനുഷ്ഠിക്കുന്നു. ഇവരിൽ മിക്കവർക്കും ഇടവകകളുടെ ഉത്തരവാദിത്വവുമുണ്ട്. 15 ഇടവകകളിൽ സന്യാസ വൈദികരാണ് വികാരിമാരായി സേവനമനുഷ്ഠിക്കുന്നത്. രൂപതാവൈദികർ കുറവുള്ളപ്പോൾ ആ കുറവ് നികത്തുന്നത് സന്യാസസഭാ വൈദികരാണ്. ചുരുക്കത്തിൽ വൈദികരുടെ എണ്ണം ഇനിയും ഗണ്യമായി വർദ്ധിച്ചെങ്കിലേ രൂപതയിലെ അജപാലനം സുഗമമായി മുമ്പോട്ട് പോകുകയുള്ളു.

രൂപതാവൈദികരുടെ കുറവുള്ളപ്പോൾ എന്തിനാണ് മറ്റ് രൂപതകളിലേയ്ക്കും മേജർ സെമിനാരി തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്കും വൈദികരെ ഇവിടെ നിന്ന് അയയ്ക്കുന്നത് എന്ന ചോദ്യമുയരാം. നമുക്ക് ഇപ്രകാരം വളരാൻ കഴിഞ്ഞത് രൂപതയുടെ ആരംഭകാലത്തും പിന്നീടും ഇപ്പോഴും മറ്റ് പലരുടേയും ഔദാര്യം കൊണ്ടാണ് എന്നത് മാത്രമാണ് അതേപ്പറ്റി പറയാൻ കഴിയുന്നത്. അതുപോലെ നമ്മുടെ വൈദികരുടെ സേവനം കൊടുക്കാൻ നമുക്കും കടപ്പാടുണ്ട്.

പത്താം ക്ലാസ് കഴിഞ്ഞ് ഇനിയെന്ത് എന്ന ചോദ്യവുമായി കുട്ടികൾ ഒരു നാൽക്കവലയിലെന്ന പോലെ നിൽക്കുന്ന അവസരമാണല്ലോ ഇത്. തങ്ങളുടെ വിളി തിരിച്ചറിയാനും രൂപതാ വൈദികരാകാൻ താൽപ

ര്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുന്നതിനുമായിട്ടുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ മാസം 15 മുതൽ 18 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. അതിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ *വൊക്കേഷൻ പ്രൊമോട്ടർ, മൗണ്ട് മേരി കോളേജ്, പോസ്റ്റ് ബോക്സ് നമ്പർ1, മാനന്തവാടി 670 645* എന്ന മേൽവിലാസത്തിൽ ഏപ്രിൽ മാസം 9–ാം തീയതിക്കു മുമ്പായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾ അപ്പോൾ ലഭ്യമാക്കുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അനുയോജ്യരായ കുട്ടികളെ കണ്ടെത്തി ക്യാമ്പിലേയ്ക്ക് പറഞ്ഞു വിടാൻ പ്രത്യേകം ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു. അപേക്ഷകർ പത്താം ക്ലാസ് ജയിച്ചവരോ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവരോ ആയ ആൺകുട്ടികൾ ആയിരിക്കണം.

സന്യാസ സമൂഹങ്ങളിൽ അർത്ഥികളായി ചേരാൻ താൽപര്യപ്പെടുന്നവരും ഈ ക്യാമ്പിൽ സംബന്ധിച്ചിരിക്കണം. അതുപോലെ തന്നെ സന്യാസസഭകളിൽ ചേരുന്നതിന് മുമ്പായി രൂപതാ വൊക്കേഷൻ ബ്യൂറോയിൽ നിന്ന് അനുമതിപത്രവും വാങ്ങിയിരിക്കണം. അനുമതിപത്രത്തിന് വരുമ്പോൾ സ്ഥലത്തെ വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. അതുപോലെ തന്നെ സന്യാസസമൂഹങ്ങളുടെ വൊക്കേഷൻ പ്രൊമോട്ടർമാർ യാതൊരു കാരണവശാലും ഇടവകവികാരിയുടേയും രൂപതാ വൊക്കേഷൻ പ്രൊമോട്ടറുടേയും അനുമതിയില്ലാതെ കുട്ടികളെ അർത്ഥികളായി കൊണ്ടുപോകാൻ പാടുള്ളതുമല്ല.

പെൺകുട്ടികൾക്കുള്ള ദൈവവിളി ക്യമ്പ് മാർച്ച് മാസം 31 മുതൽ ഏപ്രിൽ 3 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. പത്താം ക്ലാസ് പാസ്സായവരോ പത്താംക്ലാസ് പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവരോ ആയ പെൺകുട്ടികൾ മാർച്ച് മാസം 23–ാം തീയതിക്കുമുമ്പായി മുകളിൽ കൊടുത്ത വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. ആൺകുട്ടികളുടെ കാര്യത്തിൽ പറഞ്ഞ എല്ലാ നിബന്ധനകളും പെൺകുട്ടികളുടെ കാര്യത്തിലും പാലിയ്ക്കപ്പെടേണ്ടതാണ് എന്ന കാര്യം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഏപ്രിൽ 20 – 23 തീയതികളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ വച്ചും ക്യാമ്പ് നടത്തപ്പെടുന്നതാണ്.

മാനന്തവാടി രൂപതയിൽ ഭവനങ്ങൾ ഇല്ലാത്ത സന്യാസ സമൂഹങ്ങളുടെ വൊക്കേഷൻ പ്രൊമോട്ടർമാർക്ക് ക്യാമ്പുകളുടെ സമയത്ത് കുട്ടികളെ കാണാനും തങ്ങളുടെ സമൂഹങ്ങളെപ്പറ്റി പറയാനും വേണമെങ്കിൽ സമയം ആവശ്യപ്പെടാവുന്നതാണ്. അക്കാര്യത്തിനായി രൂപതാ വൊക്കേഷൻ പ്രൊമോട്ടറേയാണ് സമീപിക്കേണ്ടത്. തനിയേ ഇടവകകളിലും സ്കൂളുകളിലും പോയി കുട്ടികളെ കാണുന്നത് ഒഴിവാക്കേണ്ടതാണ്. അതുപോലെ തന്ന സന്യാസസമൂഹങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ അനാശാസ്യമായ മത്സരങ്ങളും ഉണ്ടാകരുത് എന്നോർമ്മിപ്പിക്കട്ടെ.

പ്രിയപ്പെട്ട കുട്ടികളേ, സഭയുടെ ഭാവി നിങ്ങളുടെ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. സഭയിലൂടെ യേശുവിന്റെ രക്ഷാകര ദൗത്യം തുടർന്നുകൊണ്ട് പോകണമെങ്കിൽ നിങ്ങളുടെ സഹകരണം കൂടിയേ തീരു. വൈദികനില്ലാത്ത ഇടവകയും സമർപ്പിതരില്ലാത്ത മഠങ്ങളും നമ്മുടെ ക്രൈസ്തവജീവിതത്തിന്റെ ആക്കം കുറയ്ക്കും എന്ന കാര്യം നമുക്ക് മറക്കാതിരിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2009 ജനുവരി മാസം 20–ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2009 ഫെബ്രുവരി മാസം 22–ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# **Vol.** 2



# ഇടയലേഖനം

***Pastoral Letter No. 01/2009***
***Prot. No. 7699/2009***

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ മെത്രാനായ
**മാർ ജോസ് പൊരുന്നേടം**
തന്റെ സഹശുശ്രൂഷകരായ ബഹുമാനപ്പെട്ട വൈദികർക്കും,
ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും,
തന്റെ ആത്മീയ ശുശ്രൂഷയ്ക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന
ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ പീഢാനുഭവവും കുരിശുമരണവും ഉയിർപ്പും ആചരിക്കുന്നതിന് നമ്മെത്തന്നെ ഒരുക്കുന്ന അമ്പത് നോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഇത്തരുണത്തിൽ നോമ്പാചരണത്തേപ്പറ്റി നിങ്ങളുമായി ഏതാനും ചില ചിന്തകൾ പങ്കുവയ്ക്കട്ടെ.

ക്രൈസ്തവജീവിതം ഉയിർപ്പിന്റെ ജീവിതമാണ്. അത് കർത്താവിനോടൊത്തുള്ള ജീവിതമാണ്. വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: *യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോട് നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്ത് സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനു ശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിന് സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരുദ്ധാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും.* (റോമാ 6:3-5) വി. പൗലോസിന്റെ ഈ വീക്ഷണമനുസ

രിച്ച് പാപരഹിതമായ ക്രൈസ്തവജീവിതം നമ്മുടെ ഉയിർപ്പിന് ശേഷ മുള്ള ജീവിതത്തിന് സദൃശമാണ്. നമ്മുടെ മരണ ശേഷം നമുക്ക് കിട്ടാൻ പോകുന്നത് ഭൗതികമായ ലാഭനേട്ടങ്ങളോ സുഖസൗകര്യങ്ങളോ അല്ലല്ലോ. പ്രത്യുത ദൈവവുമൊത്തുള്ള ജീവിതമാണ്. ആ ജീവിതം ഈ ലോകത്തിൽ തന്നെ പാപരഹിതമായ ക്രൈസ്തവ ജീവിതത്തിൽ നാം അനുഭവിക്കാൻ തുടങ്ങുന്നു എന്നത്രേ വി. പൗലോസ് ഉദ്ബോധി പ്പിക്കുന്നത്. മറ്റ് വാക്കുകളിൽ ക്രൈസ്തവജീവിതം ദൈവാനുഭവത്തിന്റെ ജീവിതമായിരിക്കണം എന്നർത്ഥം.

മരണം ഉത്ഥാനത്തിനുള്ള അവശ്യ വ്യവസ്ഥയായിരിക്കുന്നതു പോലെ നമ്മുടെ പാപരഹിതമായ അവസ്ഥ ദൈവാനുഭവജീവിതത്തിന് അത്യന്താപേക്ഷിതമാണ്. ക്രിസ്തുവിനോടൊത്തുള്ള ജീവിതം അവി ടുന്ന് നയിച്ച ജീവിതത്തോട് സദൃശമായ ഒരു ജീവിതം നാമും നയിക്കു ന്നതിലാണടങ്ങിയിരിക്കുന്നത്. എന്നാൽ ഉദ്ഭവപാപത്തിന് അടിമകളായ നമ്മുടെ പ്രകൃതി തന്നെ പാപത്തിലേയ്ക്ക് തിരിഞ്ഞാണിരിക്കുന്നത് എന്നു നാം ഓർക്കേണ്ടതുണ്ട്. ഈ വസ്തുതയാണ് നോമ്പും ഉപ വാസവും എടുക്കാനും പരിഹാരപ്രവൃത്തികൾ ചെയ്യാനും നമ്മെ നിർബ ന്ധിതരാക്കുന്നത്. അവയിലൂടെ പാപത്തിലേയ്ക്കുള്ള നമ്മുടെ ആകർഷ ണത്തെ അതിജീവിക്കാൻ നാം ശ്രമിക്കുകയാണ്. ചില സന്ദർഭങ്ങളി ലെങ്കിലും ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക എന്നത് നമ്മുടെ മന സ്സിന്റെ ബലം അളക്കാനുള്ള ഒരു മാർഗ്ഗമാണ്. പ്രയാസത്തോടെയെ ങ്കിലും പലയാവർത്തി അങ്ങനെ ചെയ്ത് കഴിയുമ്പോൾ നാം മനസ്സിൽ ശക്തി പ്രാപിച്ചവരാകുന്നു. അങ്ങനെ പാപപ്രേരണയെ അതിജീവി യ്ക്കാൻ നാം പ്രാപ്തരാകുന്നു. അതോടൊപ്പം കുരിശിന്റെ വഴി തുട ങ്ങിയ ഭക്താഭ്യാസങ്ങളിലൂടെ യേശുവിന്റെ ജീവിതത്തിലെ ഏടുകളെ പ്പറ്റി ധ്യാനിക്കുകയും അവ പ്രാർത്ഥനാവിഷയമാക്കുകയും ചെയ്യുകയും അവ അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ നാം ഉത്ഥാനജീവി തത്തിന് സദൃശമായ ഒരു ജീവിതം നയിക്കാൻ ആരംഭിക്കുന്നു.

ശരിയായ കൗദാശികജീവിതം ഉയിർപ്പിന്റെ ജീവിതം അനുഭവി ക്കാൻ അത്യന്താപേക്ഷിതമാണ്. അതിലേറ്റവും പ്രധാനപ്പെട്ടതാണ് പാപ മോചനമെന്ന കൂദാശയും വിശുദ്ധ കുർബാനയും. ജ്ഞാനസ്നാനത്തി ലൂടെയും സ്ഥൈര്യലേപനത്തിലൂടെയും നാം ക്രിസ്തുവിനോട് ഐക്യ പ്പെടുകയും വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെടുകയും ചെയ്തെങ്കിലും ഈ രണ്ട് കൂദാശകളാണ് അതിൽ നമ്മെ ഉറപ്പിച്ച് നിർത്തുന്നത്. ഇവ

രണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്താത്തവർക്ക് അവരുടെ കത്തോലിക്കാ ക്രൈസ്തവ വിശ്വാസം നിലനിർത്താൻ എളുപ്പമായിക്കുകയില്ല. കുമ്പസാരമെന്ന കൂദാശ നമ്മുടെ പാപങ്ങൾക്ക് മോചനം തരുന്നതോടൊപ്പം പാപരഹിതമായ അവസ്ഥയിൽ ജീവിക്കുന്നതിനാവശ്യമായ ദൈവാനുഗ്രഹം ലഭ്യമാക്കുകയും ചെയ്യുന്നു. എന്നാൽ അതൊരു യാന്ത്രികപ്രക്രിയ അല്ലെന്നും നാം ഓർക്കേണ്ടതുണ്ട്. നമ്മുടെ ഭാഗത്തു നിന്നുള്ള ആത്മാർത്ഥമായ സഹകരണവും പരിശ്രമവും അതിന് കൂടിയേ തീരു. നമ്മുടെ മനസ്സിന്റെ നവീകരണം അതിൽ പ്രധാനപ്പെട്ടതാണ്. വാശിയും വൈരാഗ്യവും വിദ്വേഷവും അസൂയയും സ്പർദ്ധയും സ്വാർത്ഥതയുമെല്ലാം നമ്മുടെ മനസ്സിൽ നിന്ന് അകന്നു പോകണം. അങ്ങനെ ശുദ്ധമാക്കപ്പെട്ട മനസ്സോടെ കർത്താവിന്റെ ബലിയിൽ നാം പങ്കുചേരുമ്പോൾ നാം അവനോട് സദൃശരാകുന്നു.

പാപം വ്യക്തിപരം മാത്രമല്ല പ്രത്യുത സമൂഹപരവും ആകാം. ഓരോരുത്തരും വ്യക്തിപരമായി പാപരഹിതമായ അവസ്ഥയിൽ ജീവിക്കാൻ പരിശ്രമിക്കുന്നതോടൊപ്പം തങ്ങൾ ജീവിക്കുന്ന സമൂഹത്തേയും പാപരഹിതമാക്കാൻ പരിശ്രമിക്കണം. കൊലയും കളവും പോലെ തന്നെ അഴിമതിയും അക്രമവും കൈക്കൂലിയും കള്ളപ്പണ സമ്പാദനവുമെല്ലാം തുടച്ചു മാറ്റപ്പെടേണ്ട പാപങ്ങളാണ്. മനുഷ്യന്റെ സ്വാർത്ഥതയും അത്യാഗ്രഹവുമാണ് ഇവയുടെ പ്രധാന കാരണം എന്ന് പറയേണ്ടതില്ലല്ലോ. ഒരു യഥാർത്ഥ ക്രൈസ്തവ വിശ്വാസി ഇവയ്ക്കെല്ലാം എതിരെ പ്രവർത്തിക്കാൻ തയ്യാറാകും എന്നത് നിസ്സംശയമാണ്. ഈ നോമ്പുകാലത്ത് വ്യക്തിപരമായ ജീവിതത്തിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നതുപോലെ സമൂഹജീവിതത്തിലും മാറ്റം വരുത്താൻ നാം ദൃഢനിശ്ചയം ചെയ്യണം.

നമ്മുടെ പ്രാർത്ഥനകളും പരിഹാരപ്രവൃത്തികളും കേവലം ഒരു ചടങ്ങായും വ്യക്തിപരമായ സംതൃപ്തി നൽകുന്ന ഒരു പ്രക്രിയയായും അവശേഷിക്കരുത്. ഇത്തരുണത്തിൽ സ്നാപകയോഹന്നാൻ തന്നെ സമീപിച്ചവരോട് പറഞ്ഞ കാര്യങ്ങൾ അനുസ്മരിക്കാം: *ജനക്കൂട്ടം അവനോട് ചോദിച്ചു: ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? അവൻ പറഞ്ഞു: രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെ. ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ. ചുങ്കക്കാരും സ്നാനം സ്വീകരിക്കാൻ വന്നു. അവരും അവനോട് ചോദിച്ചു: ഗുരോ, ഞങ്ങൾ എന്ത് ചെയ്യണം? അവൻ പറഞ്ഞു: നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്.*

*പടയാളികളും അവനോട് ചോദിച്ചു: ഞങ്ങൾ എന്ത് ചെയ്യണം? അവൻ അവരോട് പറഞ്ഞു: നിങ്ങൾ ആരേയും ഭീഷണിപ്പെടുത്തരുത്. വ്യാജ മായ കുറ്റാരോപണം അരുത്. വേതനം കൊണ്ട് തൃപ്തിപ്പെടണം.* (ലൂക്കാ 3, 10-16). നാമും ഇങ്ങനെയൊക്കെയുള്ള തലങ്ങളിൽ വ്യാപരി ക്കുന്നവരായിരിക്കുമല്ലോ. യോഹന്നാൻ കൊടുത്ത ഉത്തരങ്ങൾ നമുക്കും സ്വീകരിക്കാവുന്നതാണ്. ഇതിൽ പെടാത്ത പലതരം ജോലികൾ ചെയ്യു ന്നവരും നമ്മുടെ മധ്യേ ഉണ്ട്. അവരും യോഹന്നാന്റെ ഉത്തരത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് തങ്ങളുടെ ജീവിതങ്ങളിൽ മാറ്റം വരു ത്തട്ടെ. ഞാനൊരാൾ ചിന്തിച്ചാൽ ഈ സമൂഹത്തെ മുഴുവൻ മാറ്റാൻ കഴിയുമോ എന്ന സംശയം നമുക്കുണ്ടാകാം. ഒരോരുത്തരും അവര വർക്ക് പറ്റുന്നത് ചെയ്തു കഴിയുമ്പോൾ സമൂഹം മുഴുവൻ മാറിക്കഴി ഞ്ഞിരിക്കും എന്നതാണ് സത്യം.

സ്വയം മാറാനും സമൂഹത്തെ മാറ്റാനും ദൃഢനിശ്ചയം ചെയ്തു കൊണ്ട് ഈ നോമ്പുകാലത്ത് ഉപവാസവും പ്രാർത്ഥനയും പാപപരി ഹാരങ്ങളും തീർത്ഥാടനവുമെല്ലാം നടത്താൻ നമുക്ക് പരിശ്രമിയ്ക്കാം. അങ്ങനെ വ്യക്തികളുടേയും സമൂഹത്തിന്റേയും സമ്പൂർണ്ണനവീകരണ ത്തിന് ഈ കാലഘട്ടം ഉപയുക്തമാകട്ടെ എന്നാണ് എന്റെ ആശംസയും പ്രാർത്ഥനയും. അതൊടൊപ്പം രാഷ്ട്രീയസംഘട്ടനങ്ങളും വർഗ്ഗവൈ രവും ഭരണസ്ഥിരതയില്ലായ്മയുമെല്ലാം വർദ്ധിച്ച് വരുന്ന നമ്മുടെ രാജ്യത്ത് സമാധാനവും ശാന്തിയും പുലരാനും നിയമവാഴ്ചയും ക്രമ സമാധാനവും ഉറപ്പാക്കി പൗരന്മാരുടെ ജീവനും സ്വത്തിനും സംര ക്ഷണം നൽകാനും കഴിവുള്ള സർക്കാരുകൾ അധികാരത്തിലേറാനും നമുക്ക് പ്രാർത്ഥിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ യുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 ഫെബ്രുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ ഇടയലേഖനം 2009 മാർച്ച് മാസം 8-ാം തീയതി ഞായ റാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

*Circular Letter No. 04/2009*
*Prot. No. 7692/2009*

## ആരാധനക്രമം: ചില പൊതു നിർദ്ദേശങ്ങൾ

ആരാധനക്രമാനുഷ്ഠാനങ്ങളിൽ നമ്മുടെ രൂപത മുഴുവനും ഒരു ഏകീകൃതരൂപം നടപ്പിലാക്കുന്നത് ഉചിതമായിരിക്കുമല്ലോ. അതിനാൽ ചില നിർദ്ദേശങ്ങൾ നൽകുകയാണ്. താഴെ കൊടുക്കുന്ന നിർദ്ദേശങ്ങളും ധാരണകളും കഴിയുന്നിടത്തോളം നടപ്പിലാക്കാൻ ബഹു. വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ശ്രദ്ധിക്കുമല്ലോ.

1. കാഴ്ചവെയ്പ് പ്രദക്ഷിണം ഉണ്ടെങ്കിൽ അത് വി. കുർബാനയുടെ ആരംഭത്തിൽ നടത്താം.
2. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പ്രധാന കുർബാന ആഘോഷപൂർവ്വം അർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വായന കൾ, പാട്ടുകൾ, ധൂപം എന്നിവയാണ് കുർബാനയെ ആഘോഷ മാക്കുന്ന ഘടകങ്ങൾ.
3. അൾത്താര ശുശ്രൂഷികൾ വൈദികന്റെ ഇരുവശങ്ങളിലുമായി ജനാഭിമുഖമായി നിൽക്കുന്നു.
4. സ്ഥാപന വചനങ്ങൾക്കുശേഷം ഗാനങ്ങൾ ആലപിക്കാതെ പ്രണാമ ജപം വൈദികൻ ഉച്ചത്തിൽ ചൊല്ലേണ്ടതാണ്. ("കർത്താവെ, നീ ഞങ്ങളോട് കൽപിച്ചതുപോലെ......")
5. താഴെ പറയുന്ന സന്ദർഭങ്ങളിൽ ചെറിയ മണി കിലുക്കേണ്ടതാണ്.
   a) വി. കുർബാനയ്ക്ക് മുൻപ്.
   b) കൂദാശ വചനങ്ങൾ ആരംഭിക്കുന്നതിനുമുൻപ്.
   c) റൂഹാക്ഷണപ്രാർത്ഥനയ്ക്ക് മുൻപ്.
6. താഴെ പറയുന്ന സമയങ്ങളിൽ നിൽക്കുന്നു.
   a) വി. കുർബാനയുടെ ആരംഭം മുതൽ വി. ഗ്രന്ഥ വായനകൾവരെ.
   b) സുവിശേഷഗീതത്തിന്റെയും സുവിശേഷവായനകളുടെയും സമയത്ത്.
   c) കാറോസൂസ പ്രാർത്ഥനയുടെ സമയം മുതൽ ഓശാന ഗീതം വരെ.

d) കുർബാന സ്വീകരണത്തിനുമുൻപുള്ള "സ്വർഗ്ഗസ്ഥനായ പിതാവേ" മുതൽ കുർബാനയുടെ സമാപനം വരെ.

7. താഴെ പറയുന്ന സമയങ്ങളിൽ ഇരിക്കുന്നു.

a) പഴയനിയമവായന, ലേഖനവായന ഇവയുടെ സമയത്ത്.

b) സുവിശേഷ പ്രസംഗസമയത്ത്.

c) സ്ഥാപനവചനങ്ങൾക്കു ശേഷമുള്ള പ്രണാമജപത്തിനുശേഷം മുതൽ റൂഹാക്ഷണ പ്രാർത്ഥന വരെ.

8. താഴെ പറയുന്ന സമയങ്ങളിൽ മുട്ടുകുത്തുന്നു.

a) ഓശാന ഗീതത്തിനുശേഷം മുതൽ സ്ഥാപനവചനങ്ങൾക്കു ശേഷമുള്ള പ്രണാമജപം വരെ.

b) റൂഹാക്ഷണപ്രാർത്ഥന മുതൽ വി. കുർബാന സ്വീകരണത്തിനു മുൻപുള്ള 'സ്വർഗ്ഗസ്ഥനായ പിതാവെ' എന്ന പ്രാർത്ഥനയ്ക്ക് തൊട്ടു മുൻപുള്ള പ്രാർത്ഥനവരെ.

## പൊതുവായ ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കട്ടെ

1. നമ്മുടെ രൂപതയിൽ കുട്ടികളുടെ മാമ്മോദീസയോടൊപ്പം സ്ഥൈര്യ ലേപനവും നൽകുന്നു. എന്നാൽ വി. കുർബാന നൽകുന്നില്ല.
2. മാമ്മോദീസയിലെ ഒന്നാമത്തെ ലേപനത്തിന് മുൻപ്, ഇതിനു മുൻപ് നടന്ന മാമ്മോദീസായിൽ വെഞ്ചരിച്ച തൈലമാണ് ഉപയോഗിക്കേണ്ടത്.
3. രണ്ടാമത്തെ ലേപനത്തിന് അതാത് മാമ്മോദീസായുടെ കർമ്മങ്ങൾക്കിടയിൽ വെഞ്ചരിച്ച തൈലം ഉപയോഗിക്കേണ്ടതാണ്.
4. മൂന്നാമത്തെ ലേപനത്തിന് (സ്ഥൈര്യലേപനത്തിന്) മെത്രാൻ കൂദാശ ചെയ്ത വി. മൂറോൻ ഉപയോഗിക്കേണ്ടതാണ്.
5. മാമ്മോദീസ സ്വീകരണത്തിനുമുൻപായി അതിനുവേണ്ടി തയ്യാറാക്കിയിരിക്കുന്ന ഫോറം മാതാപിതാക്കൾ പൂരിപ്പിച്ചു നൽകേണ്ടതാണ്.
6. അസാധാരണ ശുശ്രൂഷികൾ വി. കുർബാന നൽകുമ്പോൾ പ്രത്യേക വസ്ത്രം ഉപയോഗിക്കുന്ന രീതി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
7. അൾത്താര ശുശ്രൂഷികളായ കുട്ടികൾക്ക് പ്രത്യേക വസ്ത്രം ഉണ്ടായിരിക്കുന്നത് നല്ലതാണ്.
8. വി. കുർബാന കയ്യിലോ, നാവിലോ കൊടുക്കാവുന്നതാണ്.
9. ഇടത് കൈ വലതു കയ്യുടെ മുകളിൽവച്ച് ആ കയ്യിലാണ് വി. കുർബാന സ്വീകരിക്കേണ്ടത്. ഇടതു കൈക്കുള്ളിൽ വയ്ക്കപ്പെടുന്ന

തിരുവോസ്തി വലതുകൈ കൊണ്ട് എടുത്ത് ഭക്ഷിക്കുകയാണ് ചെയ്യുന്നത്. എന്നാൽ വലതു കയ്യിലാണ് സ്വീകരിക്കുന്നതെങ്കിൽ നേരിട്ട് വായിലേയ്ക്ക് ഉൾക്കൊള്ളുന്നു. തിരുവോസ്തി കയ്യിൽ വച്ചാൽ നിന്ന സ്ഥലത്ത് നിന്ന് മാറാതെ തന്നെ ഉൾക്കൊള്ളേണ്ട താണ്. അതിനുശേഷം മാത്രമേ തിരിയുകയോ നടക്കുകയോ ചെയ്യാവൂ.

10. കാറോസൂസ പ്രാർത്ഥനയുടെ അവസാനമായി ചൊല്ലാൻ കൊടുത്തിരിക്കുന്ന "ഞങ്ങളെയും ഞങ്ങളുടെ നാടിനെയും നിരീശ്വര പ്രസ്ഥാനങ്ങളിൽ നിന്നും" എന്നു തുടങ്ങുന്ന പ്രാർത്ഥന എല്ലാ കുർബാനയിലെയും കാറോസൂസയിൽ ചൊല്ലേണ്ടതാണ്.
11. വി. കുർബാനയിൽ ഉപയോഗിക്കുന്ന ഗാനങ്ങൾ ഏവർക്കും പാടാവുന്നതും ഭക്തിനിർഭരവും സന്ദർഭോചിതവുമായിരിക്കണം.
12. ആഘോഷമായ കുർബാനയിലും മറ്റും കാർമ്മികൻ ആലപിക്കേണ്ട ഗാനം അത്യാവശ്യ സന്ദർഭങ്ങളിൽ തുടങ്ങിക്കൊടുക്കാമെന്നല്ലാതെ മുഴുവനും ഗായകസംഘം ആലപിക്കുന്ന രീതി ആശാസ്യമല്ല.
13. വി. കുർബാനയിലെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ "പ്രാധാനാചാര്യനും സാർവ്വത്രിക സഭയുടെ തലവനും ഭരണാധികാരിയുമായ റോമയിലെ മാർ ബെനഡിക്ട് പാപ്പായ്ക്കുവേണ്ടിയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ വർക്കി മെത്രാപ്പോലീത്തായ്ക്കു വേണ്ടിയും ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് മെത്രാപ്പോലീത്തായ്ക്കു വേണ്ടിയും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനും പിതാവുമായ മാർ ജോസ് മെത്രാനു വേണ്ടിയും" എന്നാണ് ചൊല്ലേണ്ടത്.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2009 ഫെബ്രുവരി മാസം 19-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ ബഹു. വൈദികർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.*

**Vol.** 3

# സർക്കുലർ

*Circular Letter No. 05/2009*
*Prot. No. 7824/2009*

## സ്നേഹനിധി 2009

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

വലിയ നോമ്പാചരണത്തിന്റെ സമാപന ഘട്ടത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. തന്റെ ഏകജാതനെ നൽകി ലോകത്തെ സ്നേഹിച്ച പിതാവിന്റെ സ്നേഹം എത്രയോ വലുതാണ്. ആ പിതാവിന്റെ സ്നേഹത്തിന് പ്രത്യുത്തരം നൽകേണ്ടവരും പ്രതിനന്ദി പ്രകാശിപ്പിക്കേണ്ടവരും ദൈവത്തിന്റെ മക്കളെന്നു വിളിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന നാം ഓരോരുത്തരുമാണ്. അന്നന്നത്തെ അപ്പത്തിനായി നീക്കി വച്ചിരുന്ന ഏക സമ്പാദ്യമായ രണ്ട് ചെമ്പ് നാണയം കാഴ്ചയിട്ട വിധവയും, അവശേഷിക്കുന്ന സമ്പത്തിന്റെ നാലിലൊന്നു ദരിദ്രർക്കു ദാനം നൽകിയ സക്കേവൂസും നമുക്ക് മാതൃകയാണ്.

വിശന്നുവലയുന്ന ആയിരങ്ങൾക്കുമുമ്പിൽ തന്റെ കൈയ്യിലുള്ളത് ഒന്നുമാവില്ല എന്ന തിരിച്ചറിവോടുകൂടിത്തന്നെ അഞ്ചപ്പവും രണ്ടു മീനും ഗുരുവിന്റെ പാദത്തിലർപ്പിച്ച ബാലനും, വംശമുറയ്ക്ക് വൈരീഗണത്തിൽപെടുത്താവുന്നവനാണ് വഴിയരികിൽ ആപത്തിൽപ്പെട്ടുകിടക്കുന്നതെന്നറിഞ്ഞിട്ടും കൈയ്യിലുള്ളതു മുഴുവനും നൽകി ഇനിയുമെന്തെങ്കിലും വേണമെങ്കിൽ താൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാമെന്ന് വാഗ്ദാനം നൽകി നടന്നകന്ന നല്ല സമരിയാക്കാരനുമെല്ലാം നമ്മുടെ മാതൃകകൾ തന്നെ. ജീവൻ ബലിയായ് നൽകി സ്നേഹിച്ച പുത്രന്റെ സ്നേഹത്തിന് മാറ്റുകൂട്ടിയവരാണ് അവർ. ഈ സ്നേഹഗണത്തിൽ അംഗങ്ങളാകുവാനുള്ള ക്ഷണമാണ് നോമ്പുകാലത്തിന്റെ ത്യാഗസ്മരണയിൽ കഴിയുന്ന ഓരോ ക്രൈസ്തവന്റെ മുമ്പിലും ദൈവം വയ്ക്കുന്നത്. അതിനായ് രൂപപ്പെടുത്തപ്പെട്ട "ദൈവത്തിന്റെ കരവേലയാണ് നാം. നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സൽപ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവർ" (എഫേ. 4:10) ദൈവം ഒരുക്കിയ സൽപ്രവൃത്തികൾ ചെയ്യുകവഴി "നമ്മുടെ സൽപ്ര

വൃത്തികൾ കണ്ട് മറ്റുള്ളവർ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനാണിത്". അങ്ങനെ നിങ്ങൾ ദൈവമക്കളാണെന്ന് തിരിച്ചറിയപ്പെടേണ്ടതിനും വേണ്ടി "നിങ്ങളുടെ പ്രകാശം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിതമാകേണ്ടിയിരിക്കുന്നു".

ദൈവസ്നേഹം നമ്മുടെ ഹൃദയത്തിൽ നിറയുമ്പോൾ സഹജീവികളിലേക്ക് പ്രത്യേകിച്ച് അവശരും സഹായം അർഹിക്കുന്നവരുമായവരിലേക്ക് അത് അണമുറിഞ്ഞൊഴുകുക തന്നെ ചെയ്യും. ആവശ്യകാര്യങ്ങളിൽ സഹായിക്കുവാനുള്ള നിങ്ങളുടെ സന്നദ്ധതയെ ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

'യാഹ്‌വെയുടെ ദരിദ്രർ' എന്ന ഒരു ഗണത്തെക്കുറിച്ച് പഴയ നിയമത്തിൽ പറയുന്നുണ്ട്. ദൈവത്തിന്റെ ഈ ദരിദ്രർക്കായി അവിടുന്ന് ഒരു നിയമമുണ്ടാക്കി. കൊയ്യുമ്പോൾവീഴുന്ന കതിരുകൾ പെറുക്കരുതെന്നും, വിളവെടുപ്പിനു ശേഷം മുന്തിരിത്തോട്ടത്തിൽ വീണ്ടും പാകമാകുന്ന മുന്തിരിക്കുലകൾ ശേഖരിക്കരുതെന്നും അത് തന്റെ ദരിദ്രർക്കുള്ളതാണെന്നും ആയിരുന്നു അത്. സംരക്ഷിക്കപ്പെടേണ്ട - സഹായിക്കപ്പെടേണ്ട യാഹ്‌വെയുടെ - ദൈവത്തിന്റെ - ദരിദ്രർ ഇന്നുമുണ്ട്. കൊയ്ത്തിനു ശേഷം പെറുക്കാൻ കാലാകളില്ലാതാകുമ്പോഴും രണ്ടാമതൊരു വിളകൂടി നൽകാൻ മുന്തിരിവള്ളിക്കു ശേഷി ഇല്ലാതാവുമ്പോഴും, ദൈവത്തിന്റെ ദരിദ്രരുടെ അവശതകൾ വർദ്ധിക്കുകയാണ്. ദൈവത്തിന്റെ കരവേലകളായ നിങ്ങളിലേക്കാണ് അവിടുന്ന് തന്റെ ദരിദ്രർക്കായി നോക്കുന്നത്. ഉചിതമായ തീരുമാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം അവിടുന്ന് നിങ്ങൾക്ക് നൽകിയിരിക്കുന്നു. വി. പൗലോസ് ശ്ലീഹായിലൂടെ നൽകപ്പെട്ട വചനം നമുക്ക് അനുസ്മരിക്കാം. "നമ്മളിൽ പ്രവർത്തിക്കുന്ന ശക്തിയിൽ നാം ചോദിക്കുന്നതിലും ആഗ്രഹിക്കുന്നതിലും വളരേക്കൂടുതൽ ചെയ്തുതരുവാൻ കഴിയുന്ന അവിടുത്തേയ്ക്ക് ..... എന്നേയ്ക്കും മഹത്വമുണ്ടാകട്ടെ". (എഫേ: 4:20)

നമ്മുടെ രൂപതയിൽ അവശത അനുഭവിക്കുന്നവർ യഥാർത്ഥത്തിൽ യാഹ്‌വെയുടെ ദരിദ്രരാണെന്നും അവരെ സഹായിക്കേണ്ടത് നമ്മുടെ കടമയാണെന്നുമുള്ള ചൈതന്യം ഉൾക്കൊണ്ടുകൊണ്ടാണ് സ്നേഹനിധി നമ്മൾ രൂപപ്പെടുത്തിയതും അതിലൂടെ അനേകരെ സഹായിക്കുന്നതും. നമ്മുടെ രൂപതയുടെ സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴിയും മണിമൂളി റീജിയണൽ സോഷ്യൽ സർവ്വീസ് സെന്റർ വഴിയും ആണ് ഇതുവരെ നാം സ്നേഹനിധിയുടെ വിതരണം

നടത്തിയിരുന്നത്. എന്നാൽ മാനന്തവാടിയിൽ നിന്നും വളരെ അകലങ്ങളിൽ താമസിക്കുന്നവർക്ക് പലപ്പോഴും സ്നേഹനിധിയുടെ ഗുണം ലഭിക്കാതെ പോകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ സമാഹരിക്കപ്പെടുന്ന സ്നേഹനിധി ഫൊറോനാ തലത്തിൽ ആയിരിക്കും ഇനിമുതൽ വിതരണം ചെയ്യുന്നത്. അതിനുള്ള സംവിധാനം ചെയ്തുവരുന്നു.

സ്നേഹനിധിയിലേയ്ക്ക് നിങ്ങളുടെ ഉദാരമായ സംഭാവനകൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ചെറുതും വലുതുമായ സംഭാവനകൾ ഇതോടൊപ്പമുള്ള കവറിൽ ഇട്ട് ഓശാന ഞായറാഴ്ച നിങ്ങൾ പള്ളിയിൽ വരുമ്പോൾ അവിടെ ഏൽപ്പിക്കണം എന്നഭ്യർത്ഥിക്കുന്നു. ഏവർക്കും അനുഗ്രഹപ്രദമായ ഉയർപ്പു തിരുനാൾ ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

എന്ന് സ്നേഹപൂർവ്വം,



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# സർക്കുലർ

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം – 2009

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

മെയ് ഒന്നാം തീയതി തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ ഓർമ്മദിനവും അന്താരാഷ്ട്ര തൊഴിലാളി ദിനവുമാണല്ലോ. എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ഈ ദിനത്തിന്റെ മംഗളാശംസകൾ നേരുന്നു. വി. യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥം വഴി ആത്മീയവും ഭൗതീകവുമായ നന്മകളാൽ തൊഴിലാളി സമൂഹം അനുഗ്രഹിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മുപ്പതു വയസുവരെ തന്റെ വളർത്തുപിതാവിന്റെ പണിശാലയിൽ കഠിനാദ്ധ്വാനം ചെയ്ത നമ്മുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ പ്രത്യേക കാരുണ്യവർഷം അദ്ധ്വാനിക്കുന്നവരുടെമേൽ ഉണ്ടാകുമെന്ന് ഉറപ്പാണ്.

തൊഴിൽകാര്യങ്ങൾക്ക് വേണ്ടിയാണ് കേരള കത്തോലിക്കാ മെത്രാൻസമിതിയിൽ ലേബർ കമ്മീഷൻ പ്രവർത്തിച്ചുവരുന്നത്. നമ്മുടെ രൂപതകൾക്കുള്ളിൽ വരുന്ന പ്രദേശങ്ങളിലെ തൊഴിലാളികളുടെ പ്രത്യേകിച്ചും അസംഘടിത തൊഴിലാളികളുടെ ആത്മീകവും ഭൗതികവുമായ നന്മയ്ക്കും പുരോഗതിയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെന്റാണത്. ഈ കമ്മീഷന്റെ കീഴിൽ കെ.എൽ.എം എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കേരളാ ലേബർ മൂവ്മെന്റിലൂടെയാണ് കമ്മീഷൻ അതിന്റെ ദൗത്യം പ്രധാനമായും നിർവ്വഹിക്കുന്നത്. കെ.എൽ.എം സർക്കാരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സൊസൈറ്റിയാണ്.

ലേബർ കമ്മീഷനും കെ. എൽ. എമ്മും പ്രധാനമായും സർക്കാരിനും തൊഴിലാളികൾക്കും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുകയാണിപ്പോൾ ചെയ്യുന്നത്. അതോടൊപ്പം സ്വന്തം നിലയിലും കെ. എൽ.എം തൊഴിലാളി ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. സർക്കാരും സർക്കാർ ഏജൻസികളും ആവിഷ്ക്കരിച്ചിട്ടുള്ള തൊഴിലാളി ക്ഷേമപദ്ധതികൾ അവർക്ക് കിട്ടാനുള്ള സാഹചര്യം ഒരുക്കുകയും അവ കിട്ടുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. അതുപോലെതന്നെ പുതിയൊരു തൊഴിൽ സംസ്കാരത്തിന് രൂപം കൊടുക്കാനും കെ.എൽ.എം ശ്രമിക്കുന്നു. കത്തോലിക്കാ സഭയുടെ

സാമൂഹിക പ്രബോധനങ്ങളിൽ തൊഴിലാളികളുടെ ഉന്നതിയ്ക്കും പുരോഗതിയ്ക്കും സവിശേഷ പ്രാധാന്യം കൊടുത്തിട്ടുണ്ട് എന്നതാണ് ഈ പ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാനം.

തൊഴിലിന്റെ മഹത്വത്തെയും തൊഴിലാളികളുടെ അവകാശങ്ങളെയും അന്തസിനെയും എക്കാലവും കത്തോലിക്കാ തിരുസഭ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നു:" തൊഴിൽ ചെയ്തുകൊണ്ടുവേണം മനുഷ്യൻ അനുദിനം ആഹാരം സമ്പാദിക്കുവാൻ. അതിലൂടെ ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും നിരന്തരമായ പുരോഗതിയെ ത്വരിതപ്പെടുത്തണം. സർവ്വോപരി, താൻ ഉൾപ്പെടുന്ന കുടുംബമാകുന്ന സമൂഹത്തിന്റെ സാംസ്കാരികവും ധാർമ്മികവുമായ നിലവാരം ഉയർത്തുവാൻ അതുവഴി നിരന്തരം സഹായിക്കുകയും വേണം. മനുഷ്യന്റെ ശാരീരികമോ, ബുദ്ധിപരമോ ആയ ഏതെങ്കിലുമൊരു പ്രവർത്തനമാണ് - അതിന്റെ സ്വഭാവവും സാഹചര്യവും എന്തൊക്കെ ആയാലും - തൊഴിൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്... മറ്റു ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വേർതിരിച്ചു കാണിക്കുന്ന സ്വഭാവ വിശേഷങ്ങളിൽ ഒന്നാണ് തൊഴിൽ...മനുഷ്യനു മാത്രമേ തൊഴിൽ ചെയ്യുവാൻ സാധിക്കുകയുള്ളു. മനുഷ്യൻ മാത്രമാണ് തൊഴിൽ ചെയ്യുന്നത്. മനുഷ്യൻ മാത്രമാണ് തൊഴിൽ ചെയ്യുകയും അതുവഴി തന്റെ അസ്തിത്വത്തെ ഭൂമിയിൽ നിലനിർത്തുകയും ചെയ്യുന്നത്. (ജോൺ പോൾ 2, തൊഴിൽ 0). അതുകൊണ്ടാണ് ജോലി ചെയ്യാത്തവർ ഭക്ഷണം കഴിക്കാൻ പാടില്ലായെന്ന് പൗലോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നത് (2 തെസ. 3: 10) തൊഴിലിനേയും തൊളിലാളികളെയും വളരെ ഗൗരവത്തോടെയാണ് തിരുസഭ ഉൾകൊള്ളുന്നത് എന്ന് പരി. പിതാവിന്റെ വാക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ലോകജനതയെ മുഴുവൻ സാമ്പത്തിക മാന്ദ്യം വലയം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ തൊഴിലാളിദിനം ആചരിക്കപ്പെടുന്നത്. സാമ്പത്തികമായി വളരെ മുന്നോക്കം നിൽക്കുന്ന പാശ്ചാത്യ നാടുകളിൽ നിന്നാണ് സാമ്പത്തിക മാന്ദ്യത്തിന്റെ വിഷപ്പുക വമിയ്ക്കാൻ തുടങ്ങിയത് എന്നതാണ് ഇതിന്റെ പ്രത്യേകത. ധനാസക്തി, ഉപഭോഗാസക്തി എന്നിവയുടെ പിന്നാലെ പാഞ്ഞ ചിലർ ഒരുക്കിയ ചതിക്കുഴികളിൽ നിന്നാണ് സാമ്പത്തിക മാന്ദ്യത്തിന് തുടക്കം കുറച്ചിട്ടുള്ളത്. "ധനാസക്തിയാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം" (1 തിമോത്തി 6:10) എന്ന വിശുദ്ധ ഗ്രന്ഥ വചനം ശ്രദ്ധിക്കുക.

ഈ സാമ്പത്തിക മാന്ദ്യം എല്ലാവരേയും ബാധിക്കും. എന്നാൽ ആവശ്യത്തിലേറെ സമ്പാദിച്ചു വച്ചിട്ടുള്ള ധനാഢ്യരെ സംബന്ധിച്ച് അതത്ര പ്രശ്നമല്ല. കാരണം അവരുടെ സുഖസൗകര്യങ്ങളിൽ വലിയ കുറവുവരുത്താതെ തന്നെ അവർക്കതിനെ നേരിടാൻ കഴിയും. സാമ്പത്തിക മാന്ദ്യത്തിന്റെ ഏറ്റവും വലിയ ബലിയാടുകൾ തൊഴിലാളികളാണ്. ഇപ്പോഴത്തെ ആഗോളമാന്ദ്യം മൂലം ലോകത്ത് അമ്പത് കോടിയിൽ പരം പേർക്ക് തൊഴിൽ നഷ്ടപ്പെടുമെന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടന കണക്കുകൂട്ടിയിരിക്കുന്നത്. നമ്മുടെ കൊച്ചു കേരളത്തിൽ തന്നെ മുപ്പത്തിയെട്ടു ലക്ഷത്തിൽപരം പേരുടെ തൊഴിലിനെ സാമ്പത്തിക മാന്ദ്യം ബാധിക്കുമെന്നാണ് സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് കേരളസർക്കാരിനുവേണ്ടി നടത്തിയ പഠനത്തിൽ നിന്നും വെളിവാകുന്നത്. ചെറുകിട കർഷകരേയും കർഷകതൊഴിലാളികളേയുമാണ് സാമ്പത്തിക മാന്ദ്യം കേരളത്തിൽ ഏറ്റവും ശക്തമായി ബാധിക്കുന്നത്. മത്സ്യതൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, കയർ-കശുവണ്ടി തൊഴിലാളികൾ എന്നിവരെയും സാമ്പത്തിക മാന്ദ്യം ബുദ്ധിമുട്ടിലാക്കും. കാരണം അവരുണ്ടാക്കുന്ന ഉല്പന്നങ്ങൾ വാങ്ങാൻ ആളില്ലാതെ വരും. അപ്പോൾ കമ്പനികൾ ജോലിക്കാരെ പിരിച്ചു വിടും. നമ്മുടെ രാജ്യത്തിന്റെ വളർച്ചാ നിരക്ക് തന്നെ രണ്ടു മുതൽ രണ്ടര ശതമാനം വരെ പുറകോട്ടായി കഴിഞ്ഞുവെന്നാണ് ഔദ്യോഗിക കണക്കുകൾ കാണിക്കുന്നത്. ഏഴു ശതമാനമാണ് ഈ വർഷത്തെ പ്രതീക്ഷിത വളർച്ചാ നിരക്ക്. എന്നാൽ ഏറ്റവും ഗൗരവമേറിയ കാര്യം നമ്മുടെ ജനതയിലെ അറുപത്തിയഞ്ച് ശതമാനം പേരും കൃഷി, മത്സ്യബന്ധനം, കന്നുകാലി വളർത്തൽ എന്നിവ ഉൾപ്പെടുന്ന പ്രാഥമിക മേഖലയിലാണ് പ്രവർത്തിക്കുന്നത് എന്നതാണ്. ഈ രംഗത്തുള്ള വളർച്ചാ നിരക്ക് മൂന്നു ശതമാനത്തിൽ താഴെമാത്രമായിരിക്കുമെന്നാണ് സൂചന.

ഇതുമൂലം അടിസ്ഥാന തൊഴിലാളികളുടെയും ചെറുകിട കർഷകരുടെയും ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകും. ക്ഷാമകാലത്തെ നേരിടാനായി പൂർവ്വപിതാവായ യൗസേപ്പിതാവിന്റെ വിവേകത്തോടെ പെരുമാറാൻ തൊളിലാളി വിഭാഗം തയ്യാറാകേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഒരു ദശകക്കാലമായി നമ്മുടെ രാജ്യം വികസന കുതിപ്പിലാണെന്നത് അഭിമാനാർഹമായ കാര്യമാണ്. ലോകത്തിലെ ശതകോടീശ്വരന്മാരുടെ എണ്ണത്തിൽ ഇന്ത്യ നാലാം സ്ഥാനത്താണ്. പക്ഷേ ഈ നേട്ടങ്ങൾ നമ്മുടെ രാജ്യത്തെ അടിസ്ഥാന ജനവിഭാഗങ്ങളിലേയ്ക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലാ എന്നതാണ് വസ്തുത. കർഷകരുടെ ഇടയി

ലുള്ള ആത്മഹത്യകൾ പോലെയുള്ള ദുരന്തങ്ങൾ സൂചിപ്പിക്കുന്നത് അതാണ്. ഐക്യരാഷ്ട്ര സംഘടന കഴിഞ്ഞ വർഷം പുറത്തിറക്കിയ മനുഷ്യവികസന സൂചികയിൽ (Human Development Index) ഇന്ത്യയുടെ സ്ഥാനം നൂറ്റിയിരുപത്തിയെട്ടാണ്. ഒരു വർഷം മുമ്പ് അത് നൂറ്റിയിരുപത്തിയാറായിരുന്നു. കണ്ണഞ്ചിപ്പിക്കുന്ന വികസിതകുതിപ്പിനിടയിലും അടിസ്ഥാന തൊഴിലാളി വിഭാഗങ്ങളുടെ ജീവിത നിലവാരം താഴോട്ട് പോകുകയാണെന്ന് ഇത് സൂചിപ്പിക്കുന്നു.

ദാരിദ്ര്യത്തെ വിശകലനം ചെയ്യുന്നതിനെ സംബന്ധിച്ച മാനദണ്ഡം ലോകബാങ്ക് ഈയിടെ പുതുക്കി നിശ്ചയിക്കുകയുണ്ടായി. പ്രതിദിനം രണ്ടു ഡോളറിൽ (ഏകദേശം നൂറ് രൂപ) കുറവ് വരുമാനം ലഭിക്കുന്നവരെയാണ് ദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടത്തിയിരിക്കുന്നത്. പ്രതിദിനം ഒന്നേകാൽ ഡോളർ പോലും ലഭിക്കാത്തവരെ പരമദരിദ്രർ എന്നാണ് വിശേഷിപ്പിക്കുന്നത്. ഇന്ത്യയിലെ ജനങ്ങളിൽ എഴുപത്തിയഞ്ച് ശതമാനം പേരേയും ദരിദ്രരുടെ പട്ടികയിലാണ് പെടുത്തിയിരിക്കുന്നത്. പരമദരിദ്രരാവട്ടെ മൊത്തം ഇന്ത്യക്കാരുടെ നാൽപത്തിയൊന്ന് ശതമാനമാണ്.

2006 ജനുവരിയിൽ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ സമ്മേളനത്തിൽ വത്തിക്കാന്റെ പ്രതിനിധി ഇപ്രകാരം പറയുകയുണ്ടായി:"ആഗോളീകരണത്തിന്റെ ഭാഗമായുള്ള സമ്പത്വ്യവസ്ഥയുടെ ഉദാരവൽക്കരണം വഴി കൂടുതൽ കൂടുതൽ സമ്പത്ത് ഉണ്ടായിട്ടുണ്ട്. എന്നാൽ വളരെ വർദ്ധിച്ചിട്ടും ഈ സമ്പത്തിന്റെ സദ്ഫലങ്ങൾ കൊയ്തെടുക്കുന്നതിൽ രാഷ്ട്രങ്ങൾ തമ്മിലും രാഷ്ട്രങ്ങളുടെ ഉള്ളിലും വ്യത്യാസം ഉണ്ടായിട്ടുണ്ടെന്ന് ധാരാളം തെളിവുകളുണ്ട്. അന്തസുള്ള തൊഴിലിന്റെ മാനദണ്ഡങ്ങൾ വച്ച് അളന്നാൽ വളരെ പേർ സാമൂഹിക നേട്ടങ്ങൾ ആസ്വദിക്കുന്നതിൽ നിന്നും തഴയപ്പെട്ടിരിക്കുകയാണെന്ന് കാണാം. കാരണം അപമാനകരമായ വിധത്തിൽ അവർ ചൂഷണം ചെയ്യപ്പെടുന്നു".

ഇതേകാര്യത്തെപ്പറ്റി പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ 2009 ജനുവരി 1 ന് നൽകിയ ലോകസമാധാനദിന സന്ദേശത്തിൽ ഇപ്രകാരം പറയുന്നു "ഇന്നത്തെ ആഗോളീകൃത ലോകത്തിൽ എല്ലാവർക്കും ന്യായമായി വളരാനുള്ള അവസരം നൽകിയെങ്കിൽ മാത്രമേ സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളു എന്ന് വ്യക്തമാണ്. അനീതി നിറഞ്ഞ സാമൂഹിക ക്രമം സൃഷ്ടിച്ചിട്ടുള്ള വ്യതിയാനങ്ങൾക്ക് ഉടനെ അല്ലെങ്കിൽ അധികം വൈകാതെ എല്ലാവരും വില നൽകേണ്ടി വരും. മരുഭൂമിയുടെ നടുവിൽ ആഢംബരം നിറഞ്ഞ ഭവനം നിർമ്മിക്കുകയെന്നത് ശുദ്ധവിഢിത്തമാണ്".

നമ്മുടെ രാജ്യത്ത് ഏറെയും അസംഘടിത മേഖലയിലെ തൊഴിലാളികളാണ് എന്ന് നാം പറഞ്ഞു. സംഘടിത മേഖലയിൽ പോലും സാമൂഹിക തൊഴിൽ സുരക്ഷ ലഭിക്കാത്തവർ ധാരാളം ഉണ്ട്. കർഷകത്തൊഴിലാളികൾ, ചെറുകിട കർഷകർ (അഞ്ചേക്കർ കൃഷി ഭൂമിയിൽ താഴെയുള്ളവർ), മത്സ്യത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, കയർ-കശുവണ്ടി തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, പീടിക തൊഴിലാളികൾ തുടങ്ങിയ നൂറിൽപരം വിഭാഗങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ലിസ്റ്റിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ ദേശീയ വരുമാനത്തിന്റെ അറുപത് ശതമാനത്തിൽ അധികം ഈ വിഭാഗത്തിന്റെ സംഭാവനയാണെങ്കിലും ഈ വിഭാഗത്തിന്റെ സാമൂഹിക ക്ഷേമത്തിനും സുരക്ഷയ്ക്കുമുള്ള സമഗ്രനിയമങ്ങൾ ഒന്നുംതന്നെ കഴിഞ്ഞ ആറ് പതിറ്റാണ്ടുകൾക്കിടയിൽ രൂപീകരിക്കപ്പെട്ടിരുന്നില്ലാ എന്നത് ഖേദകരമാണ്. അതുകൊണ്ട് തന്നെ ഈ അടുത്തകാലത്ത് കേന്ദ്രസർക്കാർ പാസാക്കിയ അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ ആക്ട് - 2008 ഈ രംഗത്തുള്ള വലിയ കാൽവെയ്പ്പായിട്ടാണ് കാണുന്നത്. ഈ നിയമം കൊണ്ടുവരുന്നതിൽ കെ.എൽ.എം. വളരെ അധികം നീക്കങ്ങൾ നടത്തിയിരുന്നു. നിയമം അതിന്റെ പൂർണ്ണ ഉദ്ദേശ്യശുദ്ധിയോടെ നടപ്പിലാക്കാൻ വേണ്ട പിന്തുണയും സഹകരണവും തൊഴിലാളി സമൂഹവും തൊഴിലാളി സംഘടനയും നൽകണം.

തൊഴിലാളി സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങളുമായി ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ തിരുസഭ എന്നും തയ്യാറായിട്ടുണ്ട്. ആധുനിക കാലഘട്ടത്തിലെ തിരുസഭയുടെ പ്രഥമ സാമൂഹിക പ്രബോധനമായ റേരും നൊവാരും 1891 ൽ ഭാഗ്യസ്മരണാർഹനായ ലെയോ 13-ാമൻ മാർപാപ്പ പുറത്തിറക്കിയത് തൊഴിലാളി സമൂഹത്തിനുവേണ്ടിയായിരുന്നു. ഇതിനെത്തുടർന്ന് ധാരാളം സാമൂഹിക ലേഖനങ്ങൾ പരിശുദ്ധ പിതാക്കന്മാർ പുറത്തിറക്കിയിട്ടുണ്ട്. തിരുസഭയുടെ നേതൃത്വത്തിൽ തൊഴിലാളി പ്രവർത്തനങ്ങൾ പലതലത്തിലും നടത്തിവരുന്നുണ്ട്. തൽസംബന്ധമായി രണ്ടാം വത്തിക്കാൻ സൂനഹദോസ് പറയുന്നു " ഈ കാലഘട്ടത്തിലെ മനുഷ്യരുടെ വിശിഷ്യ പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠകളുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണ്. ഈ ധർമ്മം നിർവ്വഹിക്കുവാൻ കാലത്തിന്റെ അടയാളങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്ത് സുവിശേഷവെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ സഭ എല്ലായ്പ്പോഴും ബാധ്യസ്ഥയത്രേ". (സഭആധുനിക ലോകത്തിൽ 1 & 4)

"ഇക്കാരണത്താൽ തന്നെ തൊഴിലിന്റെ കർത്താവിനെപ്പറ്റിയും അവന്റെ ജീവിത സാഹചര്യങ്ങളെപ്പറ്റിയും നിരന്തരമായ പഠനം നടത്തേണ്ടിയിരിക്കുന്നു"(ജോൺ പോൾ 2, തൊഴിൽ 85). ഈ അടിസ്ഥാന കാഴ്ചപ്പാടിലൂടെയാണ് തിരുസഭ തന്റെ സാമൂഹിക പ്രബോധന ദൗത്യം നിർവ്വഹിക്കുന്നത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന കേരളലേബർ മൂവ്മെന്റാണ് കേരളകത്തോലിക്കാ സഭയുടെ തൊഴിലാളി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് എന്ന് തുടക്കത്തിൽ നാം കണ്ടു. കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കൊണ്ടുതന്നെ കേരളത്തിലെ എല്ലാ രൂപതകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിക്കാൻ കെ.എൽ.എം ന് സാധിച്ചിട്ടുണ്ട്. സഭയുടെ തൊഴിലാളി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ശക്തമായ അല്മായ നേതൃത്വത്തെ ഇതിലൂടെ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്.

സമകാലിക സാമൂഹിക സാഹചര്യങ്ങളിൽ തൊഴിൽ മേഖലകളിൽ ധാരാളം പുതിയ പുതിയ പ്രശ്നങ്ങൾ രൂപപ്പെട്ടുവരുന്നുണ്ട്. സാമ്പത്തിക മാന്ദ്യം, വികസനത്തിന്റെ സദ്ഫലങ്ങൾ താഴെത്തട്ടിലേയ്ക്ക് വിതരണം ചെയ്യപ്പെടാതിരിക്കൽ, ക്ഷേമരാഷ്ട്ര ആശയത്തിൽനിന്നുള്ള സർക്കാരിന്റെ പിൻമാറ്റം, കമ്പോള സംസ്ക്കാരത്തിന്റെ വളർച്ച, ഭൗതിക മൂല്യങ്ങളുടെ സ്വാധീനം, ട്രേഡ് യൂണിയനുകൾക്കുണ്ടായിട്ടുള്ള മൂല്യച്യുതി, തൊഴിലാളി ചൂഷണം തുടങ്ങിയ ധാരാളം പ്രശ്നങ്ങൾ ഉണ്ട്.

ഇത്തരം കാര്യങ്ങളിൽ സമഗ്രമായ കാഴ്ചപ്പാടോടുകൂടിയുള്ള പ്രവർത്തനപരിപാടികൾ ആവിഷ്ക്കരിക്കാൻ കെ.എൽ.എം ന് കഴിയുന്നുണ്ട് എന്നത് അഭിമാനാർഹമാണ്. അദ്ധ്വാനത്തിന്റെ ശ്രേഷ്ഠതയും മഹത്വവും ഉയർത്തിപ്പിടിക്കുന്ന തൊഴിൽ സംസ്കാരം വ്യാപിപ്പിക്കുക, സമകാലിക സാമൂഹിക - സാമ്പത്തിക സാഹചര്യങ്ങൾ തൊഴിലാളികൾക്കുമുന്നിൽ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ അവരെ ശക്തീകരിക്കുക, പുത്തൻ സാങ്കേതിക പരിജ്ഞാനവും ആധുനിക യന്ത്രോപകരണങ്ങളും പുത്തൻ പ്രവണതകളും തൊഴിലാളികൾക്ക് ലഭ്യമാകാൻ അവസരം ഒരുക്കുക, സർക്കാരിന്റെയും ഇതര ഏജൻസികളുടെയും വിവിധ ക്ഷേമപദ്ധതികളുടെയും ഗുണഭോക്താക്കളായി മുഴുവൻ തൊഴിലാളികളെയും മാറ്റുക, തൊഴിലാളികളുടെ നേതൃത്വത്തെ പരിപോഷിപ്പിക്കുകയും സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള അഞ്ച് പ്രവർത്തന പദ്ധതികളുമായിട്ടാണ് കെ.എൽ.എം മുന്നോട്ടു പോകുന്നത്.

തൊഴിലാളികളുടെ ശക്തീകരണത്തിന് ഫലപ്രദമായ ഒരു പ്രവർത്തനമാണ് തൊഴിലാളി സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം. ഇതിന്റെ തുടർച്ചയായി തൊഴിലാളി ഫോറങ്ങൾ രൂപപ്പെടുത്തണം. വിവിധ തലങ്ങളിൽ ഇടവക പ്രവർത്തനങ്ങളുടെ കോ-ഓഡിനേഷന് വേണ്ടിയുള്ള സംവിധാനങ്ങൾ ഉണ്ടാവണം. എല്ലാ രൂപതകളിലും തൊഴിലാളി നേതൃത്വം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. രൂപതാ സാമൂഹിക പ്രവർത്തന സംവിധാനങ്ങൾ വഴിയായിട്ടാണ് സാധാരണ കെ.എൽ.എം പ്രവർത്തിച്ചു വരുന്നത്. ഇന്ന് എല്ലാ ഇടവകകളിലും തന്നെ സ്വയം സഹായസംഘങ്ങൾ, ക്രെഡിറ്റ് യൂണിനുകൾ മുതലായവ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സംഘങ്ങളിലുള്ള തൊഴിലാളികളുടെ ഏകോപനം വിവിധ തൊഴിലാളി ഫോറങ്ങൾ വഴി നടത്തപ്പെടണം. എല്ലാ തൊഴിലാളികളെയും സംഘടിതരാക്കണം.

കേരള സർക്കാരിന്റെ നേതൃത്വത്തിൽ ഇരുപത്തിയഞ്ചിൽ പരം തൊഴിലാളി ക്ഷേമപദ്ധതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ തൊളിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ നാം ശ്രദ്ധിക്കണം. ആദ്യമായി ഈ രംഗത്ത് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികളെപ്പറ്റി അറിവുണ്ടാവുക അത്യാവശ്യമാണ്. ക്ഷേമനിധികളെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ച് ഒരു കൈപുസ്തകം കെ.എൽ.എം അടുത്തയിടെ പുറത്തിറക്കിയിട്ടുണ്ട്. ജെ. ബി. വൈ എന്ന കേന്ദ്രസർക്കാർ സ്പോൺസേർഡ് ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ അസംഘടിത തൊഴിലാളികൾക്കും അംഗങ്ങളാവാൻ കഴിയും. ജീവൻ മധൂർ പോലെയുള്ള ഇൻഷ്വറൻസ് വഴിയുള്ള പണം ശേഖരിക്കാനും, കാലക്രമേണ എല്ലാവർക്കും പെൻഷൻ ലഭിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്താനും വേണ്ട ഒത്താശകൾ ചെയ്യാൻ കെ.എൽ.എം പരിശ്രമിച്ചു വരുന്നു.

മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് രോഗീചികിത്സയ്ക്ക് സഹായം ലഭിക്കുന്ന മെഡിക്ലെയിം ഇൻഷ്യൂറൻസ് പദ്ധതികൾ. എല്ലാ തൊഴിലാളികളും മെഡിക്ലെയിം ഇൻഷ്യൂറൻസിൽ അംഗങ്ങളാവണം. ഇതിനായി ഒട്ടുമിക്ക രൂപതകളിലെയും സാമൂഹിക സേവന വിഭാഗത്തിന്റെ കീഴിൽ ഇൻഷ്യൂറൻസ് സംബന്ധിയായ കാര്യങ്ങൾ ചെയ്തു വരുന്നുണ്ട്. അത് എല്ലാ തൊഴിലാളികളിലേയ്ക്കും വ്യാപിപ്പിക്കാൻ രൂപതാ കെ.എൽ.എം ഘടകങ്ങൾ നേതൃത്വം നൽകണം. തൊഴിലാളികളുടെ ക്ഷേമനിധി പ്രവേശനം, ഇൻഷ്വറൻസ് സംബന്ധിയായ കാര്യങ്ങൾ എന്നിവയ്ക്ക് വേണ്ട ഉപദേശവും നേതൃത്വവും കെ.എൽ.എം നൽകുന്നതാണ്.

തൊഴിൽ അന്വേഷകരേയും, തൊഴിൽ സ്ഥാപനങ്ങളെയും രജിസ്റ്റർ ചെയ്യുന്ന കേരള ലേബർ ഓർഗനൈസേഷന്റെ പ്രവർത്തനങ്ങളും കെ.എൽ.എം നടത്തുന്നുണ്ട്. അതും എല്ലാ രൂപതകളിലേയ്ക്കും വ്യാപിപ്പിക്കണം. ഇപ്പോൾതന്നെ ഇതിലേയ്ക്കായി മൂന്ന് വെബ്സൈറ്റുകൾ (www. Keralalabour.org, www.medicarrier.in, www.jobtech.in) കെ.എൽ.എം തയ്യാറാക്കി നടത്തിവരുന്നുണ്ട്. ജോലി തേടുന്നവരേയും ജോലി തരാൻ സാധ്യതയുള്ളവരേയും ഒരേ വേദിയിൽ കൊണ്ടുവരുന്ന ഒരു പ്രസ്ഥാനമാണ് ഈ സൈറ്റുകൾ. ജോലി അന്വേഷിച്ച് വിവിധ സ്ഥലങ്ങളിൽ പോകുമ്പോഴുണ്ടാവുന്ന സമയനഷ്ടവും പണനഷ്ടവും എല്ലാം ഇതിലൂടെ ഇല്ലാതാക്കാൻ കഴിയും. രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും കെ.എൽ.എം ഉം ഈ കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുക്കണം.

തൊഴിൽ സാമ്പത്തിക രംഗങ്ങളിൽ വൻ പ്രതിസന്ധികളുടെ കാർമേഘം ഉരുണ്ടുകൂടി വരുന്ന ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ ശക്തീകരണത്തിന് ഉപയുക്തമായ പ്രവർത്തനങ്ങൾ നമ്മുടെ എല്ലാ ഇടവകകളിലും ഉണ്ടാവേണ്ടിയിരിക്കുന്നു. കെ.എൽ.എം ന്റെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. ഒരു പക്ഷേ പുതിയൊരു പ്രസ്ഥാനം തുടങ്ങുന്നതിനുപകരം നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഇതു ചെയ്യുകയാവും കാരണീയവും എളുപ്പവും. അതുപോലെ തന്നെ പെട്ടെന്നുള്ള ഫലങ്ങൾ ഇതിൽ നിന്നും പ്രതീക്ഷിക്കുകയും ചെയ്യരുത്.

തൊഴിൽ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണ്. ഏതു തരത്തിലും തലത്തിലുമുള്ള തൊഴിലും മാന്യതയുള്ളതാണ് എന്ന് നാം മനസിലാക്കണം. അതുപോലെ ഏതുതരം തൊഴിൽ ചെയ്യുന്നവരും മാന്യതയും അംഗീകാരവും അർഹിക്കുന്നവരാണ് എന്ന കാര്യവും നാം അനുസ്മരിക്കണം. മലയാളിയുടെ ദുരഭിമാനബോധമാണ് നമുക്ക് പലതിനും തടസമായി നിൽക്കുന്നത് എന്നതൊരു വസ്തുതയാണ്. വെള്ളക്കോളർ ജോലിമാത്രം ജോലിയായി കണക്കാക്കുന്ന ഒരു ജനതയ്ക്ക് പുരോഗതി ഉണ്ടാവുക എളുപ്പമല്ല. അതുപോലെതന്നെ എന്തിനും ഏതിനും സമരം, ബന്ദ് മുതലായവ ചെയ്യുന്നതും അതുവഴി ഉൽപാദനം തടസ്സപ്പെടുത്തുന്നതും ശരിയായ ഒരു പ്രവണതയല്ല. ഒരു പരിധിവരെ ജോലിയെടുക്കാതെ പണം സമ്പാദിക്കാനുള്ള തൃഷ്ണയാണ് ഇത്തരം പ്രവണതകൾക്ക് പിന്നിൽ പ്രവർത്തിക്കുന്നത് എന്ന് പറയേണ്ടിയിരിക്കുന്നു. അതൊരിക്കലും നമ്മെ പുരോഗതിയിലേയ്ക്ക് നയിക്കുകയില്ല. തീഷ്ണമതിയായ വി. പൗലോസ് അപ്പസ്തോലന്റെ

വർഷാചരണത്തിന്റെ ഇടയിലാണ് 2009 ലെ മെയ് ദിനം കടന്നു വരുന്നത്. അലസത കൂടാതെ അദ്ധ്വാനിക്കാനുള്ള ആഹ്വാനമാണ് വി. പൗലോസ് നമുക്ക് നൽകുന്നത്. തന്നെ അനുകരിക്കേണ്ടത് എങ്ങിനെയെന്ന് വി. പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നുണ്ട്."ആരിൽനിന്നും ഞങ്ങൾ അപ്പം ദാനമായി വാങ്ങി ഭക്ഷിച്ചിട്ടില്ല. മറിച്ച് ആർക്കും ഭാരമാകാതിരിക്കാൻവേണ്ടി ഞങ്ങൾ രാപകൽ കഷ്ടപ്പെട്ട് കഠിനാദ്ധ്വാനം ചെയ്തു. ഞങ്ങൾക്ക് അവകാശം ഇല്ലാഞ്ഞിട്ടല്ല, പ്രത്യുത അനുകരണാർഹമായ ഒരു മാതൃക നിങ്ങൾക്ക് നൽകുവാനാണ് ഇങ്ങനെ ചെയ്തത്" (2 തെസ.3: 7-9)

നമ്മുടെ രാജ്യത്തെ കർഷകർ ഉൾപ്പെടെയുള്ള അസംഘടിത തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ അതിജീവിക്കാൻ പുതിയ കാഴ്ചപ്പാടും പുതിയ മനോഭാവവും പുതിയ പ്രവർത്തനശൈലിയും സ്വാംശീകരിക്കാൻ നാം തയ്യാറാവുമെന്ന് ഈ മെയ്ദിനത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം. ഒന്നിച്ചു നിന്ന് വികസനത്തിനും നന്മയ്ക്കുമായി നമുക്ക് മുന്നേറാം. "പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കുവിൻ (ഗലാ. 6: 2) എന്ന അപ്പസ്തോല വചനങ്ങൾ നമുക്ക് ഓർക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

ഒരിക്കൽക്കൂടി എല്ലാവർക്കും മെയ്ദിനാശംസകൾ നേരുന്നു.

**മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ. സി. ബി. സി. ലേബർ കമ്മീഷൻ

**മാർ ജയിംസ് പഴയാറ്റിൽ**
വൈസ് ചെയർമാൻ

**ഡോ. ജോസഫ് കാരിക്കശ്ശേരി**
വൈസ് ചെയർമാൻ

*NB:- ഈ സർക്കുലർ 2009 ഏപ്രിൽ മാസം 26 ന് വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

**Vol.** 4

# സർക്കുലർ

***Circular Letter No. 06/2009***
***Prot. No. 8014/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ഇടവകത്തിരുനാളുകളോടനുബന്ധിച്ച് വിവിധ കലാപരിപാടികൾ നടത്തുന്ന ഒരു പതിവുണ്ടല്ലോ. ഇടവകയിലുള്ളവരുടെ, പ്രത്യേകിച്ച് കുട്ടികളുടെ, കലാവാസനകളുടെ പ്രോത്സാഹനം, ഇടവകക്കാരും അല്ലാത്തവരുമായ തദ്ദേശവാസികളുടെ സാമൂഹ്യവിനോദം തുടങ്ങിയവ ലക്ഷ്യം വച്ചാണ് അവ തുടങ്ങിയിട്ടുള്ളത്. ഈ കലാപരിപാടികളിൽ പലതും ഇടവകക്കാർ തന്നെ പങ്കെടുത്ത് നടത്തുന്നതുമാണ്. അവയുടെ ശരിയായ അർത്ഥത്തിലും അരൂപിയിലും അവ നടത്തെപ്പെടുകയാണെങ്കിൽ വളരെ നല്ല കാര്യമാണ്.

അതേ സമയം തന്നെ കാലഘട്ടത്തിന്റെ പ്രത്യേകതകളും ഇവ നടത്തുന്നതിൽ നാം പരിഗണിയ്ക്കണം. വിനോദത്തിനായി മറ്റ് അവസരങ്ങളും മാധ്യമങ്ങളും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ പള്ളിത്തിരുനാളുകളോടനുബന്ധിച്ചുള്ള കലാപരിപാടികൾക്ക് കൂടുതൽ പ്രസക്തിയുണ്ടായിരുന്നു. എന്നാൽ ഇന്നാകട്ടെ ടെലിവിഷനും ഇന്റർനെറ്റും മറ്റും വിനോദത്തിന്റെ മാനങ്ങൾ മാറ്റിമറിച്ചിരിയ്ക്കുന്നു. ഒരു കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗപ്പെടുത്തിയിരുന്ന സിനിമാതിയേറ്ററുകൾ പോലും ഇന്ന് അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ്. കാരണം വിനോദോപാധികൾ സ്വന്തം വീട്ടിൽ തന്നെയുണ്ട്. അതുപോലെതന്നെ കുട്ടികൾക്ക് തങ്ങളുടെ കഴിവുകൾ വികസിപ്പിക്കാനുള്ള വേദികളും വർദ്ധിച്ചിരിയ്ക്കുന്നു.

കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ആളുകൾ കൂടുതൽ ഇഷ്ടപ്പെടുന്ന കലാരൂപങ്ങളും മാറിക്കൊണ്ടിരിയ്ക്കും. ഇന്ന് കൂടുതലായി ആളുകൾ, പ്രത്യേകിച്ച് യുവജനങ്ങൾ, ഇഷ്ടപ്പെടുന്ന കലാരൂപം

ഗാനമേളകളാണ്. എന്നാൽ അച്ചടക്കത്തോടും നിശ്ശബ്ദതയോടും കൂടി കേട്ടിരിയ്ക്കേണ്ട ഒരു കലാരൂപം എന്ന നിലയിൽ നിന്ന് പാട്ടുകാർക്കൊപ്പം ആടുകയും പാടുകയും ചെയ്യുന്ന ഒരു രീതിയാണിന്ന് കണ്ടുവരുന്നത്. ഈ രീതി ഗാനങ്ങൾ ശാന്തമായി കേട്ട് ആസ്വദിയ്ക്കാൻ വരുന്നവർക്ക് തടസ്സം സൃഷ്ടിക്കുന്നു എന്ന് മാത്രമല്ല അവരുമായി വാക്കേറ്റത്തിനും വഴക്കിനും അടിപിടിയ്ക്കും മറ്റും കാരണമാകുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം വഴക്കുണ്ടാക്കുന്നവരിൽ പലരും ഇടവകക്കാരല്ലെന്ന് മാത്രമല്ല മദ്യപിച്ച് മന:പൂർവ്വം വഴക്കുണ്ടാക്കാൻ വരുന്നവരുമാണ്. പലരും മുൻവൈരാഗ്യങ്ങൾ തീർക്കാനുള്ള ഒരു വേദിയായും ഇടവകകളിലെ ഗാനമേളകളെ കാണുന്നുണ്ട് എന്നതും പ്രസ്താവ്യമാണ്.

ഗാനമേള ട്രൂപ്പുകാർ ഭക്തിഗാനങ്ങളോ അഥവാ പള്ളിയുടെ അന്തരീക്ഷത്തിന് ചേർന്നതോ ആയ ഗാനങ്ങൾ ആലപിച്ചാൽ അത് സമ്മതിയ്ക്കാതിരിക്കുകയും പകരം അതാത് സമയങ്ങളിൽ യുവജനങ്ങളുടെ ഇടയിൽ ഹിറ്റായിട്ടുള്ള സിനിമാഗാനങ്ങൾ പാടാൻ ആവശ്യപ്പെടുകയും ചെയ്യും. അവ പാടാതിരുന്നാൽ ഗാനമേളയ്ക്കായി എത്തിയിരിക്കുന്നവരെ കയ്യേറ്റം ചെയ്യുന്നിടത്തു വരെ കാര്യങ്ങൾ എത്തിയിരിക്കുന്നു. കയ്യേറ്റം ചെയ്യാൻ ഒരിടത്ത് അവസരം കിട്ടിയില്ലെങ്കിൽ അവർ ഗാനമേള നടത്തുന്ന മറ്റേതെങ്കിലും സ്ഥലത്ത് പോയി അവരെ കയ്യേറ്റം ചെയ്യുന്ന രീതിയും നിലവിൽ വന്നുകഴിഞ്ഞു. ഈ വഴക്കിലും അടിപിടിയിലും ഇടവകത്തിരുനാളിന്റെ അച്ചടക്കകാര്യങ്ങൾ നിയന്ത്രിക്കുന്നവരാണ് പലപ്പോഴും ഇരകളാകുന്നത്. കാരണം എന്തെങ്കിലും അനിഷ്ടസംഭവം നടക്കുമ്പോൾ അവർ തടസ്സം പിടിയ്ക്കാൻ ചെല്ലണമല്ലോ. അക്രമം നടത്തിയവർ രക്ഷപെടുകയും ചെയ്യുന്നു. കൈക്കാരന്മാർ, തിരുനാൾ കമ്മിറ്റി അംഗങ്ങൾ, വോളന്റിയേഴ്സ് തുടങ്ങിയവരെല്ലാം ഇപ്രകാരം ആക്രമണത്തിന് ഇരകളാകുന്നുണ്ട്.

വ്യത്യസ്ഥ മതസ്ഥർ വരുന്ന അവസരമാണ് ഇടവകത്തിരുനാളുകൾ. മേൽപ്പറഞ്ഞ പ്രകാരം അനിഷ്ടസംഭവങ്ങൾ ഉണ്ടാവുകയും അതിൽ ഉൾപ്പെടുന്നവർ മറ്റ് മതസ്ഥരായിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളും ഉണ്ടാകാം. അങ്ങനെ വന്നാൽ അത് വർഗ്ഗീയ കലാപമായി പോലും മാറാം. ഇന്ന് എന്തിനും ഏതിനും വർഗ്ഗീയനിറം കൊടുത്ത്

അതിനെ രാഷ്ട്രീയമായി മുതലെടുപ്പിനുള്ള അവസരങ്ങളാക്കി മാറ്റാൻ കാത്തിരിക്കുന്നവർ പുറത്തുണ്ട് എന്ന കാര്യവും നാം വിസ്മരിക്കരുത്. കാലങ്ങളായി ഏകോദരസഹോദരങ്ങളേപ്പോലെ ജീവിച്ചിരുന്നവർ ഇന്ന് പലസ്ഥലങ്ങളിലും രാഷ്ട്രീയമുതലെടുപ്പിന്റെ ഫലമായി പരസ്പരം സംശയദൃഷ്ടിയോടെ മാത്രം കാണുകയും അവസരം കിട്ടുമ്പോൾ ആക്രമിക്കുകയും ചെയ്യുന്ന സാഹചര്യം സംജാതമായിക്കഴിഞ്ഞു. അതിനാൽ ക്രൈസ്തവരായ നമുക്ക് ഈ സാഹചര്യം ഒഴിവാക്കാനുള്ള വലിയ ഉത്തരവാദിത്വവും കടമയും ഉണ്ട്.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം രൂപതയുടെ ഔദ്യോഗിക നയ രൂപീകരണ സമിതികളായ പാസ്റ്ററൽ കൗൺസിലിലും വൈദിക കൗൺസിലിലും മറ്റും ചർച്ച ചെയ്യുകയുണ്ടായി. ഇടവകകളിൽ നടത്തപ്പെടുന്ന ഗാനമേളകളായിരുന്നു അവയിൽ പരാമർശിക്കപ്പെട്ട ഒരു പ്രധാന വിഷയം. ഗാനമേളകൾ ഇടവകകളിൽ നടത്തിയാൽ ഉണ്ടാകാവുന്ന ഗുണവും ദോഷവും എല്ലാം ചർച്ചാവിഷയമായി. ഇന്നത്തെ സാഹചര്യത്തിൽ ഗാനമേളകൾ ഇടവകകളിൽ നടത്തിയതുകൊണ്ട് ഗുണത്തേക്കാളേറെ ദോഷമാണ് ഉണ്ടാകുക എന്നാണ് ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടത്. അതുകൊണ്ട് ഗാനമേളയെന്ന കലാരൂപം നമ്മുടെ ഇടവകകളിൽ നിരോധിയ്ക്കണം എന്നും നിർദ്ദേശം വന്നു. ഇത് ഗാനമേളയെന്ന കലാരൂപം മോശമായതുകൊണ്ടോ അത് നടത്തുന്നവരെ നിരുത്സാഹപ്പെടുത്തണം എന്ന ചിന്ത ഉണ്ടായതുകൊണ്ടോ അല്ല. പ്രത്യുത അവ നമ്മുടെ ഇടവകയിലെ കൂട്ടായ്മയും സാമൂഹ്യാന്തരീക്ഷവും മതമൈത്രിയും മോശമാക്കും എന്ന തിരിച്ചറിവ് ഉണ്ടായതുകൊണ്ടാണ്.

അതിനാൽ ഇനി മുതൽ നമ്മുടെ ഇടവകത്തിരുനാളുകൾ, ഭക്ത സംഘടനകളുടെ വാർഷികങ്ങൾ തുടങ്ങിയവയോടനുബന്ധിച്ചോ അല്ലാതെയോ ഇടവകകളിൽ ഗാനമേളകൾ നടത്തുന്നത് നിരോധിക്കുന്നു. പുറത്തുനിന്ന് ട്രൂപ്പുകൾ വന്ന് നടത്തുന്നവയ്ക്കും ഇടവകക്കാർ, അഥവാ രൂപതക്കാർ തന്നെ നടത്തുന്നവയ്ക്കും ഈ നിരോധനം ബാധകമാണ്. എന്നാൽ ഇപ്പോൾ എവിടെയെങ്കിലും അടുത്ത ആറു മാസത്തിനുള്ളിൽ ഗാനമേളകൾ നടത്താൻ അഡ്വാൻസ് കൊടുത്ത് ബുക്കു ചെയ്തിട്ടുണ്ടെങ്കിൽ അവ നടത്താവുന്നതാണ്. ആ സന്ദർഭങ്ങളിൽ യാതൊരുവിധ

അനിഷ്ടസംഭവങ്ങളും ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തണം. അങ്ങനെ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ അവയും റദ്ദ് ചെയ്യേണ്ടതാണ്. അതുപോലെ ഇടവകക്കമ്മിറ്റി, തിരുനാൾ കമ്മിറ്റി, പള്ളിപ്പൊതുയോഗം തുടങ്ങിയ വേദികളിൽ ആരെങ്കിലും ഗാനമേള നടത്തണം എന്ന നിർദ്ദേശം മുന്നോട്ടു വച്ചാൽ അവരെ ഈ നിരോധനത്തിന്റെ കാര്യം അറിയിക്കുകയും നിർദ്ദേശം നിരസിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കൈക്കാരന്മാരും പ്രത്യേകം ശ്രദ്ധ പുലർത്തണം എന്ന് അഭ്യർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 ഏപ്രിൽ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2009 മെയ് മാസം 10 ന് വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

***Circular Letter No. 07/2009***
***Prot. No. 8013/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

വളരെ വർഷങ്ങളായി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന രൂപതാ ജീവകാരുണ്യ ഫണ്ടായ സ്നേഹനിധിയുടെ പ്രവർത്തനത്തെപ്പറ്റി നിങ്ങൾക്കറിവുള്ളതാണല്ലോ. വർഷംതോറും ഓശാന ഞായറാഴ്ച നിങ്ങളോരോരുത്തരും തരുന്ന തുകകൾ സമാഹരിച്ചാണ് ആ നിധി സംഭരിയ്ക്കുന്നത്. ഇതുവരെ നിങ്ങൾ അതിലേയ്ക്ക് നൽകിയ സംഭാവനകൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. ആ സംഭാവനകൾ നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകൾ തീർക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. നിങ്ങൾ കൊടുക്കുന്ന തുകകൾ അവശതയനുഭവിക്കുന്ന പലർക്കായി വീതിയ്ക്കുകയാണ് ചെയ്യുന്നത്. അവർ നിങ്ങൾക്ക് വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കും എന്നെനിക്കുറപ്പുണ്ട്. ആ പ്രാർത്ഥന ദൈവം കേൾക്കുകയും ചെയ്യും. ഇനിയും നിങ്ങളുടെ സംഭാവനകൾ പ്രതീക്ഷിക്കുന്നു.

സ്നേഹനിധിയ്ക്കായി ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന തുകകൾ രൂപതാകേന്ദ്രത്തിൽ എത്തിക്കുന്ന തുക നമ്മുടെ രൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴിയാണ് ആവശ്യക്കാർക്ക് ഇതുവരെ വിതരണം ചെയ്തിരുന്നത്. പിരിഞ്ഞു കിട്ടുന്ന തുക അപേക്ഷിക്കുന്ന എല്ലാവർക്കും കൊടുക്കുവാൻ മാത്രം ഉണ്ടാകുകയില്ല എന്നത് വ്യക്തമാണ്. മാത്രമല്ല വലിയ തുകകൾ കൊടുക്കാനും സാധിക്കുന്നില്ല. രണ്ടും മൂന്നും ലക്ഷം രൂപ ചെലവു വരുന്ന ചികിത്സയ്ക്ക് ഒരാൾ അപേക്ഷിച്ചാൽ സ്നേഹനിധിയിൽ നിന്ന് കൊടുക്കാൻ പറ്റുന്നത് ചിലപ്പോൾ ആയിരമോ രണ്ടായിരമോ രൂപാ ആയിരിയ്ക്കും. ഇത് വാങ്ങാനായി രണ്ടു പ്രാവശ്യമെങ്കിലും സോഷ്യൽ സർവ്വീസ് സെന്ററിൽ എത്തേണ്ടിയും വരും. മണിമൂളി പോലെയുള്ള ഒരു സ്ഥലത്ത് നിന്ന് ആയിരം രൂപ വാങ്ങാനായി രണ്ട് പ്രാവശ്യം മാനന്തവാടിയിൽ വരുന്ന

തിൽ യുക്തിയില്ലല്ലോ. അതുകൊണ്ട് മാനന്തവാടിയ്ക്ക് ചുറ്റുപാടുമുള്ളവർക്ക് മാത്രമാണ് സ്നേഹനിധിയുടെ മുഖ്യമായ പ്രയോജനം ഇതുവരെ കിട്ടിയിരുന്നത്. കാരണം ദൂരെയുള്ളവർ ഇവിടെ വന്ന് തുക വാങ്ങാനുള്ള അപ്രായോഗികത നിമിത്തം അപേക്ഷിക്കുന്നുണ്ടായിരുന്നില്ല. ഇതിനൊരു പരിഹാരമെന്ന നിലയിൽ പുതിയൊരു മാർഗ്ഗത്തിനായുള്ള അന്വേഷണത്തിന്റെ ഒടുവിൽ നിർദ്ദേശിക്കപ്പെട്ട പരിഹാരം പിരിഞ്ഞു കിട്ടുന്ന തുക ഓരോ ഫൊറോനായിലേയ്ക്കും വീതിച്ച് അയച്ച് കൊടുക്കുകയും വിതരണം അതാത് ഫൊറോനാകളിൽ തന്നെ നടത്തുകയും ചെയ്യുക എന്നതാണ്.

ഏതനുപാതത്തിലാണ് ഫൊറോനാകളിലേയ്ക്ക് തുകകൾ അയയ്ക്കേണ്ടത് എന്ന പ്രശ്നത്തിനുള്ള ഉത്തരമായിരുന്നു അടുത്തതായി കണ്ടെത്തേണ്ടിയിരുന്നത്. നമ്മുടെ ഓരോ പള്ളിയ്ക്കും എ.ബി, സി. ഡി. എന്നിങ്ങനെ ഒരു സാമ്പത്തിക ഗ്രേഡ് നിശ്ചയിച്ചിട്ടുള്ളത് നിങ്ങൾക്കറിയാമല്ലോ. സ്നേഹനിധിയിലേയ്ക്ക് പിരിഞ്ഞു കിട്ടുന്ന ആകെത്തുകയുടെ ഒരു നിശ്ചിത ശതമാനം അതിൽ ഓരോ ഗ്രേഡിലും പെട്ട പള്ളികൾക്ക് വേണ്ടി നീക്കി വയ്ക്കുകയും ഓരോ ഫൊറോനായിലേയും പള്ളികളുടെ ഗ്രേഡും എണ്ണവും നോക്കി അതാത് ഫൊറോനായിലേയ്ക്കുള്ള ആകെത്തുക നിശ്ചയിച്ച് അതാത് ഫൊറോനാ വികാരിയച്ചന്മാരുടേയും അതിനുവേണ്ടി ഫൊറോനാ കൗൺസിലിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരു സെക്രട്ടറിയുടേയും പേരിൽ തുടങ്ങുന്ന ജോയിന്റ് അക്കൗണ്ടിൽ പണം നിക്ഷേപിക്കുകയും ചെയ്യണം എന്നതാണ് തീരുമാനമായി വന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്മാർ മറ്റ് ബന്ധപ്പെട്ടവരുടെ സഹകരണത്തോടെ എത്രയും വേഗം നടപ്പാക്കേണ്ടതാണ്.

അതിനാൽ ഇനി മുതൽ ഓരോ ഫൊറോനായുടേയും കീഴിൽ വരുന്ന ഇടവകകളിൽ നിന്നുള്ള അപേക്ഷകൾ അതാത് ഫൊറോനാ വികാരിയച്ചന്മാർക്കാണ് നൽകേണ്ടത്. ഫൊറോനാ വികാരിയച്ചനും സെക്രട്ടറിയും കൂടി അപേക്ഷകൾ പരിശോധിച്ച് അർഹിക്കുന്നവർക്ക് തുകയുടെ ലഭ്യതയനുസരിച്ച് കൊടുക്കുന്നതായിരിയ്ക്കും.

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പിരിഞ്ഞ് കിട്ടിയ തുക ഇപ്രകാരമാണ്: 2000-2001 : 242753, 2001-2002 : 251753, 2002-2003 : 241334, 2003-2004 : 282998, 2004-2005 : 329065, 2005-2006 : 382114, 2006-2007 : 539691, 2007-2008 : 436718, 2008-2009 : 496417. ഇതിൽ നിന്ന് നമുക്ക് മനസ്സിലാകുന്ന ഒരു കാര്യമിതാണ്, വലിയ തുകകളൊന്നും കൊടുക്കു

വാൻ സാധിക്കുകയില്ല എന്നതാണത്. അത്യാവശ്യക്കാർക്കെങ്കിലും കൊടുക്കാൻ സാധിക്കണമെങ്കിൽ നാം നമ്മുടെ സംഭാവനയുടെ തോത് വർദ്ധിപ്പിച്ചേ മതിയാകൂ.

ഫൊറോനാകളിൽ കിട്ടുന്ന തുകയുടേയും അവിടെ നിന്ന് വിതരണം ചെയ്യുന്ന തുകകളുടേയും കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതുണ്ട്. അത് ഫൊറോനാ സെക്രട്ടറിമാരുടെ ചുമതലയാണ്. ഇത് നിർവ്വഹിക്കപ്പെടുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്മാർ ഉറപ്പ് വരുത്തണം. മാത്രമല്ല എല്ലാ വർഷവും ഏപ്രിൽ പകുതിയോടെ കണക്കുകൾ അവയ്ക്കടിസ്ഥാനമായിട്ടുള്ള ബില്ല്, വൗച്ചർ, രസീത് എന്നിവയോടൊപ്പം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഡയറക്ടറെ ഏൽപ്പിക്കുകയും വേണം. അപ്രകാരം ചെയ്യാത്ത ഫൊറോനാകളിലേയ്ക്ക് തുടർന്നുവരുന്ന വർഷത്തിൽ തുകകൾ ലഭ്യമാകുന്നതല്ല.

അപേക്ഷകളും മറ്റും പരമാവധി പരാതികൾക്കിടം കൊടുക്കാതെ പരിഗണിക്കേണ്ടതാണ്. അതുപോലെ അപേക്ഷകർ ആവശ്യപ്പെടുന്ന രേഖകൾ കൊടുക്കുകയും വേണം. ഈ രേഖകളെല്ലാം ഫൊറോനാകളിൽ സൂക്ഷിക്കേണ്ടതാണ്.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 ഏപ്രിൽ മാസം 20–ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ സർക്കുലർ 2009 മെയ് മാസം 17 ന് വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

***Circular Letter No. 08/2009***
***Prot. No. 8015/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2009 മെയ് മാസം 7-മുതൽ ജൂലൈ 18 വരെ ഞാൻ വിദേശയാത്രയിലായിരിക്കും. നമ്മുടെ രൂപതയിലെ സ്ഥാപനങ്ങളേയും പ്രസ്ഥാനങ്ങളേയും സഹായിക്കുന്ന വ്യക്തികളേയും ഇടവകക്കാരേയും മറ്റും കണ്ട് അവരുടെ സഹായംകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും പ്രസ്ഥാനങ്ങളുടെയും പുരോഗതി വിശദീകരിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുക എന്നതാണ് യാത്രയുടെ മുഖ്യ ലക്ഷ്യം. അതോടൊപ്പം നമ്മുടെ രൂപതയിൽ നിന്ന് അവിടെ സേവനം ചെയ്യുന്നവരെ, പ്രത്യേകിച്ച് വൈദികരേയും സമർപ്പിതരേയും, സന്ദർശിക്കുക എന്നതും ഈ യാത്രയുടെ ലക്ഷ്യമാണ്. റോമിലെത്തി ശ്ലീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെ കബറിടം വണങ്ങി പ്രാർത്ഥിച്ച് ആഗോളസഭയുമായുള്ള കൂട്ടായ്മ പ്രകടിപ്പിക്കുക എന്നതും കാലാകാലങ്ങളിൽ മെത്രാന്മാർ അനുഷ്ഠിക്കേണ്ടതായ കടമയാണ്. ഈ യാത്രയിൽ അക്കാര്യങ്ങൾക്കും സമയം നീക്കി വച്ചിട്ടുണ്ട്. എന്റെ യാത്രകൾ സഫലമാകാനും ദൈവത്തിന്റെ സംരക്ഷണം എപ്പോഴും എന്നോട് കൂടിയുണ്ടായിരിക്കാനും നിങ്ങൾ പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. എന്റെ അസാന്നിദ്ധ്യത്തിൽ വികാരി ജനറാൾ ബഹുമാനപ്പെട്ട ജോർജ് മൂലയിലച്ചനായിരിക്കും രൂപതയുടെ ഭരണം നിർവ്വഹിക്കുന്നത്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ എന്റേതെന്നപോലെ നിങ്ങൾ സ്വീകരിക്കുകയും അവയനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 ഏപ്രിൽ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# **Vol.** 5

# സർക്കുലർ

***Circular Letter No. 09/2009***
***Prot. No. 8066/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ, പ്രിയപ്പെട്ട കുട്ടികളേ,

ദീർഘമായ മധ്യവേനൽ അവധിക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ സ്കൂളുകളിലേയ്ക്കും മറ്റ് പഠനസ്ഥലങ്ങളിലേയ്ക്കും എത്തിക്കഴിഞ്ഞല്ലോ. ഈ അവധിക്കാലം നിങ്ങൾ ഫലപ്രദമായി ചെലവഴിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. പുതിയ സ്കൂൾ വർഷത്തിൽ നിങ്ങൾക്ക് ധാരാളം ദൈവാനുഗ്രഹങ്ങളും പഠനത്തിൽ ഉന്നത വിജയവും ആശംസിക്കുന്നു. ഇത്തരുണത്തിൽ നിങ്ങളുടെ ചിന്തയ്ക്കായി ഏതാനും കാര്യങ്ങൾ കുറിക്കുകയാണ്.

വിദ്യാഭ്യാസത്തിനയക്കുമ്പോൾ നിങ്ങളുടെ മാതാപിതാക്കൾക്ക് നിങ്ങളെപ്പറ്റി വലിയ സ്വപ്നങ്ങളും പ്രതീക്ഷകളുമുണ്ട്. നന്നായി പഠിച്ച് മിടുക്കരായി നല്ലൊരു ജോലി സമ്പാദിച്ച് നിങ്ങൾ സുഖമായി ജീവിക്കുന്നതാണ് അവർ സ്വപ്നം കാണുന്നത്. അതോടൊപ്പം അവർക്ക് പ്രായമാകുമ്പോൾ നിങ്ങൾ അവർക്ക് താങ്ങും തണലും ആകും എന്നുമവർ പ്രതീക്ഷിക്കുന്നു.

നിങ്ങളെക്കുറിച്ച് സമൂഹത്തിനും ചില പ്രതീക്ഷകളുണ്ട്. ഫീസ് കൊടുത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും സ്വാശ്രയ കോളേജുകളിലും പഠിക്കുമ്പോൾ പോലും നിങ്ങളുടെ പഠനത്തിനായി പൊതുസമൂഹം ചെലവാക്കുന്ന പണത്തിന്റേയും ഊർജ്ജത്തിന്റേയും സമയത്തിന്റേയും മുഴുവൻ ഭാരം നിങ്ങളുടെ മാതാപിതാക്കൾ വഹിക്കുന്നില്ല എന്നതാണ് സത്യം. പൊതുസമൂഹത്തിന്റെ നികുതിപ്പണം കൊണ്ട് മാത്രം നടത്തപ്പെടുന്ന സർക്കാർ സ്കൂളുകളിലും ഭാഗികമായി നികുതിപ്പണം ലഭ്യമാകുന്ന സ്വകാര്യ മേഖലയിലുള്ള എയിഡഡ് സ്കൂളുകളിലും പഠിക്കുന്നവരുടെ കാര്യത്തിൽ ഭാരം ഒട്ടും തന്നെ നിങ്ങൾ വഹിക്കുന്നില്ല. സമൂഹം ഈ പണം സർക്കാർ എന്ന സംവിധാനത്തിലൂടെ

മാത്രമായും അല്ലെങ്കിൽ രൂപത പോലുള്ള സന്നദ്ധസംവിധാനങ്ങൾ വഴിയും വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നത് ഈ സമൂഹത്തെ ഭാവിയിൽ നയിക്കേണ്ടവരായ നിങ്ങൾ അതിന് ശരിയാം വണ്ണം പ്രാപ്തരാകണം എന്ന ലക്ഷ്യത്തോടെയാണ്. അതായത് കേവലം ഒരു ജോലി സമ്പാദിച്ച് നിങ്ങളുടെ കാര്യം മാത്രം നോക്കാനുള്ള ഒരു പദ്ധതിയല്ലത്. നിങ്ങൾ പഠിച്ച് മിടുക്കരായി ഈ സമൂഹത്തിന് നന്മയുണ്ടാകത്തക്ക വിധം ഭാവിയിൽ പ്രവർത്തിക്കണം എന്നതാണ് സമൂഹത്തിന്റെ പ്രതീക്ഷ. നിങ്ങളുടെ സ്വന്തം ഉന്നതി അതിന്റെ ഒരു ഭാഗം മാത്രമാണ്.

മാതാപിതാക്കളോടും സമൂഹത്തോടുമുള്ള ഈ ഉത്തരവാദിത്വം മറക്കുന്നവരാണ് പഠനത്തിൽ ശ്രദ്ധിക്കാതെ കക്ഷി രാഷ്ട്രീയം തുടങ്ങിയ പഠനേതര മേഖലകളിലേയ്ക്ക് വിദ്യാഭ്യാസകാലത്ത് ശ്രദ്ധ തിരിക്കുന്നത്. യഥാർത്ഥ രാഷ്ട്രീയം വിദ്യാർത്ഥികൾക്കടക്കം എല്ലാവർക്കും ആവശ്യമാണ്. ആ രാഷ്ട്രീയമാകട്ടെ രാഷ്ട്രത്തിന്റെ നന്മയാണ്. അതിന് കക്ഷി രാഷ്ട്രീയത്തിൽ പ്രവർത്തിക്കണമെന്നില്ല. കക്ഷിരാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നവരിൽ ഏതാനും പേർ പിന്നീട് അധികാരത്തിൽ എത്തിയെന്ന് വരാം. അതൊരു ന്യൂനപക്ഷം മാത്രമാണ്. അവർ അങ്ങനെ വരുന്നതാകട്ടെ ശരിയായ മാർഗ്ഗത്തിലൂടെ ആയിരിക്കുകയുമില്ല. ശരിയല്ലാത്ത മാർഗ്ഗത്തിലൂടെ അധികാരത്തിൽ എത്തുന്നവരുടെ ലക്ഷ്യം രാഷ്ട്രസേവനം ആയിരിക്കുകയില്ല എന്നത് വ്യക്തമാണല്ലോ. തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നവരിൽ പല തരത്തിലുള്ള കുറ്റവാളികൾ പോലും ഉണ്ടെന്ന് നാം പത്രങ്ങളിൽ വായിക്കുന്നുണ്ട്. കുറ്റവാളികളുടെ ലക്ഷ്യം ജനസേവനമല്ലല്ലോ. അതിനാൽ നല്ല രാഷ്ട്രീയ പ്രവർത്തകരാകാൻ ആഗ്രഹിക്കുന്നവർ പോലും ഇന്ന് ചെയ്യേണ്ടത് നന്നായി പഠിക്കുകയാണ്.

കക്ഷി രാഷ്ട്രീയത്തെപ്പറ്റി മുകളിൽ പറഞ്ഞുവല്ലോ. പാർട്ടികൾ അണികളെ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിങ്ങളേയും അവരുടെ പാർട്ടികളുടെ വിദ്യാർത്ഥി വിഭാഗത്തിൽ അംഗങ്ങളാക്കാൻ എല്ലാ അടവുകളും പ്രയോഗിക്കും. പണവും സ്ഥാനമാനങ്ങളും അക്രമം പ്രവർത്തിക്കാനുള്ള സാഹചര്യങ്ങളും എല്ലാം അവർ ചെയ്തു തരും. അവയുടെ ആകർഷണത്തിൽ പെട്ടുപോകാതിരിക്കാൻ നിങ്ങൾ സദാ ജാഗരൂകരായിരിക്കണം. കാരണം ഒരിക്കൽ ആ വലയിൽ വീണു കഴിഞ്ഞാൽ നിങ്ങൾക്ക് മോചനമുണ്ടാകുകയില്ല. അതുകൊണ്ട് രാഷ്ട്രീയം പഠിച്ച് വിലയിരുത്താൻ പ്രാപ്തിയായി കഴിഞ്ഞേ രാഷ്ട്രീയത്തിൽ താൽപ്പര്യമുള്ളവർ പോലും അതിലേയ്ക്ക് ഇറങ്ങിത്തിരിക്കാവൂ! രാജ്യ

സ്നേഹികളും ജനസേവനത്തിൽ താൽപ്പര്യമുള്ളവരുമായ ഉയർന്ന ചിന്തയും ധാർമ്മിക ബോധവുമുള്ള രാഷ്ട്രീയ നേതാക്കളെയാണ് രാഷ്ട്രത്തിന് ആവശ്യം. അല്ലാതെ ചെറുപ്പം മുതൽ രാഷ്ട്രീയത്തിന്റെ വൈകൃതങ്ങളിലൂടെ വളർന്നുവന്ന് നേതാക്കന്മാരായി മാറുന്നവരെയല്ല നമുക്കാവശ്യം എന്ന് കുട്ടികൾ മനസ്സിലാക്കണം.

നല്ല ഭാവിക്കായി നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങളുടെ വിദ്യാഭ്യാസകാലത്ത് ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്നാമതായി പഠനത്തിലാണ് നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നവർക്ക് അത് പിന്നീടൊരിക്കലും കിട്ടുക യില്ല. മാത്രമല്ല ചെറുപ്പകാലത്ത് പഠിക്കേണ്ട കാര്യങ്ങൾ പിന്നീട് പഠി ക്കാനും സാധിക്കുകയില്ല.

അദ്ധ്യാപകരുമായി നല്ല ബന്ധം പുലർത്തുകയും അവരെ ബഹു മാനിക്കുകയും ചെയ്യുക എന്നതാണ് രണ്ടാമത്തെ കാര്യം. അവരുടെ അനുഗ്രഹം നിങ്ങളുടെ ഭാവിയ്ക്ക് അത്യന്താപേഷിതമാണ്. മുൻകാല ങ്ങളിൽ ചെയ്തിരുന്നതുപോലെ ഇന്ന് അദ്ധ്യാപകർ വിദ്യാർത്ഥികളെ ശാരീരികമായി ശിക്ഷിക്കാറില്ല. മാതാപിതാക്കൾ തന്നെയും അത് ഇഷ്ട പ്പെടുന്നില്ല എന്നതാണ് വസ്തുത. ചെറിയ ശിക്ഷകൾ നിങ്ങൾക്ക് കിട്ടേ ണ്ടതായ ശിക്ഷണത്തിന്റെ ഭാഗമാണ് എന്ന് മനസിലാക്കുകയാണെ ങ്കിൽ ഇക്കാര്യത്തിൽ നിങ്ങൾക്കും മാതാപിതാക്കൾക്കും ആശങ്ക ഉണ്ടാ കുകയില്ല. ശിക്ഷണത്തിന്റെ അഭാവം നിങ്ങളുടെ ഭാവിസ്വഭാവത്തിൽ വികലതകൾ ഉണ്ടാക്കും എന്നും ഓർക്കേണ്ടതാണ്. വികലമായ സ്വഭാ വത്തിന്റെ ഉടമകൾ സമൂഹത്തിനും ദോഷമേ ചെയ്യുകയുള്ളു. നിങ്ങ ളുടെ ഭാവി കുടുംബജീവിതത്തെയും അത് ദോഷകരമായി ബാധി യ്ക്കും. അതിനാൽ അധ്യാപകർ ശിക്ഷിയ്ക്കുമ്പോൾ അവർക്കെതിരെ നിങ്ങൾ മാതാപിതാക്കളോട് ചെന്ന് പരാതിപ്പെടുന്നതും മാതാപിതാ ക്കളോടൊത്ത് അധ്യാപകർക്കെതിരെ കുറ്റാരോപണം നടത്തുന്നതും ആശാസ്യമായ പ്രവണതയല്ല.

കേവലം അക്ഷരജ്ഞാനം മാത്രമല്ല വിദ്യാഭ്യാസം എന്ന് പറയു ന്നത്. അക്ഷരജ്ഞാനത്തോടൊപ്പം ധാർമ്മികമായ മൂല്യങ്ങളും ഉൾക്കൊണ്ട വ്യക്തികളെയാണ് വിദ്യാസമ്പന്നർ എന്ന് വിളിക്കുന്നത്. തീവ്രവാദ സംഘടനകളിലും മറ്റും പ്രവർത്തിക്കുകയും മറ്റുള്ളവരെ ബോംബ് വച്ചും മറ്റും കൊല്ലുകയും ചെയ്യുന്നവർ അക്ഷരജ്ഞാനമു ള്ളവരെങ്കിലും വിദ്യാസമ്പന്നർ എന്ന് വിളിയ്ക്കപ്പെടാൻ യോഗ്യരല്ല. അതുപോലെ ധാരാളം ഡിഗ്രികളും മറ്റും കരസ്ഥമാക്കുകയും ഉന്നത

ജോലികൾ നേടുകയും ചെയ്തവർ പോലും സ്വന്തം മാതാപിതാക്കളെ ഉപേക്ഷിക്കുന്ന പ്രവണത കാണുന്നുണ്ട്. ആ മനുഷ്യരും വിദ്യാസമ്പന്നർ അല്ല എന്നു വേണം പറയാൻ. ധാരാളം സ്വത്തുണ്ടെങ്കിലും അതിൽ നിന്ന് ഒരംശം പോലും മറ്റുള്ളവരുമായി പങ്കു വയ്ക്കാൻ തയ്യാറല്ലാത്തവരും വിദ്യാസമ്പന്നരല്ല. കാരണം ഇക്കൂട്ടരൊന്നും മാനുഷികമായ ധാർമ്മികഗുണങ്ങൾ ആർജ്ജിച്ചിട്ടില്ല. നിങ്ങളുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അക്ഷരജ്ഞാനം നേടുന്നതോടൊപ്പം മാനുഷികമായ ധാർമ്മികഗുണങ്ങൾ ആർജ്ജിക്കുക കൂടിയാണ്.

ഒരു പക്ഷേ അവർ പറയാത്തതും അത്രയധികം ചിന്തിക്കാത്തതുമായ ഒരു കാര്യം നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാനും ആഗ്രഹിക്കുന്നു. നിങ്ങൾക്ക് നിങ്ങളുടെ ചുറ്റുമുള്ള സമൂഹത്തോടുള്ള കടപ്പാടിനെപ്പറ്റിയാണത്. നിങ്ങൾ പണം കൊടുത്തിട്ടായിരിക്കാം പഠിക്കുന്നത്. പഠിപ്പിക്കുന്നവർ ശമ്പളവും പറ്റുന്നുണ്ട്. എങ്കിലും നമ്മൾ കടയിൽ ചെന്ന് വിലകൊടുത്ത് ഒരു സാധനം വാങ്ങുമ്പോഴുണ്ടാകുന്ന മനോഭാവമല്ല വിദ്യാഭ്യാസത്തിൽ നിങ്ങൾക്കുണ്ടായിരിക്കേണ്ടത്. കാരണം നിങ്ങളെ നിങ്ങളാക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ആണവർ. നിങ്ങൾക്ക് ആ സ്ഥാപനങ്ങളോടും അദ്ധ്യാപകരോടും സ്കൂൾ നടത്തുന്നവരോടും എന്നും നന്ദി ഉണ്ടായിരിക്കണം. ആ നന്ദി എങ്ങനെയാണ് പ്രാവർത്തികമാക്കുക? അതിന് പ്രധാനമായി നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ അദ്ധ്യാപകരെ ദൈവതുല്യം ബഹുമാനിക്കുക എന്നതാണ്. അധ്യാപകരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നവർക്ക് ദൈവകൃപ കൂടുതലായി ഉണ്ടാകും എന്നത് നിസ്സംശയമാണ്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ. മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 മെയ് മാസം 6-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2009 ജൂൺ മാസം 7-ാം തീയതി കുട്ടികളുടെ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# **Vol.** 6



# ഇടയലേഖനം

***Pastoral Letter No. 02/2009***
***Prot. No. 8222/2009***

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ മെത്രാനായ

**മാർ ജോസ് പൊരുന്നേടം**

തന്റെ സഹശുശ്രൂഷകരായ ബഹുമാനപ്പെട്ട വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തന്റെ ആത്മീയ ശുശ്രൂഷയ്ക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ വൈദിക വർഷമായി പരി. പിതാവ് ബനഡിക്ട് 16 -ാമൻ മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. വൈദിക വർഷത്തിന്റെ തുടക്കവും ഒടുക്കവും ജൂൺ 19-ാം തീയതി യാണ്. അന്നേദിവസം ഈശോയുടെ തിരുഹൃദയത്തിന്റെ തിരുനാളാണ്. കൂടാതെ ഇക്കൊല്ലം വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമ വാർഷികവുമാണ്. കൃത്യമായി പറഞ്ഞാൽ 1859 ആഗസ്റ്റ് 4 -ാം തീയതിയാണ് വി. ജോൺ മരിയ വിയാനി തന്റെ 73 - ാം മത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്. അതു കൂടാതെ, വൈദികരുടെ അജപാലന പ്രവർത്തനങ്ങൾക്ക് ഏറ്റവും തിള ക്കമാർന്ന മാതൃകയായ വി. പൗലോസിന്റെ വർഷം അവസാനിക്കു മ്പോഴാണ് വൈദികവർഷം ആരംഭിക്കുന്നത് എന്നതും ഏറെ ശ്രദ്ധേയ മാണ്. വൈദിക വർഷത്തിന്റെ ഈ പശ്ചാത്തലം തന്നെ വൈദിക വർഷാ ചരണത്തിന്റെ ലക്ഷ്യമെന്തെന്ന് വ്യക്തമാക്കാൻ പര്യാപ്തമാണല്ലോ?

ഈശോയുടെ തിരുഹൃദയം രണ്ടു കാര്യങ്ങൾ നമ്മെ അനുസ്മ രിപ്പിക്കുന്നു (1) സ്നേഹിക്കുന്നവർക്കുവേണ്ടി സ്വന്തം ഹൃദയം പിളർക്കപ്പെടാൻ മാത്രമല്ല ആ ഹൃദയത്തിൽ അഭയം നൽകാനും തയ്യാറുള്ളതാണ് ഈശോയുടെ സ്നേഹം. (2) രക്തമൊലിക്കുന്ന

തിരുഹൃദയം അവാച്യമായ ത്യാഗത്തിന്റെയും സഹനത്തിന്റെയും പ്രതീകമാണ്. നമുക്കു വേണ്ടിയുള്ള ത്യാഗവും സഹനവും വഴിയാണ് ഈശോ നിത്യപുരോഹിതനായിത്തീർന്നത്. ഹെബ്രായർക്കുള്ള ലേഖനത്തിൽ നാം കാണുന്നതുപോലെ, ക്രിസ്തു പ്രധാന പുരോഹിതനായി പ്രത്യക്ഷപ്പെട്ടത് "കോലാടുകളുടെയോ, കാളകിടാങ്ങളുടേയോ രക്തത്തിലൂടെയല്ല, സ്വന്തം രക്തത്തിലൂടെയാണ്" (ഹെബ്രാ. 9:12) ഇത്തരം സ്നേഹത്തിലും ത്യാഗത്തിലും കൂടെ തെളിയിക്കപ്പെട്ട വിശ്വസ്തതയുടെ ചൈതന്യമാണ് വൈദികർക്കുണ്ടായിരിക്കേണ്ടത്. അതുകൊണ്ടാണ് ഈ വൈദിക വർഷത്തിൽ "ഈശോയുടെ വിശ്വസ്തത - വൈദികരുടെ വിശ്വസ്തത" എന്ന പ്രമേയം മാർപ്പാപ്പ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നത്.

ഈശോയുടെ വിശ്വസ്തത ജീവിതത്തിൽ പ്രാവർത്തികമാക്കിയ വൈദികനാണല്ലോ വി. ജോൺ മരിയ വിയാനി. ഡാൻസും മദ്യവും ഉല്ലാസവുമായി ദൈവത്തെ മറന്നുകഴിഞ്ഞിരുന്ന ആർസിലെ ജനങ്ങളെ പ്രാർത്ഥനയും, പരിത്യാഗവും, ദാരിദ്ര്യവും, വിശുദ്ധിയും വഴി മാനസാന്തരത്തിലേക്കു നയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. തണുപ്പുകാലത്ത് 12 മണിക്കൂറും മറ്റുകാലങ്ങളിൽ 18 മണിക്കൂറും കുമ്പസാരക്കൂട്ടിൽ ചിലവഴിച്ച അദ്ദേഹം ഈശോയുടെ വിശ്വസ്തതയെ സ്വന്തം വിശ്വസ്തതയാക്കി മാറ്റിയതുപോലെ ഓരോ വൈദികനും ദൈവത്തോടും, മനുഷ്യരോടും, തന്നോടു തന്നെയും വിശ്വസ്തത പുലർത്താൻ പ്രാപ്തനാകണം. അപ്രകാരം മറ്റുള്ളവർക്കുവേണ്ടി സ്വജീവനർപ്പിക്കാൻ മാത്രം വിശ്വസ്തതയുള്ള പുരോഹിത ജീവിതമാണ് ഈ വൈദിക വർഷത്തിന്റെ കാതൽ.

വി. പൗലോസ് ശ്ലീഹായുടെ വർഷം, ക്രിസ്തുവിനെ പ്രതിയുള്ള അദ്ദേഹത്തിന്റെ വലിയ തീക്ഷണതയും, പ്രേഷിത ചൈതന്യവും, തന്റെ നാഥനും സഭയ്ക്കും വേണ്ടിയുള്ള അതുല്യ സഹനവുമൊക്കെ നമ്മെ അനുസ്മരിപ്പിച്ചു. ആ തീക്ഷണതയും, ചൈതന്യവും, ത്യാഗസന്നദ്ധതയും, സഹനത്തിലുള്ള സംതൃപ്തിയുമൊക്കെയാണ് ഓരോ പുരോഹിതനും വേണ്ടതെന്ന് വി. പൗലോസിന്റെ വർഷത്തിന്റെ തുടർച്ചയായി വൈദിക വർഷം പ്രഖ്യാപിച്ചുകൊണ്ട് പരി. പിതാവ് വ്യംഗ്യമായി നമ്മെ ഓർമ്മപ്പെടുത്തുകയാണ്.

ഈ വൈദിക വർഷത്തിൽ ഓരോ പുരോഹിതനും തന്റെ ഉന്നതമായ ദൈവവിളിയിൽ അഭിമാനം കൊള്ളുവാൻ കഴിയണം. ഇന്ന് സഭ നിലനിൽക്കുന്നുവെങ്കിൽ അതിനു കാരണം ഇന്ന് ലോകം

ആസകലമുള്ള നാലു ലക്ഷത്തി പതിനായിരത്തിലധികം വൈദികരിൽ മഹാഭൂരിപക്ഷവും ദൈവത്തിനും ദൈവജനത്തിനും വേണ്ടി ക്ലേശപൂർവ്വം അദ്ധ്വാനിക്കുന്നവരും, ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരുമായതിനാലാണ്. വൈദികരില്ലെങ്കിൽ സഭയില്ല; സഭാപ്രവർത്തനങ്ങളുമില്ല. വൈദിക സമൂഹത്തിന്റെ പ്രാർത്ഥനയും പ്രവർത്തനങ്ങളും ലോകത്തിന് ഒത്തിരി നന്മ പ്രദാനം ചെയ്തു എന്നതിന് സംശയമില്ല. ക്രിസ്തു, പൗരോഹിത്യം സ്ഥാപിച്ചതും സാധാരണക്കാരായ മനുഷ്യരെ അപ്പസ്തോലന്മാരായി നിയമിച്ചുകൊണ്ട് അവരിലൂടെ പ്രവർത്തിച്ചതുമൊക്കെ സഭയുടെ നിലനിൽപ്പിനുവേണ്ടിയാണ്. അതിനാൽ ലോകാവസാനംവരെ ക്രിസ്തുവിന്റെ തുടർച്ചയായ സഭയുടെ നിലനിൽപ്പിന് വൈദികർ അനിവാര്യമാണ്.

ഒരു പുരോഹിതനുമാത്രം ചെയ്യാൻ കഴിയുന്ന ദൗത്യത്തിന്റെ മഹനീയതയെക്കുറിച്ച് ഓരോ പുരോഹിതനും, ഓരോ വിശ്വാസിയും ബോധവാനാകേണ്ടതാണ്. ഈശോയുടെ മാതൃക തന്നെയാണ് ഓരോ പുരോഹിതനും പിൻതുടരേണ്ടത്. ജനങ്ങൾക്കുവേണ്ടി പിതാവിനോടു പ്രാർത്ഥിക്കുവാൻ മലമുകളിലേക്ക് പോയ ഈശോ, താഴ്വരകളിൽ ജനത്തെ പഠിപ്പിച്ച് അവരെ ശുശ്രൂഷിച്ച്, അവരോടൊത്തു വസിച്ചു. അങ്ങനെ പ്രാർത്ഥനയുടെ മലകളെയും പ്രവർത്തനങ്ങളുടെ താഴ്വരകളെയും തമ്മിൽ അവിടുന്ന് ബന്ധിപ്പിച്ചു. അവസാനം കാൽവരിമുകളിൽ ഭൂമിയിൽനിന്നുയർന്നുനിന്നുകൊണ്ട് ഭൂമിയിലെ മനുഷ്യരെ സ്വർഗ്ഗസ്ഥനായ പിതാവുമായി ബന്ധിപ്പിച്ചു. ആ ദൗത്യമാണ് ഓരോ വൈദികനും അനുദിനം നിറവേറ്റാനുള്ളത്. പ്രാർത്ഥനയും പ്രവർത്തനങ്ങളും, ബലിയുടെ ചൈതന്യവുമായി ദൈവജനത്തെ ദൈവത്തോടും തമ്മിൽത്തമ്മിലും ഒന്നിച്ചുചേർക്കാൻ വൈദികൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. ഈ ദൗത്യബോധം നമ്മിൽ ശക്തിപ്പെടുത്താനുള്ളതാണ് ഈ വൈദിക വർഷാചരണം.

യേശുവിനോടുള്ള വിശ്വസ്തത യേശുവിന്റെ തുടർച്ചയായ സഭയിലൂടെയാണ് പ്രകടിപ്പിക്കേണ്ടത്. യേശു പ്രത്യേകം തിരഞ്ഞെടുത്ത് നിയോഗിച്ച അപ്പസ്തോലന്മാരുടെ പിൻഗാമിയായ മെത്രാന്മാരോടും, സഭയുടെ തലവനായി അവിടുന്ന് നിയോഗിച്ച വി. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയോടുമുള്ള ബന്ധം ദൃഢതരമാക്കാൻ ഈ വൈദിക വർഷാചരണം നമ്മെ സഹായിക്കണം. പരി. ത്രീത്വത്തിലെ മൂന്നാളുകളുടെ ഐക്യത്തിന്റെ മാതൃകയിൽ 'അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി' എന്നു പറഞ്ഞു പ്രാർത്ഥിച്ച യേശുവിന്റെ

തിരുവിഷ്ടം നിറവേറ്റികൊണ്ട് വൈദിക കൂട്ടായ്മ വർദ്ധിപ്പിക്കുവാൻ ഈ വൈദിക വർഷം നമ്മെ സഹായിക്കണം.

പരി. പിതാവ് ബനഡിക്ട് 16 - ാമൻ മാർപ്പാപ്പ പറയുന്നതു പോലെ പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി ദൈവം സഭയ്ക്ക് നൽകുന്ന സവിശേഷ സമ്മാനമാണ് എന്ന് ഓർമ്മിച്ചുകൊണ്ട്, ദൈവ വിളിയെ പ്രോത്സാഹിപ്പിക്കാൻ ഈ വൈദിക വർഷം നമുക്കു പ്രചോ ദനമേകണം. "ഇടയനെ അടിക്കുക; ആടുകൾ ചിതറും" എന്ന ദൈവ വചനം നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. വൈദികരെയും സമർപ്പി തരേയും സമൂഹമദ്ധ്യത്തിൽ വിലകുറച്ചു കാണിക്കാനും അതുവഴി സഭാ നേതൃത്വത്തോടുള്ള ആദരവും വിധേയത്വവും ഇല്ലാതാക്കാനും സഭാ ശത്രുക്കൾ കിണഞ്ഞു പരിശ്രമിക്കുമ്പോൾ, പേടിച്ച് പിന്തിരി യാതെ വർദ്ധിച്ച വിശ്വാസ തീഷ്ണതയോടെ ദൈവത്തിനും ദൈവജ നത്തിനും വേണ്ടി ജീവിക്കാൻ സന്നദ്ധതയുള്ളവർ മുന്നോട്ടു വരണം. അതിന് മാതാപിതാക്കൾ മക്കളെ പ്രോത്സാഹിപ്പിക്കണം. വൈദികരും സമർപ്പിതരും മാതൃകയും പ്രചോദനവും നൽകുകയും വേണം.

ഈ വൈദിക വർഷത്തിൽ വൈദികർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ നാം കടപ്പെട്ടവരാണ്. ഈ ലോകത്തിലാണെങ്കിലും ഈ ലോകത്തിന്റേതല്ലാതെ ജീവിക്കുവാനും, (യോഹ. 17/16) ലോക സുഖങ്ങളും നേട്ടങ്ങളും ആഗ്രഹിക്കാതെ, എല്ലാവർക്കും എല്ലാമായി ത്തീർന്നുകൊണ്ട് പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിൽ ജീവിതത്തിന്റെ സംതൃപ്തി മുഴുവൻ കണ്ടെത്തിയ ഈശോയുടെ ചൈതന്യമനുസ രിച്ച് ജീവിക്കുവാനും ഓരോ വൈദികനും പ്രാപ്തനാകുന്നതിന് ദൈവ ത്തിന്റെ ധാരാളമായ അനുഗ്രഹം അത്യാവശ്യമാണ്. അതിനാൽ സഭാ സ്നേഹികളായ ഏവരും വൈദികരെ സ്വന്തമായിക്കരുതി അവർക്കു വേണ്ടി തീഷ്ണതാപൂർവ്വം പ്രാർത്ഥിക്കണം. ഭൗതിക സമ്പത്തിന്റെയും സുഖഭോഗങ്ങളുടെയും പ്രലോഭനങ്ങളെ അതിജീവിക്കാനും ഓരോ പുതിയ ജോൺ മരിയ വിയാനിയായി ഓരോ വൈദികനും രൂപാന്തര പ്പെടാനും കഴിയുന്നതുവരെ ഈ പ്രാർത്ഥനകൾ തുടരണം. അതോ ടൊപ്പം സഭാപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി വൈദികരോ ടൊത്ത് പ്രവർത്തിക്കാനും, എല്ലാവിധ സഹകരണങ്ങളും നൽകാനും അത്മായ സഹോദരങ്ങൾ ഈ വൈദിക വർഷത്തിൽ പ്രത്യേകം മുമ്പോട്ടു വരണം

ഈ വൈദിക വർഷം പ്രമാണിച്ച് മാർപ്പാപ്പ ചില പ്രത്യേക ദണ്ഡവിമോചനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. പാപങ്ങളുടെ കാലികശിക്ഷ യിൽ നിന്ന് ദൈവതിരുമുൻപാകെയുള്ള ഇളവുചെയ്യലാണ് ദണ്ഡ

വിമോചനം. എല്ലാ പാപങ്ങളുടെയും പിന്നിൽ സൃഷ്ടികളോടുള്ള ആകർഷണവും പലതരം ആസക്തികളുമുണ്ട്. കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം ലഭിക്കുന്നുണ്ടെങ്കിലും ഇത്തരം ആകർഷണങ്ങളും, ആസക്തികളും പൂർണ്ണമായി വിട്ടുമാറുന്നില്ല. തീഷ്ണമായ സ്നേഹത്തിൽ നിന്നും പുറപ്പെടുന്ന മാനസാന്തരത്തിന് സമ്പൂർണ്ണ ശുദ്ധീകരണം നേടാൻ കഴിയും. അതിനാൽ ഈ സമ്പൂർണ്ണ ശുദ്ധീകരണം യാഥാർത്ഥ്യമാക്കിത്തീർക്കാനുള്ള അവസരമാണ് ദണ്ഡവിമോചനത്തിലൂടെ തിരുസഭ നമുക്ക് നൽകുന്നത്. പ്രാർത്ഥന, പ്രായശ്ചിത്തം, ദിവ്യകാരുണ്യപ്രവർത്തനങ്ങൾ മുതലായവയും തിരുസഭ നിർദേശിക്കുന്ന ഇതര വ്യവസ്ഥകളും പാലിച്ചുകൊണ്ട് നമുക്ക് ദണ്ഡവിമോചനം നേടാൻ കഴിയും.

വൈദികർക്കും മറ്റുള്ളവർക്കും ഈ വൈദിക വർഷത്തിൽ ദണ്ഡവിമോചനങ്ങൾ നേടാനുള്ള വ്യവസ്ഥകൾ കൂടി മാർപ്പാപ്പ വ്യക്തമാക്കുന്നുണ്ട്.

**A. വൈദികർക്ക് പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ**

a) കുമ്പസാരിച്ച് വി. കുർബാന സ്വീകരിച്ച് മാർപ്പാപ്പയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക.

b) വി. കുർബാനയുടെ മുൻപിൽ കാനോന നമസ്കാരം ചൊല്ലുക.

c) കൂദാശകൾ, വിശിഷ്യ അനുരഞ്ജന കൂദാശ ഭക്തിയോടെ അനുഷ്ഠിക്കുക.

**B. ക്രൈസ്തവവിശ്വാസികൾക്ക് പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ**

a) ശരിയായ അനുതാപത്തോടെ കുമ്പസാരിച്ച് മാർപ്പാപ്പയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക.

b) ദിവ്യബലിയിൽ ഭക്തിപൂർവ്വം സംബന്ധിച്ച് ദിവ്യകാരുണ്യ ഈശോയെ സ്വീകരിച്ച് വൈദികർക്കുവേണ്ടി നിത്യപുരോഹിതനായ ഈശോയോട് പ്രാർത്ഥിക്കുക.

c) വൈദികരുടെ വിശുദ്ധീകരണത്തിനായി സൽകർമ്മങ്ങൾ ചെയ്യുക

**C. വൃദ്ധജനങ്ങൾക്കും രോഗികൾക്കും പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള എളുപ്പമാർഗ്ഗം:**

തങ്ങളുടെ വേദനകളും സഹനങ്ങളും വൈദികരുടെ വിശുദ്ധീകരണത്തിനുവേണ്ടി വൈദികരുടെ അമ്മയായ പരി. കന്യാമറിയം വഴി ദൈവത്തിനു സമർപ്പിക്കുക.

അപ്രകാരം ഈ വൈദിക വർഷം ഓരോ വൈദികനും കൂടുതൽ ഫലപ്രദമായ അജപാലന ശുശ്രൂഷയ്ക്ക് സഹായകമായ ആത്മീയ വളർച്ചയ്ക്കും ഉണർവ്വിനും കാരണമാകണം. അതിന് വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും സംയുക്തമായ ഒരാദ്ധ്യാത്മിക മുന്നേറ്റം അനിവാര്യമാണ്. അതിനുവേണ്ട ശക്തിയും കൃപയും ഈശോയുടെ തിരുഹൃദയത്തിൽ നമുക്കു കണ്ടെത്താം. വൈദിക മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ മദ്ധ്യസ്ഥം അതിനു നമുക്ക് സഹായകമാകട്ടെ. വൈദികവർഷത്തിന്റെ ദൈവാനുഗ്രഹം ഏവർക്കും ആശംസിച്ചുകൊണ്ട് ഈ വൈദിക വർഷം നമുക്ക് ചെയ്യാവുന്ന ചില പരിപാടികൾ കെ.സി.ബി.സി. യുടെ നിർദ്ദേശങ്ങളുടെയും, രൂപതാ ആലോചനാസംഘത്തിന്റെ നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ അറിയിക്കട്ടെ

1. വൈദികവർഷം സംബന്ധിച്ചുള്ള അറിയിപ്പുകൾ നമുക്ക് താമസിച്ചു മാത്രം ലഭ്യമായതിനാൽ ജൂൺ 19 ന് രൂപതാതല ഉദ്ഘാടനം വിപുലമായി നടത്താൻ കഴിയില്ല. എങ്കിലും ഓരോ ഇടവകയിലും യുക്തമായ ഒരു ദിവസം അതിന്റെ ഉദ്ഘാടനം ആഘോഷമായി, പ്രാർത്ഥനാപൂർവ്വം നടത്തുക.

2. പുരോഹിതർക്കുവേണ്ടിയുള്ള പ്രാർത്ഥന ദിവ്യബലിയ്ക്കുശേഷം എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും കുടുംബ പ്രാർത്ഥന കഴിഞ്ഞ് എല്ലാ ഭവനങ്ങളിലും ചൊല്ലുക.

3. രൂപതയിലെ ഇടവകകൾ, സന്യാസഭവനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് വർഷം മുഴുവൻ വൈദിക നവീകരണത്തിനും വിശുദ്ധിയ്ക്കുമായി തുടർച്ചയായി ആരാധന (chain adoration) നടത്തുക.

4. അൾത്താര ശുശ്രൂഷകർ 'പ്രാരംഭസെമിനാരി പരിശീലന കാലഘട്ടത്തിലാണെന്ന' ബനഡിക്ട് 16 – ാമൻ മാർപ്പാപ്പയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് ഓരോ ഇടവകയിലും അൾത്താര ബാലസഖ്യം ശക്തിപ്പെടുത്തുക. അവർക്കായി ഇടവകതലത്തിൽ ആനിമേറ്ററിനെ നിയമിക്കുക. ആഴ്ചതോറും യോഗം ചേരുകയും ക്രമാനുഗതമായ പരിശീലനം ഉറപ്പുവരുത്തുകയും ചെയ്തുകൊണ്ട് ദൈവവിളി പ്രോത്സാഹിപ്പിക്കുക.

5. മാസത്തിലൊരിക്കൽ വൈദികർക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുക. മാസാദ്യ വെള്ളിയാഴ്ചകളിൽ വൈദികർ ഉപവസിച്ചു പ്രാർത്ഥിക്കുക.

6. വി. ജോൺ മരിയ വിയാനിയുടെ വിശുദ്ധ ജീവിത രീതിയും ആദ്ധ്യാത്മികതയും വിശ്വാസികൾക്ക് പരിചയപ്പെടുത്തുക. സൺഡേ സ്കൂളുകളിലും വാർഡ് സമ്മേളനങ്ങളിലും വിശുദ്ധന്റെ ജീവചരിത്രം ചർച്ചാവിഷയമാക്കുക.

7. സഭയുടെ പ്രസിദ്ധീകരണങ്ങളിലും രൂപതയുടെ ബുള്ളറ്റിനുകളിലും വൈദികവർഷത്തെക്കുറിച്ചും, വി. ജോൺ മരിയ വിയാനിയെക്കുറിച്ചും ലേഖനങ്ങൾ പ്രസിദ്ധീകരിക്കുക.

8. എല്ലാ ഇടവക വൈദികരും ഈ വർഷം പ്രത്യേകമായി ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും ഇടവക കൂട്ടായ്മ വർദ്ധിപ്പിക്കുകയും ചെയ്യുക

9. വൈദികരുടെ പ്രാർത്ഥനായോഗങ്ങൾ പ്രാദേശിക തലത്തിൽ രൂപീകരിക്കുകയും സഹവൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

10. രൂപത, ഇടവക തലങ്ങളിൽ അത്മായർ, സന്യസ്തർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് വൈദികവർഷാചരണത്തിൽ അവരുടെ പങ്ക് വ്യക്തമാക്കുക

11. പുരോഹിതരുടെ മാതാപിതാക്കളുടെ ഒരു യോഗം രൂപതാതലത്തിലോ പ്രാദേശികതലത്തിലോ വിളിച്ചുകൂട്ടി അവരെ അഭിനന്ദിക്കുകയും ഈ വൈദികവർഷത്തിൽ അവരുടെ കൂടുതലായ പ്രാർത്ഥന അഭ്യർത്ഥിക്കുകയും ചെയ്യുക

12. പ്രോ ലൈഫ് മൂവ്മെന്റ് ശക്തിപ്പെടുത്തുക. നല്ല കുടുംബങ്ങളുടെ രൂപികരണത്തിനും അതുവഴി ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക

13. മതബോധനം, സംഘടനാപ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തുക

14. വൈദിക വർഷ ബോർഡ്, വി. ജോൺ മരിയ വിയാനിയുടെ ചിത്രം എന്നിവ ദേവാലയങ്ങളിൽ സ്ഥാപിക്കുക

15. ഓരോ ഇടവകയും ഈ വൈദിക വർഷം മുതൽ രൂപതയിലെ ഓരോ സെമിനാരി വിദ്യാർത്ഥിയുടെ പഠന ചിലവുകൾ വഹിക്കുക.

16. നമ്മുടെ രൂപതയിലെ വൈദിക മന്ദിരമായ വിയാനി ഭവൻ സന്ദർശി

ക്കുകയും വൃദ്ധരും രോഗികളുമായ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

17. വൈദികരുടെ മാസധ്യാനം കൂടുതൽ തീഷ്ണതയോടും താല്പര്യത്തോടും കൂടെ നടത്തുക

18. വൈദിക സമ്മേളനങ്ങൾ വിളിച്ചുകൂട്ടി വൈദിക ജീവിത നവീകരണത്തിനുപകരിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുക

19. രൂപതയിലെ Living Together Programme വൈദിക വർഷത്തിന്റെ അരൂപിയിൽ ക്രമീകരിക്കുക

20. വൈദികർക്ക് സ്വയം വിമർശനത്തിനും, ആത്മാവബോധം വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

21. ഇടവകകളിൽ വിശുദ്ധ കുർബാനയ്ക്ക് മുമ്പ് നമ്മുടെ രൂപതയിലെ വൈദികർ ഓരോരുത്തരുടെയും പേര് ഓരോ ദിവസവും പറഞ്ഞ് അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. (രൂപതാ ഡയറക്ടറിയിൽ കൊടുത്തിരിക്കുന്ന ക്രമമനുസരിച്ച് ഓരോ ദിവസവും ഓരോ വൈദികന് വേണ്ടി പ്രാർത്ഥിക്കുക.)

22. വൈദിക വർഷാവസാനത്തിൽ രൂപതയിലെ എല്ലാ വൈദികരും രൂപതാദ്ധ്യക്ഷനോടുകൂടി ബലിയർപ്പിക്കുക

കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2009 ജൂൺ മാസം 16-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2009 ജൂലൈ മാസം 12-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

**Vol.** 7

# സർക്കുലർ

***Circular Letter No. 10/2009***
***Prot. No. 8659/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കഴിഞ്ഞ കുറേ വർഷങ്ങളായി നവംബർ 15-ന് ആഗോളസഭയിൽ മാധ്യമദിനമായി ആചരിച്ച് വരുന്ന വിവരം നിങ്ങൾക്ക് അറിയാമെന്ന് കരുതുന്നു. ഈ ആചരണത്തോടനുബന്ധിച്ച് റോമിൽ നിന്ന് പരിശുദ്ധ പിതാവ് എല്ലാ വർഷവും ഒരു അപ്പസ്തോലിക ലേഖനവും പ്രസിദ്ധീകരിക്കാറുണ്ട്. ഈ വർഷത്തെ ലേഖനം അദ്ദേഹം കഴിഞ്ഞ ജനുവരി മാസം 24-ന് ആണ് പ്രസിദ്ധീകരിച്ചത്. നമ്മുടെ കാലഘട്ടത്തിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനത്തെപ്പറ്റി അതിൽ അദ്ദേഹം ഊന്നിപ്പറയുകയും സഭ ഈ മേഖലയിൽ ചെയ്യേണ്ടതായ കാര്യങ്ങളെപ്പറ്റി നമ്മെ ഉപദേശിക്കുകയും ചെയ്യുന്നുണ്ട്. യശ്ശ:ശരീരനായ മുൻമാർപ്പാപ്പ ദൈവദാസൻ ജോൺ പോൾ രണ്ടാമൻ *രക്ഷകന്റെ ദൗത്യം* (Redemptoris Missio) എന്ന തന്റെ ചാക്രികലേഖനത്തിൽ സഭയിൽ ഇക്കാര്യത്തിലുള്ള അലംഭാവത്തെപ്പറ്റി ദു:ഖത്തോടെ സംസാരിക്കുന്നുണ്ട് (No. 37). ഇത്തരുണത്തിൽ പരിശുദ്ധപിതാക്കന്മാരുടെ ആശയങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുന്നതിനൊപ്പം നാം രൂപതയിൽ ഈ മേഖലയിൽ ചെയ്തതും ഇനി ചെയ്യേണ്ടതുമായ ചില കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കാനും ഈയവസരം ഞാൻ ഉപയോഗിക്കുകയാണ്.

*പുതിയ സാങ്കേതികമേഖലകൾ, പുതിയ ബന്ധങ്ങൾ: പരസ്പര ബഹുമാനത്തിന്റേയും ഡയലോഗിന്റേയും സൗഹൃദത്തിന്റേതുമായ സംസ്കാരത്തിന്റെ പ്രോത്സാഹനം* എന്ന് തലക്കെട്ട് കൊടുത്തിരിക്കുന്ന തന്റെ ലേഖനത്തിൽ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ ഇപ്രകാരം എഴുതുന്നു:

പരസ്പരം സംവദിക്കുന്നതിന്റേയും ബന്ധപ്പെടുന്നതിന്റേയും ശൈലികളിൽ പുതിയ വിവര (ഡിജിറ്റൽ) സാങ്കേതികവിദ്യകൾ മൗലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങൾ പ്രത്യേകിച്ച് യുവജനങ്ങളിൽ വളരെ പ്രകടമാണ്. കാരണം അവർ ഈ സാങ്കേതികവിദ്യകളോടൊപ്പം വളർന്നവരും ഇന്നത്തെ ഡിജിറ്റൽ സാങ്കേതികവിദ്യകളിൽ സ്വന്തം വീട്ടിൽ

എന്നപോലെ വളരെ പരിചയമുള്ളവരുമാണ്. എന്നാൽ മുതിർന്നവരായ നമുക്ക് ഇവയെല്ലാം വൈദേശികമായി തോന്നാം. എങ്കിലും പരസ്പരസംവേദനത്തിനായി അവ വച്ച് നീട്ടുന്ന അവസരങ്ങളെ മനസ്സിലാക്കാനും വില മതിക്കാനും നാം പഠിക്കണം.

മനുഷ്യന് ദൈവം നൽകിയ ദാനമായിട്ടാണ് പരിശുദ്ധ പിതാവ് പുതിയ മാധ്യമസാങ്കേതികവിദ്യകളെ അവതരിപ്പിക്കുന്നത്. പരസ്പര ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും അവഗണിക്കപ്പെട്ടവരുടേയും അവശവിഭാഗങ്ങളുടേയും ഉന്നമനത്തിനും അതുപോലെ സുവിശേഷ പ്രഘോഷണത്തിനും മറ്റും ഈ മാധ്യമങ്ങളെ ഉപയോഗപ്പെടുത്താൻ നാം ശ്രമിക്കണം എന്ന് അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തുന്നു. ജോലിക്കായിട്ടും പഠനത്തിനായിട്ടും മറ്റും ദൂരെയായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് പരസ്പരം കണ്ടുമുട്ടാനുള്ള വേദിയാണ് ഇന്ന് ഇന്റർനെറ്റും മൊബൈൽ ഫോണും പോലെയുള്ള ഉപാധികൾ. അവയുടെ ദുരുപയോഗം ഒഴിവാക്കി വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും തമ്മിലുള്ള ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും കർത്താവിന്റെ സുവിശേഷം എല്ലാ സമൂഹങ്ങളിലേയ്ക്കും എത്തിക്കാനും ഉപയുക്തമായ രീതിയിൽ അവയെ ഉപയോഗിക്കണമെന്നും അദ്ദേഹം നമ്മെ ഉപദേശിക്കുന്നു. കാരണം പരമ്പരാഗതമായ ശൈലികൾ മാറി വരുന്ന ലോകസാഹചര്യങ്ങളിൽ ഫലവത്തായി എന്ന് വരുകയില്ല. പ്രത്യേകിച്ചും യുവതലമുറയുമായുള്ള ബന്ധങ്ങളിൽ ഇത് വളറെ പ്രാധാന്യമർഹിക്കുന്നു. കാരണം അവരുടെ സന്തതസഹചാരികളാണ് പുതിയ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ. എന്തെല്ലാം ദൂഷ്യഫലങ്ങൾ ഉണ്ടെങ്കിലും അവയില്ലാത്ത ഒരു ജീവിതത്തെപ്പറ്റി അവർക്ക് ചിന്തിക്കാൻ തന്നെ കഴിയില്ല. അതിനാൽ തന്നെ ഈ വിദ്യകൾക്ക് പുറം തിരിഞ്ഞ് നിൽക്കുന്ന പ്രക്രിയകൾ അവർക്ക് സ്വീകാര്യമാകുകയും ഇല്ല.

2004-ൽ തൃശൂർ വച്ച് നടന്ന അഖിലേന്ത്യാ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ (സി.ബി.സി.ഐ.) സമ്മേളനത്തിന്റെ പ്രദാന ചർച്ചാ വിഷയവും മാധ്യമങ്ങൾ തന്നെയായിരുന്നു. *സംവദിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭ* എന്ന ശീർഷകത്തിൽ സമ്മേളനാനന്തരം പുറത്തിറക്കിയ സന്ദേശത്തിൽ ആധുനിക മാധ്യമങ്ങളെ സഭയിൽ എപ്രകാരം ഉപയോഗപ്പെടുത്തണം എന്ന് വിശദമായി പറഞ്ഞിട്ടുണ്ട്. മാധ്യമങ്ങളെപ്പറ്റിയും അവയുടെ സ്വാധീനത്തെപ്പറ്റിയും വിശ്വാസികളെ അവബോധമുള്ളവരാക്കി മാറ്റാനും സെമിനാരികളിലേയും സമർപ്പിത ഭവനങ്ങളിലേയും പരിശീലനപദ്ധതികളിലും ഇടവകയിലെ വിശ്വാസ പരിശീലനരംഗത്തുമെല്ലാം ആധുനിക മാധ്യമസാധ്യതകളെ ഉപയോ

ഗപ്പെടുത്താനും സന്ദേശത്തിൽ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുന്നുണ്ട്. പിന്നീട് പല സന്ദർഭങ്ങളിലും സഭാ നേതൃത്വം ഈ മേഖലയിൽ നടത്തേണ്ടതായ ഇടപെടലുകളെപ്പറ്റി മെത്രാൻ സംഘം പറഞ്ഞിട്ടുണ്ട്. അതിലൊന്നായിരുന്നു ഭാരതസർക്കാരിന്റെ പുതിയ നയത്തിന്റെ ഫലമായി സാധ്യമായ കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ സ്ഥാപിക്കാൻ രൂപതകളും മറ്റും മുൻകൈയെടുക്കണം എന്ന നിർദ്ദേശം.

വരാൻ പോകുന്ന ലോകക്രമത്തെയും ദിവസേനയെന്നോണം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ-സാമ്പത്തിക-സാംസ്കാരികമാനങ്ങളെയും സംബന്ധിച്ച് വ്യക്തമായൊരു കാഴ്ചപ്പാടും പരമ്പരാഗതമായ ശൈലികളിൽ നിന്ന് മാറി ചിന്തിക്കാനുള്ള കഴിവും ആർജ്ജിച്ചെങ്കിൽ മാത്രമേ വിവരസാങ്കേതികവിദ്യയിൽ അടിസ്ഥാനമിട്ട മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിച്ച് ക്രൈസ്തവസന്ദേശം എല്ലാവരിലും എത്തിക്കുവാൻ സാധിക്കുകയുള്ളു. അക്രമവും അഴിമതിയും കൈക്കൂലിയും കൊള്ളയും കൊള്ളിവയ്പ്പും എല്ലാം നിറഞ്ഞ നമ്മുടെ ലോകത്തിൽ യേശുവിന്റെ മനോഭാവം നിറഞ്ഞ മനുഷ്യനെ സൃഷ്ടിക്കാൻ മേൽപ്പറഞ്ഞ പ്രക്രിയ അത്യന്താപേക്ഷിതമാണ്. മലബാർ കുടിയേറ്റത്തിന്റെ ആദ്യകാലത്ത് നമ്മുടെ ലക്ഷ്യങ്ങൾ കൂടുതൽ പള്ളികളും പള്ളിക്കൂടങ്ങളും ആശുപത്രികളുമായിരുന്നെങ്കിൽ ഇന്ന് നാം ലക്ഷ്യം വയ്ക്കേണ്ടത് മറ്റ് പലതുമാണ്. അവ നേടിയെടുക്കാൻ മാധ്യമ സഹായം കൂടിയേ കഴിയൂ. കാരണം പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിലും തെറ്റോ ശരിയോ ആയ വാർത്തകൾ പ്രചരിപ്പിക്കുന്നതിലും അവയ്ക്കുള്ള പങ്ക് സുവിദിതമാണ്.

കഴിഞ്ഞ ഇരുപത്തഞ്ചോ മുപ്പതോ വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഒരുപക്ഷേ അതിനു മുമ്പ് ഒരു നൂറ് വർഷങ്ങൾകൊണ്ട് ഉണ്ടായ മാറ്റങ്ങളിലും കൂടുതലാണ് എന്ന് കാണാവുന്നതാണ്. ഒരു ടെലഫോൺ കണക്ഷന് വേണ്ടി ദശകങ്ങൾ തന്നെ കാത്തിരുന്ന സ്ഥാനത്ത് ലോകത്തിൽ എങ്ങോട്ടും വിളിക്കാൻ തക്ക രീതിയിലുള്ളതും കയ്യിൽകൊണ്ടുനടക്കാവുന്നതും ആയ ടെലഫോൺ കണക്ഷനുകൾ നിമിഷനേരംകൊണ്ട് നമ്മുടെ കൈകളിൽ ഇന്ന് എത്തും. നൂതനമായ മൊബൈൽ ഫോണുകൾ ശബ്ദം മാത്രമല്ല ചിത്രങ്ങളും കത്തുകളും വരെ നമ്മുടെ മുമ്പിൽ എത്തിക്കുവാൻ കഴിവുള്ളവയാണ്. വിദേശത്തുള്ള ഉറ്റവരും ഉടയവരും ആയവരുടെ വിവരങ്ങൾ അറിയാൻ ആഴ്ചകളോ മാസങ്ങളോ കാത്തിരിക്കേണ്ടിയിരുന്ന സ്ഥാനത്ത് ഇന്ന് കമ്പ്യൂട്ടർ മൗസിന്റെ ഒരു ക്ലിക്ക് കൊണ്ട് ലോകത്തിൽ എവിടെയുള്ളവരേയും മുഖത്തോട് മുഖം കണ്ട് സംസാരിക്കാനുള്ള

സാങ്കേതികവിദ്യ സർവ്വസാധാരണമാണ്. അനേകം ചിത്രങ്ങൾ അടങ്ങുന്ന ആൽബങ്ങളും മുഴുവൻസമയ സിനിമകൾ തന്നെയും അപ്പാടെ കമ്പ്യൂട്ടർവഴി നിമിഷനേരം കൊണ്ട് അയച്ചുകൊടുക്കാൻ വിവര സാങ്കേതികവിദ്യ നമ്മെ പ്രാപ്തരാക്കിയിരിക്കുന്നു. ഈ മാധ്യമങ്ങളിൽ പലതും സൗജന്യവുമാണ്. ഉപഗ്രഹങ്ങളിലൂടെ ശബ്ദത്തിന്റെ മാത്രമല്ല ചിത്രത്തിന്റേയും പ്രക്ഷേപണം സാധ്യമായതോടെ ആഗോളതലത്തിൽ നടക്കുന്ന കാര്യങ്ങൾ അപ്പപ്പോൾ ടെലിവിഷനിലൂടെ നമ്മുടെ സ്വീകരണമുറികളിൽ കാണാൻ കഴിയുന്നു. ഈ സാഹചര്യത്തിലാണ് പരിശുദ്ധപിതാവിന്റെ വാക്കുകൾക്കും ഭാരത മെത്രാൻ സംഘത്തിന്റെ ഉപദേശത്തിനും പ്രാധാന്യമേറുന്നത്. കർത്താവിന്റെ സുവിശേഷം പള്ളിയിൽ മാത്രം പറഞ്ഞാൽ കേൾക്കാൻ ഒരുപക്ഷേ വരും വർഷങ്ങളിൽ അധികം ആളുകൾ ഉണ്ടാവുകയില്ല എന്ന് നാം കരുതണം. വിവര സാങ്കേതികവിദ്യയിൽ ജീവിക്കുന്ന മനുഷ്യന്റെ ആദ്ധ്യാത്മികപുരോഗതിയിലും ആ വിദ്യയുടെ സ്വാധീനം ഉണ്ടാകുന്നത് സ്വാഭാവികം മാത്രം. നാമത് ഫലപ്രദമായി ഉപയോഗിക്കാൻ പ്രാപ്തരാകണം.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് നമ്മുടെ രൂപതാതലത്തിൽ ഒരു മാധ്യമകമ്മീഷന് രൂപം കൊടുക്കാൻ തീരുമാനിച്ചത്. അതിൻപ്രകാരം ഏതാനും പേരെ ഉൾപ്പെടുത്തി ഒരു മാധ്യമക്കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട് രൂപതയിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാനുള്ള ഒരു ഉന്നതാധികാര സമിതിയായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. ഇപ്പോൾ രൂപതയിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതി, പബ്ലിക് റിലേഷൻസ് ഓഫീസ്, റേഡിയോ മാറ്റൊലി തുടങ്ങിയവയും ഇനി ഈ മേഖലയിൽ ഉണ്ടാകാവുന്ന മറ്റ് സംരംഭങ്ങളും ആ സമിതിയ്ക്ക് വിധേയമായിരിക്കും.

മുകളിൽ സൂചിപ്പിച്ചതുപോലെ സഭയുടെ പൊതുനയത്തിന്റെ ഭാഗമായാണ് നാം റേഡിയോ മാറ്റൊലി ആരംഭിച്ചത്. മറ്റൊരു രൂപതയും താദൃശ ഏജൻസികളും ഇതുവരെ ഇറങ്ങിച്ചെല്ലാത്ത ഒരു മേഖലയായിരുന്നതുകൊണ്ട് റേഡിയോ പ്രക്ഷേപണ രംഗത്ത് നമുക്കൊരു മാതൃക ഇല്ലായിരുന്നു. അതുകൊണ്ട് തന്നെ അതേപ്പറ്റി ആരംഭത്തിൽ ഏറെ ആശങ്കകളും ഉണ്ടായിരുന്നു. ബാലാരിഷ്ടതകൾ പൂർണ്ണമായി മാറിയിട്ടില്ലെങ്കിലും റേഡിയോ വിജയകരമായി നടത്തിക്കൊണ്ട് പോകാൻ കഴിയും എന്ന ആത്മവിശ്വാസമാണ് അതുമായി ബന്ധപ്പെട്ട എല്ലാവർക്കും ഇപ്പോഴുള്ളത്. ദൈവത്തിന്റെ അനുഗ്രഹവും പൊതുസമൂഹത്തിന്റെ സഹകരണവും ആ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. റേഡിയോ മാറ്റൊലിയെ നമ്മുടെ നാട്ടിലെ ജനങ്ങൾ രണ്ട്

കയ്യും നീട്ടി സ്വീകരിച്ചു കഴിഞ്ഞു എന്ന് സ്റ്റേഷനിലേയ്ക്ക് എത്തുന്ന കത്തുകളും ഫോൺ വിളികളും സൂചിപ്പിക്കുന്നു.

പരസ്പര സ്പർധയും മത്സരവും തദ്ഫലമായുണ്ടാകുന്ന വിരോധങ്ങളും വഴക്കുകളും കൊണ്ട് കലുഷിതമായ നമ്മുടെ സമൂഹത്തിൽ പാരസ്പര്യത്തിന്റെ പുതിയൊരു സംസ്കാരം കെട്ടിപ്പടുക്കാനാണ് റേഡിയോയിലൂടെ നാം ശ്രമിക്കുന്നത്. വർഗ്ഗ-ജാതി-മതങ്ങൾക്കതീതമായി ചിന്തിക്കാനും നാമെല്ലാം ഒരേ മനുഷ്യകുലത്തിന്റെ അംഗങ്ങളാണെന്നും നാമതിലൂടെ പ്രഘോഷിക്കുന്നു. യേശു നമുക്ക് പറഞ്ഞു തന്ന സ്നേഹത്തിന്റേയും കൂട്ടായ്മയുടെയും പരസ്നേഹത്തിന്റെയും പാഠങ്ങൾ സമൂഹത്തിലേയ്ക്ക് എത്തിക്കാനുള്ള നല്ലൊരു മാർഗ്ഗമായും നാമിതിനെ കാണുന്നു. അതോടൊപ്പം നമ്മുടെ നാടിന്റെ വിവിധോന്മുഖങ്ങളായ വികസനപ്രവർത്തനങ്ങളിൽ പങ്കുചേരാനും നമുക്ക് ഇതിലൂടെ സാധിക്കുന്നു.

സമയക്കുറവും ജോലിസമ്മർദ്ദങ്ങളും ദിവസേനയെന്നോണം അനുഭവിക്കുന്ന ആധുനിക മനുഷ്യന് പല കാര്യങ്ങളേപ്പറ്റിയും വായിച്ചറിയാൻ എപ്പോഴും സമയം കിട്ടിയെന്ന് വരില്ല. എന്നാൽ സ്വന്തം വാഹനമുള്ളവർ ജോലി സ്ഥലത്തേയ്ക്ക് പോകുമ്പോൾ, അഥവാ ടാക്സി, ഓട്ടോറിക്ഷാ ഡ്രൈവർമാർ യാത്രക്കാരെ കാത്ത് കിടക്കുമ്പോൾ, അല്ലെങ്കിൽ വീട്ടമ്മമാർ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുമ്പോൾ എല്ലാം പാഴായിപ്പോകുന്ന കുറേ സമയമുണ്ട്. ആ സമയങ്ങളിൽ പത്രം വായിക്കാനും, ടെലിവിഷൻ കാണാനും പലർക്കും സാധ്യമല്ല. എന്നാൽ റേഡിയോ കേൾക്കുന്നതിന് തടസ്സമില്ല. ഈ സമയത്ത് വ്യക്തികൾക്കും കുടുംബങ്ങൾക്കും, സമൂഹത്തിനും എല്ലാം ഉപകാരപ്രദമാകുന്ന കാര്യങ്ങൾ റേഡിയോയിലൂടെ അവരിലേയ്ക്കെത്തിക്കാൻ കഴിയും. ഇക്കാരണത്താൽ നഗരങ്ങളിൽ എന്നപോലെ ഗ്രാമങ്ങളിലും റേഡിയോ സാവധാനം തിരിച്ച് വന്നുകൊണ്ടിരിക്കുകയാണ്.

നാം തുടങ്ങിയിരിക്കുന്ന റേഡിയോ ഉപയോഗിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും അവയെ കൂടുതൽ പേരിലേയ്ക്ക് എത്തിക്കാനും മിഷൻലീഗ്, യുവജന സംഘടന തുടങ്ങിയ നമ്മുടെ ഭക്തസംഘടനകളും അതുപോലെ രൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗവുമെല്ലാം തയ്യാറാകണം. രൂപതയിലെ വൈദികരും സമർപ്പിതരുമെല്ലാം ഇതിൽ സവിശേഷ പങ്കാളികളാകണം. രൂപതയിൽപ്പെട്ടവരും അല്ലാത്തവരുമായ വ്യക്തികൾക്കും തങ്ങളുടെ കഴിവുകൾ വികസിപ്പിക്കാനും ഈ വേദി ഉപയോഗപ്പെടുത്താം. പല തലത്തിൽ കഴിവുകളുള്ള ധാരാളം പേർ പ്രത്യേകിച്ച്, കുട്ടികളും യുവജനങ്ങളും നമ്മുടെ നാട്ടിലുണ്ട്. അവരെ കണ്ടെത്തി റേഡിയോയിലേയ്ക്ക് തിരിച്ച് വിടാൻ എല്ലാവരും തയ്യാറാകണം എന്ന് അഭ്യർത്ഥിക്കുന്നു.

റേഡിയോ മാറ്റൊലിയുടെ പ്രക്ഷേപണം ലഭ്യമായ പ്രദേശങ്ങളിലെ ഇടവകകളിലും സ്കൂളുകളിലും മറ്റും റേഡിയോ ക്ലബ്ബുകൾ തുടങ്ങാൻ ഞാൻ ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുന്നു. ആ ക്ലബ്ബുകളിലെ അംഗങ്ങൾക്കും മറ്റുള്ളവർക്കും റേഡിയോയിലൂടെ പരിപാടികൾ അവതരിപ്പിക്കാനും സാഹചര്യമൊരുക്കാവുന്നതാണ്. നമ്മുടെ സ്കൂളുകളിലും മറ്റും കലാപരമായി കഴിവുകൾ ഉള്ള എത്രയോ കുട്ടികളും അധ്യാപകരും ഉണ്ട്. അവരുടെയെല്ലാം കഴിവുകൾ മറ്റുള്ളവർക്കും അനുഭവിക്കാൻ ഇടവരട്ടെ.

കേവലം ഒരു റേഡിയോ കൊണ്ട് നാം നിർത്തേണ്ടതില്ല. നമുക്കിനിയും ഒട്ടനവധി സാധ്യതകളുണ്ട്. ആവശ്യം വരുന്നതനുസരിച്ചും സാധ്യമാകുന്നതിനനുസരിച്ചും അക്കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാൻ തീർച്ചയായും ഇപ്പോൾ രൂപീകൃതമായിരിക്കുന്ന മാധ്യമ കമ്മീഷൻ ശ്രമിക്കും. ആധുനിക മാധ്യമങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം, വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ഭക്തസംഘടനാ പ്രവർത്തനങ്ങൾ, രൂപതാംഗങ്ങൾക്കും പൊതുസമൂഹത്തിനും കൊടുക്കാൻ കഴിയുന്ന മാധ്യമവിദ്യാഭ്യാസം തുടങ്ങിയവ അവയിൽ ചിലത് മാത്രം.

പതിവുപോലെ മാധ്യമദിനാചരണത്തോടനുബന്ധിച്ചുള്ള സ്തോത്രക്കാഴ്ച സഭയിലെ മാധ്യമപ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ളതാണ് എന്നോർമ്മപ്പെടുത്തട്ടെ. ബഹുമാനപ്പെട്ട ഇടവക വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേ ദിവസം പിരിഞ്ഞു കിട്ടുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2009 ഒക്ടോബർ മാസം 24-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2009 നവംബർ മാസം 15-ാം തീയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

**Vol.** 8



# ഇടയലേഖനം

***Pastoral Letter No. 03/2009***
***Prot. No. 8747/2009***

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**മാർ ജോസ് പൊരുന്നേടം**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ജനനത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ക്രിസ്തുമസ് കടന്നുവരികയാണല്ലോ. അവിടുത്തെ എതിരേൽക്കാൻ നമ്മുടെ ശരീരവും മനസ്സും ആത്മാവും ശുചിയാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായുള്ള നോമ്പ് കാലത്താണ് നാമിപ്പോൾ. ഇത്തരുണത്തിൽ ഇതുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ക്രിസ്തുമസ് വലിയ സന്തോഷത്തിന്റെ അവസരമാണ്. എന്താണ് ആ സന്തോഷത്തിന്റെ കാരണം? പാപത്തിന് അടിമയായിരുന്ന നമ്മെ അവിടുന്ന് അതിൽ നിന്ന് മോചിപ്പിച്ച് നഷ്ടപ്പെട്ട ദൈവപുത്രസ്ഥാനം നമുക്ക് തിരികെത്തന്നു എന്നതാണ് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ആ സന്തോഷത്തിന്റെ കാരണം. ആ സന്തോഷം, തിന്മയിലേയ്ക്ക് ചാഞ്ഞിരിക്കുന്ന മനുഷ്യർക്ക് അതിൽ നിന്ന് മോചനം നേടി ദൈവത്തിന്റെ ഛായയും സാദൃശ്യവും വീണ്ടെടുക്കാൻ അവസരം ഒരുക്കി എന്നത് സന്തോഷകരം തന്നെയാണല്ലോ. പക്ഷേ, അത് നമ്മുടെ തെരഞ്ഞെടുപ്പിനെ ആശ്രയിച്ചാണിരിക്കുന്നത്. കാരണം നമ്മുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താൻ ദൈവം ആഗ്രഹിക്കുന്നില്ല. താത്പര്യമുള്ളവർക്ക് കർത്താവ് സ്ഥാപിച്ച കൂദാശകൾ സ്വീകരിക്കുകയും അവിടുന്ന് കാണിച്ച് തന്ന വഴിയിലൂടെ നടന്ന് ആ സന്തോഷം കൈവരിക്കുകയും ചെയ്യാം.

ക്രിസ്തുമസ് വലിയ പ്രത്യാശയുടെ അവസരവുമാണ്. എന്തെല്ലാം സംഭവിച്ചാലും എത്ര വർഷം കഴിഞ്ഞാലും ദൈവം നമ്മെ കൈവിടുകയില്ല എന്ന വസ്തുതയാണ് ആ പ്രത്യാശയുടെ അടിസ്ഥാനം. രക്ഷകൻ ഇനിയും വരാനിരിക്കുന്നതേയുള്ളു എന്ന് വിശ്വസിക്കുന്ന ഇസ്രായേൽ ജനതയ്ക്ക് ഇന്നും വലിയ പ്രതീക്ഷയോടെ ജീവിക്കാനും ഏത് പ്രതിബന്ധങ്ങളേയും തരണം ചെയ്യാനും ശക്തി നൽകുന്നത് ഈ പ്രത്യാശയാണ്. അങ്ങനെയെങ്കിൽ ആ രക്ഷകനെ കണ്ടെത്തുകയും അനുഭവിച്ചറിയുകയും ചെയ്ത നമുക്ക് എത്രയോ അധികം പ്രത്യാശയോടെ ജീവിക്കാൻ കഴിയേണ്ടതാണ്!

കർത്താവിന്റെ വഴികൾ ലോകത്തിന്റെ വഴികളല്ല, ദൈവത്തെ കൂടാതെ ജീവിക്കാൻ ശ്രമിക്കുന്ന ആളുകളെയാണ് ലോകം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ആശയം വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ ഉടനീളം കാണാവുന്നതാണ്. നമ്മൾ ലോകത്തിന്റെ വഴികൾ അനുസരിച്ചാണ് ജീവിക്കുന്നതെങ്കിൽ അതേപ്പറ്റി നമ്മെ ബോധ്യപ്പെടുത്താനും അവയിൽ നിന്ന് മാറി കർത്താവിന്റെ വഴികൾ തെരഞ്ഞെടുക്കാനും ഉള്ള അവസരമാണ് നോമ്പുകാലം. ആ തെരഞ്ഞെടുപ്പ് നാം നടത്തുമ്പോഴാണ് കർത്താവിന്റെ ജനനം നമ്മുക്ക് സന്തോഷത്തിന്റേയും പ്രതീക്ഷയുടേയും കാരണമായിത്തീരുന്നത്.

ജറൂസലേമിൽ കർത്താവ് ജനിച്ച സ്ഥലത്തും അടക്കപ്പെട്ട സ്ഥലത്തുമുള്ള ദൈവാലയ ഭാഗങ്ങളിൽ ഇന്ന് പ്രവേശിക്കണമെങ്കിൽ വളരെ ചെറിയ വാതിലുകളിലൂടെ നാം കടന്നു പോകണം. വലിയ തടിയുള്ളവർക്കാകട്ടെ അത് വളരെ വിഷമമേറിയതോ അഥവാ അസാധ്യമോ ആയിരിക്കും. അങ്ങനെ അവർക്ക് ആ ദർശനം നഷ്ടപ്പെടുന്നു. നമ്മുടെ മനോഭാവത്തിന്റെ ഒരു പ്രതീകമായി ഇതിനെ കാണാവുന്നതാണ്. കർത്താവിനെ കണ്ടുമുട്ടാനും അവിടുന്നിൽ പ്രത്യാശ വയ്ക്കാനും നമുക്ക് കഴിയണമെങ്കിൽ നാം ചെറുതായേ പറ്റുകയുള്ളു. ഈ വസ്തുതയാണ് വിശുദ്ധ പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിലൂടെ നമ്മെ അനുസ്മരിപ്പിക്കുന്നത്. അദ്ദേഹം പറയുന്നു: *ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനേപ്പോലെ കാണപ്പെട്ടു. മരണം വരെ - അതേ കുരിശുമരണം വരെ - അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി*

(ഫിലിപ്പി 2:6-8). ക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നമുക്കും ഉണ്ടാകണമെന്ന് അദ്ദേഹം ഈ വാചകങ്ങൾക്ക് തൊട്ട്മുമ്പ് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഈ മനോഭാവം ഉള്ളവർക്കാണ് ക്രിസ്തുമസ് സന്തോഷത്തിന്റേയും പ്രത്യാശയുടേയും ഉത്സവമായി മാറുന്നത്. ഈ മനോഭാവം ആർജ്ജിക്കാനാണ് നാം ഈ നോമ്പുകാലത്ത് പരിശ്രമിക്കേണ്ടത്. പരസ്പരം പങ്കുവയ്ക്കുമ്പോഴും ക്ഷമിക്കുമ്പോഴും, വിട്ടുകൊടുക്കുമ്പോഴും സഹിക്കുമ്പോഴും എല്ലാം നാം ചെയ്യുന്നത് സ്വയം ചെറുതാകുകയാണ്. ഈ പ്രക്രിയ നിരന്തരം കുടുംബങ്ങളിലും ഇടവകകളിലും മറ്റ് സമൂഹങ്ങളിലും എല്ലാം നടക്കണം.

വിമാനം പറപ്പിക്കാൻ ഉത്തരവാദിത്വപ്പെട്ട പൈലറ്റുമാർക്കറിയാം അവർ കോക്ക്പിറ്റിൽ എന്തൊക്കെ ചെയ്താലാണ് സുരക്ഷിതമായി ആ വിമാനം ലക്ഷ്യസ്ഥാനത്ത് നിലത്തിറക്കാൻ കഴിയുക എന്ന്. അതിനാൽ അവർ അനാവശ്യമായി അതിലുള്ള ഉപകരണങ്ങളിൽ പിടിക്കുകയോ തന്റെ ശ്രദ്ധ മറ്റെന്തിലേയ്ക്കെങ്കിലും തിരിയ്ക്കുകയോ ചെയ്യുകയില്ല. എന്നാൽ കാണാനുള്ള കൗതുകം കൊണ്ടോ തട്ടിക്കൊണ്ട് പോകാനുള്ള ഉദ്ദേശത്താലോ കോക്ക്പിറ്റിൽ കയറുന്നവർ ചെയ്യുന്നത് അതൊന്നുമല്ലല്ലോ. ക്രിസ്തുമസ്സിന്റെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചോ എന്ന് നാം ആത്മശോധന ചെയ്യാൻ കൂടിയുള്ള അവസരമാണ് നോമ്പുകാലം. ക്രിസ്തുമസിനെ കച്ചവട ശക്തികൾ തട്ടിക്കൊണ്ടുപോയോ എന്ന് നാം അന്വേഷിക്കണം. അവർ തരുന്ന ക്രിസ്തുമസ് വ്യാഖ്യാനങ്ങളുടെ ഇരകളായി നമ്മളും മാറിയോ എന്ന് പരിശോധിച്ചു നോക്കുന്നത് ഉചിതമായിരിക്കും. നാം അവരുടെ ഇരകളായിത്തീർന്നെങ്കിൽ സമ്മാനങ്ങൾ കൈമാറാനും നല്ല ഭക്ഷണം കഴിക്കാനുമുള്ള അവസരം എന്നതിനപ്പുറം പ്രത്യാശയും സന്തോഷവും പ്രദാനം ചെയ്യുന്ന അവസരമായി ക്രിസ്തുമസ് നമുക്ക് അനുഭവപ്പെടുകയില്ല.

രക്ഷകന്റെ വരവിനെ കാത്ത് ഇസ്രായേൽക്കാർ പ്രതീക്ഷയോടെ അനേകായിരം വർഷങ്ങൾ കഴിച്ചു. എന്നാൽ അതിനിടയിൽ രക്ഷകനെപ്പറ്റിയുള്ള അവരുടെ വിശ്വാസം വളരെ ഭൗതികമായിക്കഴിഞ്ഞു. ദാവീദിന്റെ വംശപരമ്പരയിൽ നിന്ന് വരുന്ന ഒരു മഹാ ചക്രവർത്തിയായിരിക്കും മിശിഹാ അഥവാ രക്ഷകൻ എന്നവർ കരുതി. അതുകൊണ്ട് തന്നെ കേവലം ഒരു പശുത്തൊഴുത്തിൽ പിറന്ന ശിശുവിനെ രക്ഷകനായി കാണാൻ അവരിൽ ഭൂരിപക്ഷത്തിനും കഴിഞ്ഞില്ല. ഹേറോദേസ് രാജാവാകട്ടെ തന്റെ സ്ഥാനത്തിന് കോട്ടം തട്ടും എന്ന ചിന്തയിൽ യേശുവിനെ നശിപ്പിക്കാൻ ശ്രമിക്കുന്നു. യേശുവിനെ ഒരു മഹാരാജാവായി

കാണാൻ ശ്രമിക്കുന്നവർക്ക് അവസാനം നിരാശയിൽ നിപതിക്കേണ്ടി വരും. അവിടുത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നവരാകട്ടെ സ്വയം നാശത്തിൽ ചെന്ന് പതിക്കുകയും ചെയ്യും.

കാലിത്തൊഴുത്തിൽ പിറന്ന രക്ഷകന്റെ മുമ്പിൽ നാം സ്വീകരിക്കേണ്ട മനോഭാവം ആരാധനയുടേതും സ്വയം സമർപ്പണത്തിന്റേതുമാണ്. അവിടുത്തെ ആരാധിക്കാൻ വന്ന ആട്ടിടയന്മാരുടെയും പൂജരാജാക്കന്മാരുടേയും മനോഭാവത്തോടെ അവിടെ നിൽക്കാൻ കഴിയുമ്പോഴാണ് നാമവിടുത്തെ രക്ഷകനായി തിരിച്ചറിഞ്ഞു എന്നു പറയാൻ കഴിയുന്നത്. ഈ ക്രിസ്തുമസ് കാലിത്തൊഴുത്തിലെ ശിശുവിൽ മിശിഹായെ തിരിച്ചറിഞ്ഞവരും അവിടുത്തെ വഴികൾ തിരിച്ചറിഞ്ഞവരും എന്ന നിലയിൽ നമുക്ക് ആഘോഷിക്കാം.

രക്ഷകന്റെ ജനനത്തെ ആസ്പദമാക്കി തിരിച്ചിരിക്കുന്ന ക്രിസ്തുവർഷത്തിൽ ഒരു വർഷംകൂടി കടന്നുപോകുകയാണ്. 2009 വർഷത്തിൽ ദൈവം നമുക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും അവിടുത്തേയ്ക്ക് നന്ദി പറയാം. അതുപോലെ തന്നെ കടന്നുവരുന്ന 2010 വർഷം അനുഗ്രഹപ്രദമായിരിക്കുകയും ചെയ്യട്ടെ. കടന്നുപോയ വർഷത്തിൽ നമുക്ക് വന്നുപോയ പരാജയങ്ങളുടെ കാരണങ്ങളെ തിരിച്ചറിഞ്ഞ് അവ തിരുത്തി പുതിയ വർഷത്തിൽ ജീവിതത്തെ വിജയത്തിൽ എത്തിക്കാൻ നമുക്ക് ദൈവകൃപ ലഭിക്കട്ടെ. നിങ്ങളുടെ വ്യക്തിജീവിതങ്ങളിലും കുടുംബജീവിതങ്ങളിലും ഈ ക്രിസ്തുമസ് നൽകുന്ന സന്തോഷവും സമാധാനവും വർഷംമുഴുവൻ നിറഞ്ഞു നിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും കൃപനിറഞ്ഞ ക്രിസ്തുമസ്സും പുതുവർഷവും നേരുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 നവംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- **ഈ ഇടയലേഖനം 2009 ഡിസംബർ മാസം 6-ാം തീയതി ഞായറാഴ്ച വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 11/2009***
***Prot. No. 8748/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ക്രൈസ്തവ വിശ്വാസജീവിതം കർത്താവിന്റെ രക്ഷാകരദൗത്യ നിർവ്വഹണത്തിലാണല്ലോ അർത്ഥം കണ്ടെത്തേണ്ടത്. നമ്മുടെ ആരാധനാക്രമവർഷം രൂപപ്പെടുത്തിയിരിക്കുന്നത് ഈ രക്ഷാകര ചരിത്രത്തിലെ എല്ലാ സംഭവങ്ങളേയും കോർത്തിണക്കിയാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കർത്താവിന്റെ ജനനവും പെസഹാരഹസ്യങ്ങളും. അവിടുത്തെ പീഢാനുഭവം, കുരിശുമരണം, ഉത്ഥാനം എന്നീ കാര്യങ്ങളെയാണ് പെസഹാരഹസ്യങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇക്കാര്യങ്ങളെ അനുസ്മരിക്കുന്ന ദിവസങ്ങൾക്കായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന പുസ്തകങ്ങളാണ് നാം ആരാധനാക്രമത്തിൽ ഉപയോഗിച്ചുവരുന്നത്. സ്വാഭാവികമായും അവയിലെ പ്രാർത്ഥനകളും വായനകളും ഗീതങ്ങളും എല്ലാം അനുസ്മരിക്കപ്പെടുന്ന സംഭവങ്ങളിലേയ്ക്ക് നമ്മുടെ മനസ്സിനേയും ഹൃദയങ്ങളേയും നയിക്കുവാൻ ഉതകുന്നവയും അവയുടെ അർത്ഥവും ദൈവശാസ്ത്രവും മറ്റും മനസ്സിലാക്കിത്തരുന്നവയും ആയിരിക്കണം. സുറിയാനിഭാഷയിലായിരുന്ന ഈ ക്രമങ്ങളെല്ലാം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നിർദ്ദേശാനുസരണം മലയാള ഭാഷയിലാക്കിയാണ് നാം ഇപ്പോൾ ഉപയോഗിച്ച് വരുന്നത്.

സൂനഹദോസ് കഴിഞ്ഞ ഉടനേ തർജ്ജിമ ചെയ്യപ്പെട്ടതും ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നതും ആയ ക്രമങ്ങൾ പൂർണ്ണമായും മൂലഗ്രന്ഥങ്ങളിലെ അർത്ഥവും ദൈവശാസ്ത്രവും ഉൾക്കൊണ്ടിരുന്നില്ല എന്ന ഒരു ചിന്ത പലഭാഗത്ത് നിന്നും ഉണ്ടായി. അതിനാൽ അവയെ ആ രീതിയിലാക്കാനുള്ള ശ്രമങ്ങൾ ഏതാനും വർഷങ്ങളായി നടന്ന് വരുന്നുണ്ടായിരുന്നു. ചില രൂപതകളിൽ അങ്ങനെ മാറ്റം വരുത്തിയ ക്രമങ്ങളും ഉപയോഗിച്ച് തുടങ്ങി. ഇക്കാര്യങ്ങളിൽ രൂപതകളിൽ ഒരു ഏകീകൃത സ്വഭാവം ഇല്ലാതാകാൻ ഇത് ഇടയാക്കിയിട്ടുണ്ട്.

എന്നാൽ നമ്മുടെ സഭയ്ക്ക് ശ്രേഷ്ഠമെത്രാപ്പോലീത്തൻ സംവിധാനം ലഭിച്ചതോടെ ക്രമങ്ങൾ പുന:ക്രമീകരണം ചെയ്ത് എല്ലാ രൂപതകളിലും ഒരുപോലെയാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. അങ്ങനെ പുതുക്കിയ ക്രമങ്ങൾ ക്രിസ്തുമസ്സ്, വലിയ ആഴ്ച എന്നീ അവസരങ്ങളിലേക്കുള്ളത് ഇക്കഴിഞ്ഞ സെപ്തംബർ മാസത്തിൽ നമ്മുടെ ശ്രേഷ്ഠമെത്രാപ്പോലീത്താ ഒരു ഔദ്യോഗിക ഡിക്രിയിലൂടെ പ്രാബല്യത്തിൽ വരുത്തുകയുണ്ടായി. അതോടുകൂടി ഇതുവരെ ഈ അവസരങ്ങളിൽ ഉപയോഗിച്ചിരുന്ന ക്രമങ്ങൾക്ക് നിയമസാധുത ഉണ്ടായിരിക്കുകയില്ല എന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ അവ ഇനി ഉപയോഗിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. തദനുസാരം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം പള്ളികളിൽ അറിയിക്കുകയും പുതിയ പുസ്തകങ്ങൾ അനുസരിച്ച് ക്രമങ്ങൾ നടത്താൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ. പുസ്തകങ്ങളുടെ കോപ്പികൾ രൂപതാ ബുക്കുസ്റ്റാളിൽ ലഭ്യമാണ്. ക്രമങ്ങൾ ഉപയോഗിക്കുന്നതിന് മുമ്പായി ആവശ്യമായ പരിശീലനം വിശ്വാസികൾക്ക് കൊടുക്കുന്നത് അഭികാമ്യമാണ്. ക്രമങ്ങളുടെ അർത്ഥം മനസ്സിലാക്കിക്കൊടുക്കുന്നത് അവയിലുള്ള ഭാഗഭാഗിത്വം സജീവമാക്കാൻ ഉപകരിക്കും. മാത്രമല്ല അതൊരു വിശ്വാസപരിശീലനോപാധി കൂടി ആയിരിക്കും.

ഇതുവരെ ഉപയോഗത്തിലിരുന്ന ക്രമങ്ങൾ മാറുമ്പോൾ അല്പം അസ്വസ്ഥത ഉണ്ടാകുന്നത് സ്വാഭാവികം മാത്രം. എന്നാൽ ഉപയോഗം കൊണ്ട് അവ മാറും എന്നത് നിസ്സംശയമാണ്. പുതിയ പുസ്തകങ്ങൾ സഭയിൽ എല്ലായിടത്തും ഉപയോഗിക്കപ്പെടും എന്നതിനാൽ അതൊരു ഐക്യത്തിന്റെ പ്രതീകം കൂടിയാകും എന്നും നമുക്കോർക്കാം. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 നവംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**NB:- ഈ സർക്കുലർ 2009 ഡിസംബർ മാസം 13-ാം തീയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 12/2009***
***Prot. No. 8752/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഏതൊരു സമൂഹത്തിന്റെയും പ്രസ്ഥാനത്തിന്റെയും ശക്തിയാണല്ലോ യുവജനങ്ങൾ. തങ്ങൾ ആദർശമായി സ്വീകരിച്ചിരിക്കുന്ന പ്രസ്ഥാനത്തിന് വേണ്ടി സ്വജീവൻ പോലും കൊടുക്കാൻ തയ്യാറാണവർ. ഏറെ പ്രവർത്തിക്കാനും എന്ത് പ്രതിസന്ധികളേയും തരണം ചെയ്യാനും അവർ ഒരുക്കമായിരിക്കും. സമയാസമയങ്ങളിൽ വേണ്ടതരത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കിട്ടണമെന്ന് മാത്രം. സഭയും ഇതിന് അപവാദമല്ല. യുവജനങ്ങൾക്ക് വേണ്ടിയുള്ള സഭാ പ്രസ്ഥാനമാണ് കെ.സി.വൈ.എം എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കേരള കത്തോലിക്കാ യൂത്ത് മൂവ്മെന്റ്. മാനന്തവാടി രൂപതയിൽ കെ.സി.വൈ.എം വളരെ സജീവമായി പ്രവർത്തനരംഗത്തുണ്ട്. ജീവിതത്തിലെ ഏറ്റവും സുന്ദരകാലഘട്ടമായ യുവത്വം ഈ കാലഘട്ടത്തിലെ സമൂഹത്തിന്റെ ചാലകശക്തിയായി മാറണം. മൂല്യാധിഷ്ഠിതവും വിശ്വാസബന്ധിയുമായ ജീവിതശൈലി ഉൾക്കൊണ്ട് ക്രിസ്തുദർശനത്തിലൂന്നിയ ഒരു പുത്തൻ സംസ്കാരത്തിന് ഉടമകളാകുവാൻ യുവജനങ്ങളെ പ്രേരിപ്പിക്കുകയാണ് അവർ ചെയ്യുന്നത്.

വചനത്തിലൂടെ വിമോചനത്തിലേയ്ക്ക് എന്ന ആദർശ വാക്യം സ്വീകരിച്ച് സേവനപാതയിൽ മുന്നേറുന്ന മാനന്തവാടി രൂപത കെ.സി.വൈ.എം പിന്നിട്ട നാളുകളിൽ പ്രതിബദ്ധതയാർന്ന ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. സമൂഹത്തിന്റെ സ്പന്ദനങ്ങൾ ഏറ്റെടുത്തുകൊണ്ട്, നാടിന്റെ വികസനത്തിനായി നൂതനവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിലൂടെ ശക്തിയാർജിച്ച കെ.സി.വൈ.എം അത് പുനഃസംഘടിപ്പിച്ചതിന്റെ പതിനഞ്ചാം വാർഷികവും, 2009 സംഘടനാ ശാക്തീകരണ വർഷത്തിന്റെ സമാപനവും യുവജനറാലിയും 2009 ഡിസംബർ 21, 22 തീയതികളിൽ ബത്തേരിയിൽ നടത്തുകയാണ്. ഡിസംബർ 21 ന് വൈകിട്ട് പ്രതിനിധി സമ്മേളനവും 22 ന് രാവിലെ 10 മണിക്ക് യുവജനറാലിയും പൊതു സമ്മേളനവും കെ.സി. വൈ.എം ഒരുക്കിയിരിക്കുന്നു.

വചനാധിഷ്ഠിതമായ ജീവിതശൈലി സ്വായത്തമാക്കിയ ഒരു

യുവതലമുറയ്ക്ക് മാത്രമേ സഭയുടെ ശക്തിയാകാൻ കഴിയുകയുള്ളു. ഇന്നത്തെ ലോകത്തിൽ അത്തരം ഒരു ശൈലിയിൽ നിന്ന് അവരെ അകറ്റുന്ന ധാരാളം ശക്തികൾ അവരുടെ ചുറ്റും ഉണ്ട് എന്നത് ഒരു വസ്തുതയാണ്. സാഹസികത ഇഷ്ടപ്പെടുന്ന യുവജനങ്ങൾ പെട്ടെന്ന് തന്നെ അക്രമത്തിലേയ്ക്കും വിധ്വംസക പ്രവർത്തനങ്ങളിലേയ്ക്കും ആകർഷിക്കപ്പെട്ടെന്ന് വരാം. അങ്ങനെ വന്നാൽ അത് സമൂഹത്തിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ ഇന്ന് മാത്രമല്ല ഭാവിയിലും അലയടിച്ചുകൊണ്ടിരിക്കും. അതുപോലെ തന്നെ മത-വർഗ്ഗ ഭീകരതകളിലേയ്ക്കും അവർ നയിക്കപ്പെട്ടുവെന്ന് വരാം. പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഗുണ്ടാസംഘങ്ങളിൽ ഏറിയ പങ്കും യുവജനങ്ങൾ ആണ് എന്ന വസ്തുത നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. അതിനാൽ ക്രൈസ്തവ ദർശനങ്ങളും മൂല്യങ്ങളും ഉയർത്തിപിടിക്കുന്ന ഒരു യുവജന മുന്നേറ്റം ഇന്നിന്റെ ആവശ്യമാണ്. ദൈവവിശ്വാസവും സത്യവും നീതിയും സമാധാനവും ലാളിത്യവും പരസ്പര ബഹുമാനവും എല്ലാം ആ ദർശനങ്ങളിലും മൂല്യങ്ങളിലും ഉൾപ്പെടുന്നു.

കെ.സി.വൈ.എം രൂപതാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ യുവജനസംഗമത്തിന് നമ്മുടെ രൂപതയിലെ എല്ലാ യുവജനങ്ങളും പങ്കെടുക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റർമാരും സമർപ്പിതരും ഇടവകാഭാരവാഹികളും അതോടൊപ്പം മാതാപിതാക്കളും പ്രത്യേകം താൽപര്യം എടുത്ത് അവർ പങ്കെടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കെ.സി.വൈഎം യൂണിറ്റ്, മേഖലാഭാരവാഹികളും ഇതിൽ വേണ്ട ശ്രദ്ധ ചെലുത്തേണ്ടതാണ്. അങ്ങനെ നമുക്കെല്ലാവർക്കും ചേർന്ന് ഈ യുവജനസംഗമം വൻവിജയമാക്കാം. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 നവംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2009 ഡിസംബർ മാസം 13-ാം തീയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**